## പതിനാറാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

2026 ഒക്ടോബർ 27, ചൊവ്വ

### നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--343]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി | : 2173 മുതൽ 2278 വരെ |
| വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി | : 2279 മുതൽ 2347 വരെ |
| വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | : 2348 മുതൽ 2444 വരെ |
| സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി | : 2445 മുതൽ 2515 വരെ |

**<u>പൗരത്വ നിയമ ഭേദഗതി പ്രക്ഷോഭവുമായി ബന്ധപ്പെട്ട കേസുകൾ</u>**

2173 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പൗരത്വ നിയമ ഭേദഗതി പ്രക്ഷോഭവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിൽ ഇതുവരെ പിൻവലിച്ച കേസുകളുടെ എണ്ണം, അന്വേഷണ ഘട്ടത്തിലുള്ള കേസുകളുടെ എണ്ണം, കോടതിയുടെ പരിഗണനയിലുള്ള കേസുകളുടെ എണ്ണം എന്നിവയുടെ വിശദ വിവരം ലഭ്യമാക്കാമോ?

**<u>തൊഴിൽ തട്ടിപ്പുകാരെ കർശനമായി നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ രൂപീകരിക്കുവാൻ നടപടി</u>**

2174 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലേക്ക് തൊഴിലും പഠനവും വാഗ്ദാനം ചെയ്ത് തൊഴിലന്വേഷകരിൽ നിന്നും ലക്ഷങ്ങൾ വാങ്ങി തട്ടിപ്പ് നടത്തുന്ന

വ്യക്തികളും ഏജൻസികളും സംസ്ഥാനത്ത് വർധിക്കുന്നതും ഇത്തരം തട്ടിപ്പിന് ഇരയായവർ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കുമ്പോൾ സാമ്പത്തിക ക്രമക്കേടിൽ ഉടൻ നടപടികൾ സ്വീകരിക്കുവാൻ പോലീസ് വൈമുഖ്യം കാണിക്കുന്നതായുള്ള ആക്ഷേപവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത്തരം തൊഴിൽ തട്ടിപ്പുകാരെ കർശനമായി നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേസ് പിൻവലിക്കൽ

2175 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 സർക്കാരുകളുടെ കാലയളവിൽ പിൻവലിച്ച കേസുകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പിൻവലിച്ച രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം പാർട്ടി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ രാഷ്ട്രീയ സംഘർഷത്തിൽ മരണപ്പെട്ട ആരുടെയെങ്കിലും കുടുംബത്തിന് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ധനസഹായം അനുവദിച്ചവരുടെ പേരും രാഷ്ട്രീയ പാശ്ചാത്തലവും രാഷ്ട്രീയ സംഘർഷമുണ്ടായ പാർട്ടികളുടെ വിവരങ്ങളും ലഭ്യമാക്കാമോ?

## അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരിക്കടത്ത് തടയുന്നത്

2176 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് അന്യസംസ്ഥാനങ്ങളിൽനിന്ന് ചരക്ക് ലോറികൾ, ട്രെയിനുകൾ, മറ്റു പ്രത്യേകം തയ്യാറാക്കിയ വാഹനങ്ങൾ എന്നിവ മുഖേന ലഹരിവസ്തുക്കൾ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിനായി ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി ചെക്ക്പോസ്റ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകളെപ്പറ്റി വിശദമാക്കാമോ;

(ബി) അന്യസംസ്ഥാനങ്ങളിലെ പോലീസ് ഫോഴ്സുമായി ചേർന്ന് ഇത്തരം സംഘങ്ങളെ കണ്ടെത്തുന്നതിനും വിതരണ ശൃംഖല തകർക്കുന്നതിനുമുള്ള പദ്ധതികളെപ്പറ്റി വ്യക്തമാക്കാമോ?

**ആദിശേഖർ. എ. എസ്.ന്റെ മരണം**

2177 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പുളിങ്കോട് അരുണോദയത്തിൽ ആദിശേഖർ. എ. എസ്. എന്ന 15 വയസ്സുകാരൻ കൊല്ലപ്പെട്ട കേസിൽ തിരുവനന്തപുരം അഡീഷണൽ ജില്ലാ സെഷൻസ് കോടതി - IV (SC 216/2024) പ്രതിക്ക് ജീവപര്യന്തം തടവുശിക്ഷ വിധിച്ചിട്ടും ബഹു. സുപ്രീം കോടതി പ്രതിക്ക് ജാമ്യം അനുവദിച്ച സാഹചര്യത്തിൽ, കേസിന്റെ പ്രത്യേക പ്രാധാന്യം കണക്കിലെടുത്ത് വിധിക്കെതിരെ അപ്പീൽ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസിൽ ഹൈക്കോടതിയിൽ നടക്കുന്ന അപ്പീൽ വാദത്തിനായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

**സംസ്ഥാനത്തെ മയക്കുമരുന്ന് കേസുകളും കാലിക്കടവ് എം.ഡി.എം.എ. കേസിലെ ഫോറൻസിക് പരിശോധനയും**

2178 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ 2026 മെയ് 5 വരെയുള്ള കാലയളവിൽ മയക്കു മരുന്നിന്റെ ഉപയോഗം, വില്പന എന്നിവയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്നതിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) 2026 ഓഗസ്റ്റ് 9-ന് കാസർഗോഡ് കാലിക്കടവ് ഭാഗത്തുനിന്ന് 139.29 ഗ്രാം എം.ഡി.എം.എ.യുമായി പിടിയിലായ മുഹമ്മദ് ഹുസൈന്റെയും

സംഘത്തിന്റെയും മൊബൈൽ ഫോണുകൾ, ലാപ് ടോപ്പുകൾ എന്നിവ ഫോറൻസിക് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

**<u>പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന പരാതികൾ തീർപ്പാക്കുന്നത്</u>**

2179 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന പരാതികൾ, പരാതിക്കാർ അറിയാതെയും അത് തീർപ്പാക്കാതെയും ക്ലോസ് ചെയ്തതായി ബന്ധപ്പെട്ട പരാതിക്കാർക്ക് സന്ദേശങ്ങൾ ലഭിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രജിസ്റ്റർ ചെയ്യുന്ന പരാതികൾ പരാതിക്കാരനെ ബോധ്യപ്പെടുത്തി തീർപ്പാക്കുന്നതിന് പോലീസിന് കർശന നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

**<u>റിപ്പോർട്ടർ ചാനലിൽ നടത്തിയ പോലീസ് പരിശോധന</u>**

2180 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിപ്പോർട്ടർ ചാനലിൽ പോലീസ് നടത്തിയ പരിശോധന ഭാരതീയ നാഗരിക് സുരക്ഷാ സംഹിത പ്രകാരമുള്ള നിർബന്ധിത നടപടിക്രമങ്ങൾ പാലിച്ചാണോ നടത്തിയത്; വ്യക്തമാക്കാമോ;

(ബി) റിപ്പോർട്ടർ ചാനലിന്റെ ന്യൂസ് റൂമിൽ പോലീസ് നടത്തിയ പരിശോധനയ്ക്കു മുമ്പ് തിരച്ചിലിന്റെ കാരണങ്ങളും നിയമപരമായ അടിസ്ഥാനവും രേഖപ്പെടുത്തിയിരുന്നോ; പ്രസ്തുത രേഖ കേസ് ഡയറിയിൽ ഉൾപ്പെടുത്തിയിരുന്നോ; പരിശോധനാ ഉത്തരവ് നിയമാനുസൃതമായി മജിസ്ട്രേറ്റിന് കൈമാറിയിരുന്നോ; പരിശോധനയ്ക്ക് ഉത്തരവിട്ട ഉദ്യോഗസ്ഥൻ ആരായിരുന്നു; വിശദമാക്കാമോ;

(സി) പരിശോധനയിൽ രണ്ട് അല്ലെങ്കിൽ അതിലധികം സ്വതന്ത്രരും മാന്യരുമായ പ്രദേശവാസികളെ സാക്ഷികളായി ഉൾപ്പെടുത്തിയിരുന്നോ; അവർ ആരൊക്കെയായിരുന്നു; അവരുടെ പേരും വിലാസവും രേഖപ്പെടുത്തിയിരുന്നോ; സേർച്ച്/സീഷർ ലിസ്റ്റ് തയ്യാറാക്കി സാക്ഷികളെക്കൊണ്ട് ഒപ്പുവെപ്പിച്ചിരുന്നോ; പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് സ്ഥാപനത്തിന്റെ ചുമതലക്കാരന് നൽകിയിരുന്നോ; വിശദമാക്കാമോ;

(ഡി) പരിശോധനയ്ക്കിടെ പിടിച്ചെടുത്ത വസ്തുക്കളുടെയും മാധ്യമപ്രവർത്തകരുടെ മൊബൈൽ ഫോണുകളുടെയും വിശദമായ സീഷർ ലിസ്റ്റ് തയ്യാറാക്കിയിരുന്നോ; ഓരോന്നും ഏത് സ്ഥലത്തുനിന്നാണ് പിടിച്ചെടുത്തതെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) റിപ്പോർട്ടർ ചാനലിന്റെ ന്യൂസ് റൂമിൽ പോലീസ് നടത്തിയ പരിശോധനയിൽ നിയമപരമായ നടപടിക്രമങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കേരള സർവകലാശാല ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് നേരെയുള്ള ലാത്തിച്ചാർജ്ജ്</u>**

2181 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 സെപ്റ്റംബർ 30-ന് തിരുവനന്തപുരത്ത് യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ നേതൃത്വത്തിൽ കേരള സർവകലാശാലാ ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് നേരെ തീപ്പന്തം എറിഞ്ഞ് ആക്രമണം നടത്തിയ സംഭവവുമായി ബന്ധപ്പെട്ട് ഹോസ്റ്റലിലെ അന്തേവാസികളായ വിദ്യാർത്ഥികൾക്ക് നേരെ പോലീസ് നടത്തിയ ലാത്തിച്ചാർജ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ മാധ്യമങ്ങളിൽ ഈ ലാത്തിച്ചാർജ്ജുമായി ബന്ധപ്പെട്ട ദൃശ്യങ്ങൾ പ്രചരിച്ചതിനെത്തുടർന്ന് സംഭവത്തെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ സംഭവത്തിൽ കുറ്റക്കാരായ എത്ര പൊലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ പ്രമുഖ വിദ്യാർഥി സംഘടനയുടെ തിരുവനന്തപുരം ജില്ലാ സെക്രട്ടറിയെ കന്റോൺമെന്റ് പൊലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ഫോണിൽ വിളിക്കുകയും ഫോൺ സംഭാഷണത്തിൽ ആഭ്യന്തരമന്ത്രിയെ പരാമർശിക്കുകയും ചെയ്തതായി പറയപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**പോലീസ് അടിയന്തര പ്രതികരണ സംവിധാനവും കേസുകളുടെ ഡാഷ്ബോർഡ് രൂപീകരണവും**

2182 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന്റെ അടിയന്തര പ്രതികരണ സംവിധാനത്തിലൂടെ ലഭിക്കുന്ന വിവരങ്ങൾക്കും ഫോൺ കോളുകൾക്കും പോലീസ് പ്രതികരിക്കുന്ന ശരാശരി സമയം ജില്ലാടിസ്ഥാനത്തിൽ നിരീക്ഷിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ പ്രതികരണ സമയം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പ്രത്യേക സംവിധാനം നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ പോലീസിന്റെ ശരാശരി പ്രതികരണ സമയം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ പോലീസ് സ്റ്റേഷനിലും രജിസ്റ്റർ ചെയ്ത കേസുകൾ, അന്വേഷണം പൂർത്തിയാക്കിയ കേസുകൾ, കുറ്റപത്രം സമർപ്പിച്ച കേസുകൾ, വിചാരണ പൂർത്തിയായി ശിക്ഷ ലഭിച്ച കേസുകൾ എന്നിവയുടെ വിവരങ്ങൾ ജില്ല/ പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി സുതാര്യമായ ഡാഷ്ബോർഡ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കി ജനകീയ ഓഡിറ്റിന് വിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**സാങ്കേതികവിദ്യയുടെ ദുരുപയോഗം**

2183 **ശ്രീ. ജി. ആർ. അനിൽ**
**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**
**ശ്രീ. മുഹമ്മദ് മുഹസിൻ**
**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോർഫിങ് സാങ്കേതികവിദ്യ ഉപയോഗിച്ച് സഹപാഠികളുടെയും അധ്യാപികമാരുടെയും ചിത്രങ്ങളിൽ അശ്ലീലധ്വനിയുള്ള മാറ്റങ്ങൾ വരുത്തിയതിന് സംസ്ഥാനത്ത് രണ്ടു വിദ്യാർഥികൾ പിടിയിലായ സംഭവം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പുതുതലമുറയിൽ ഒരു ചെറുവിഭാഗമെങ്കിലും ഇത്തരം മനോവൈകൃതങ്ങളുടെയും ലൈംഗിക അരാജകത്വത്തിന്റെയും അടിമകളാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സാങ്കേതികവിദ്യയുടെ ഇത്തരം ദുരുപയോഗം തടയുന്നതിന് നിയമപാലനസംവിധാനങ്ങളുടെ ജാഗ്രതയും സത്വരനടപടികളും ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എറണാകുളത്തെ കോളേജിലെ വിദ്യാർഥിനികളുടെയും അധ്യാപികമാരുടെയും ചിത്രങ്ങൾ മോർഫ് ചെയ്ത് ക്ലോസ്ഡ് ഗ്രൂപ്പുകളിൽ പ്രചരിപ്പിച്ച സംഭവത്തിൽ സാമ്പത്തിക ലാഭം ലക്ഷ്യമിട്ട് സംഘമായി പ്രവർത്തിച്ചിരുന്നതായി തെളിവ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കേരള പോലീസിന്റെ നിലവിലെ സംവിധാനവും അംഗബലവും</u>**

2184 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ പോലീസ്, വിജിലൻസ്, ക്രൈംബ്രാഞ്ച് എന്നിവയ്ക്ക് പുറമേ പോലീസിലുണ്ടായിരുന്ന റിസർവ് പോലീസ് ബറ്റാലിയനുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആകെ എത്ര ബറ്റാലിയനുകളാണ് ഉള്ളതെന്ന് അറിയിക്കാമോ;

(ബി) നിലവിൽ റിസർവ് പോലീസ് ബറ്റാലിയൻ സംവിധാനമില്ലെങ്കിൽ ആയത് പുനഃസംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) റിസർവ് പോലീസ് ബറ്റാലിയൻ ജീവനക്കാർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകിവരുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് നിലവിലുള്ള ആകെ പോലീസ് ജീവനക്കാരുടെ എണ്ണം എത്രയെന്നും സേനയുടെ അംഗബലം ചുരുങ്ങിയത് ഒരു ലക്ഷമാക്കി ഉയർത്താൻ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(ഇ) ക്രിമിനൽ പശ്ചാത്തലമുള്ള പോലീസുകാരെ കണ്ടെത്തി സർവീസിൽ നിന്ന് പുറത്താക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(എഫ്) പ്രതികളെ പോലീസ് കായികമായി ഉപദ്രവിക്കുന്ന നടപടികൾ അവസാനിപ്പിക്കുമോ?

**<u>വനിതാ പൊലീസുകാരുടെ നിയമനം</u>**

2185 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പൊലീസിലെ സായുധ ബറ്റാലിയനുകളിൽ നിലവിൽ എത്ര വനിതാ പൊലീസുകാരാണ് ജോലി ചെയ്യുന്നതെന്നുള്ള ബറ്റാലിയൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കേരള പൊലീസിലെ സായുധ ബറ്റാലിയനുകളിൽ വനിതാ പൊലീസുകാരെ കൂടി ഉൾപ്പെടുത്തുന്നതിനും വനിതാ പ്രാതിനിധ്യം 33 ശതമാനമായി ഉയർത്തുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വനിതാ പൊലീസുകാർക്ക് സ്വന്തം വീടുകൾക്കടുത്തുള്ള ബറ്റാലിയനുകളിൽ നിയമനം ലഭിക്കുന്നതിനും കുടുംബങ്ങളിൽനിന്ന് അകന്നുനിൽക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**ഡൽഹി വിദ്യാർത്ഥി പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് നടത്തിയ പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട കേസുകൾ**

2186 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിൽ നടന്ന വിദ്യാർത്ഥി പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ച പ്രതിഷേധ പ്രകടനങ്ങളുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾ, വിദ്യാർത്ഥി-യുവജന പ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ, പൊതുപ്രവർത്തകർ തുടങ്ങിയവർക്കെതിരെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ജില്ല, പോലീസ് സ്റ്റേഷൻ, കേസ് നമ്പർ, ചുമത്തിയ വകുപ്പുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയവ, അന്വേഷണം നടന്നുകൊണ്ടിരിക്കുന്നവ, കുറ്റപത്രം സമർപ്പിച്ചവ, കോടതിയുടെ

പരിഗണനയിലുള്ളവ എന്നിവയുടെ എണ്ണം പ്രത്യേകം വ്യക്തമാക്കാമോ;

(ഡി) ജനാധിപത്യപരമായ പ്രതിഷേധങ്ങളിൽ പങ്കെടുത്തതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ പിൻവലിക്കുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ/ശിപാർശകൾ എത്രയാണ്; അവയിൽ എത്ര കേസുകൾ പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## വനിതാ പോലീസ് സ്റ്റേഷനുകൾ

2187 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ; പ്രസ്തുത സ്റ്റേഷനുകളിൽ ഏതൊക്കെ തസ്തികയിലായി എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന അറിയിക്കാമോ;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന അറിയിക്കാമോ?

## പോലീസ് സേനയിലെ ഒഴിവുകൾ

2188 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ നിലവിലുള്ള അംഗബലം, അനുവദിച്ചിട്ടുള്ള തസ്തികകൾ, നിലവിലുള്ള ഒഴിവുകൾ, വിവിധ സ്ഥലങ്ങളിലേക്ക് ഡെപ്യൂട്ടേഷനിൽ പോയവർ എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിൽ ക്രിമിനൽ കേസുകളിലും വിജിലൻസ് കേസുകളിലും പ്രതിയായവരും ശിക്ഷിക്കപ്പെട്ടതുമായ പോലീസ് ഉദ്യോഗസ്ഥരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## പോലീസ് ജനസൗഹൃദ പദ്ധതികൾ

2189 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പ് പുതുതായി ആരംഭിച്ച മൈ പോലീസ് സ്റ്റേഷൻ എന്ന പദ്ധതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ജനമൈത്രി പോലീസ് പദ്ധതി നിലവിൽ തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

**<u>പോലീസ് സേനയെ നവീകരിക്കാൻ നടപടി</u>**

2190 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ നവീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പോലീസ് സേനയിലെ അംഗങ്ങളുടെ കുറവ് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇന്ത്യയിലെ ഏറ്റവും മാതൃകാ പോലീസ് സേനയായി കേരളാ പോലീസിനെ മാറ്റാൻ ജന സൗഹൃദ പോലീസ് നയം നടപ്പാക്കാൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>പോലീസ് സേവനങ്ങളുടെ ഡിജിറ്റൈസേഷൻ</u>**

2191 **ശ്രീ. അപ്പു ജോൺ ജോസഫ്**
**ശ്രീ. ഷിബു തെക്കുംപുറം**
**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് നൽകിവരുന്ന സേവനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിന് ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) രേഖകൾ സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള ബുദ്ധിമുട്ടും ചെലവും കുറയ്ക്കുന്നതിനൊപ്പം സേവനങ്ങൾ വേഗത്തിൽ ജനങ്ങളിലേക്കെത്തിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന പോലീസിൽ കടലാസ് രഹിത ഡിജിറ്റൽ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പരാതി, മൊഴി, എഫ്.ഐ.ആർ., കുറ്റപത്രം എന്നിവ കടലാസ് രഹിതമാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) നിലവിലുള്ള രേഖകൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഡിജിറ്റൈസ് ചെയ്യുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

**<u>കുന്ദമംഗലം മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനവും പോലീസ് സംവിധാനം ശക്തിപ്പെടുത്തലും</u>**

2192 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മാവൂർ പോലീസ് സ്റ്റേഷന് കീഴിലുള്ള സ്ഥലം ഉപയോഗപ്പെടുത്തി പോലീസ് ഉദ്യോഗസ്ഥർക്കായി ക്വാർട്ടേഴ്സ് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉദ്യോഗസ്ഥർ നേരിടുന്ന താമസസൗകര്യവുമായി ബന്ധപ്പെട്ട ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പന്തീരങ്കാവ് പോലീസ് സ്റ്റേഷന്റെ നവീകരണാർത്ഥം പുതിയ സ്ഥലം ഏറ്റെടുക്കൽ, പുതിയ കെട്ടിടം നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ പുരോഗതി എന്തെന്ന് വ്യക്തമാക്കാമോ;

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പൂവാട്ടുപറമ്പ് കേന്ദ്രീകരിച്ച് പുതിയ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം വകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ വാഹനങ്ങളുടെ അപര്യാപ്തത ഔദ്യോഗിക പ്രവർത്തനങ്ങളെയും പട്രോളിങ്ങിനെയും ഗുരുതരമായി ബാധിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് പുതിയ വാഹനങ്ങൾ അനുവദിക്കുന്നത് ഉൾപ്പെടെയുള്ള അടിയന്തര ഇടപെടലുകൾ നടത്തുവാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**പോലീസ് സേനയിലെ ട്രാൻസ്ഫർ**

2193 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് എത്ര ഉത്തരവുകൾ പുറത്തിറങ്ങിയിട്ടുണ്ട്; പോലീസ് ജില്ല തിരിച്ച് ഉത്തരവുകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) മേൽ ഉത്തരവുകളിലായി ആകെ എത്ര പോലീസ് ഉദ്യോഗസ്ഥരെ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്; പോലീസ് ജില്ല തിരിച്ച് ട്രാൻസ്ഫർ ആയ ഉദ്യോഗസ്ഥരുടെ എണ്ണം വ്യക്തമാക്കാമോ;

(സി) ഒരേ യൂണിറ്റിൽ മൂന്നുവർഷം പൂർത്തിയാക്കാത്ത എത്ര ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടുണ്ട്; ആയതിന്റെ പോലീസ് ജില്ല തിരിച്ച് എണ്ണം അറിയിക്കാമോ; വിരമിക്കാൻ ഒരു വർഷം മാത്രം ബാക്കിയുള്ള എത്ര പോലീസ് ഉദ്യോഗസ്ഥരെ ജനറൽ ട്രാൻസ്ഫറിന്റെ ഭാഗമായി അല്ലാതെ സ്ഥലം മാറ്റിയിട്ടുണ്ട്; ആയതിന്റെ പോലീസ് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ഡി) നിലവിലെ സർക്കാർ വന്നതിന് ശേഷം ഒന്നിലധികം ട്രാൻസ്ഫർ ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വ്യക്തമാക്കാമോ; ട്രാൻസ്ഫർ ചെയ്യപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഓപ്ഷൻ വാങ്ങിയിട്ടുണ്ടോ; ഓപ്ഷൻ വാങ്ങിയ ഉദ്യോഗസ്ഥരെ ഓപ്ഷനു പുറത്ത് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ?

**പോലീസ് സേനയ്ക്ക് ബാധകമായ ട്രാൻസ്ഫർ ചട്ടങ്ങൾ**

2194 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥരുടെ ട്രാൻസ്ഫറിന് ബാധകമായ പോലീസ് ആക്ടിലെയും പോലീസ് സ്റ്റാന്റിംഗ് ഓർഡേഴ്സ്(പി.എസ്.ഒ)- ലെയും വകുപ്പുകൾ ഏതൊക്കെയാണ്; മൂന്നു വർഷത്തിൽ താഴെ ഒരു സ്റ്റേഷനിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ട്രാൻസ്ഫർ സംബന്ധിച്ച് മാർഗ നിർദ്ദേശങ്ങൾ അടങ്ങിയ ഡിപ്പാർട്ട്മെന്റ് സർക്കുലറുകൾ ഏതൊക്കെയാണ്; ആയവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) മൂന്നു വർഷത്തിൽ താഴെ ഒരേ പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വന്ന ഉദ്യോഗസ്ഥരുടെ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട പ്രസ്തുത സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് നടപടി ക്രമങ്ങളും മാനദണ്ഡങ്ങളും മാർഗ നിർദ്ദേശങ്ങളും സംബന്ധിച്ച സർക്കാർ/ഡിപ്പാർട്ട്മെന്റ് ഉത്തരവുകൾ, സർക്കുലറുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ആയവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) മേൽ സർക്കുലർ/ഉത്തരവുകൾ മേൽപ്പറഞ്ഞ ട്രാൻസ്ഫറുകളിൽ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുണ്ടോ; ഉത്തരവുകളിലെ ഏതെങ്കിലും നിർദ്ദേശം പാലിച്ചിട്ടില്ല എങ്കിൽ ഏതൊക്കെ ഉത്തരവിലെ ഏതൊക്കെ നിർദ്ദേശങ്ങൾ പാലിച്ചില്ല എന്നും ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ?

**<u>കോഴിക്കോട് ജില്ലയിൽ പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി പുതിയ കെട്ടിടങ്ങൾ</u>**

2195 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പൊലീസ് സ്റ്റേഷനുകളുടെ വിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പൊലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകൾ ഭിന്നശേഷി സൗഹൃദമാക്കിയിട്ടുണ്ടെന്നും മറ്റുള്ളവ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

**<u>പോലീസ് അതിക്രമം</u>**

2196 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**സി.പി.ഒ., ഡബ്ല്യൂ.സി.പി.ഒ. തസ്തികകളിൽ നിയമനം**

2197 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിലെ സി.പി.ഒ., ഡബ്ല്യൂ.സി.പി.ഒ. തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പോലീസ് സ്റ്റേഷനുകളിൽ പോലീസ് ഉദ്യോഗസ്ഥർക്കുള്ള വിശ്രമമുറികൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**തുണ പോർട്ടൽ**

2198 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുണ (THUNA) പോർട്ടൽ വഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന പോലീസ് സേവനങ്ങൾ ഏതൊക്കെയാണെന്നും തുണ പോർട്ടൽ മുഖേന ഇതുവരെ എത്ര പരാതികൾ ലഭ്യമായിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**വിദ്യാർഥികൾക്കെതിരായ പോലീസ് അതിക്രമങ്ങൾ**

2199 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർഥി സമരങ്ങളുമായി ബന്ധപ്പെട്ട് ചില പോലീസ് ഉദ്യോഗസ്ഥർ പക്ഷപാതപരമായ സമീപനം സ്വീകരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിദ്യാർത്ഥി സമരങ്ങളുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിലും കയറി വിദ്യാർഥികൾക്കെതിരെ അതിക്രമം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും അവരെ ക്രമസമാധാന ചുമതലകളിൽനിന്ന് മാറ്റിനിർത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മഞ്ചേശ്വരം താലൂക്കിലെ ഓപ്പറേഷൻ ഗുഫാൻ

2200 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിന്റെ പരിധിയിൽ ലഹരിമരുന്ന് വ്യാപനത്തിനെതിരെ ആഭ്യന്തര വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി നടപ്പിലാക്കിവരുന്ന ഓപ്പറേഷൻ ഗുഫാൻ മുഖേന സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത താലൂക്ക് പരിധിയിലുള്ള പൊലീസ് സ്റ്റേഷനുകളിൽ ഓപ്പറേഷൻ ഗുഫാനുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര എഫ്.ഐ.ആറുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഓരോ കേസിലും എത്ര പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ; പിടിച്ചെടുത്ത തൊണ്ടിമുതലുകളുടെ വിവരങ്ങൾ (ഇനം,അളവ്/മൂല്യം) എന്നിവ സെക്ഷൻ/സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കാമോ;

(സി) താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ ലഹരിപദാർത്ഥങ്ങളുടെ വിൽപ്പനയും ഉപയോഗവും വ്യാപകമായി തുടരുന്നത് തടയുന്നതിനായി തുടർന്നും എന്തെല്ലാം അടിയന്തര നടപടികളാണ് ആഭ്യന്തര വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മഞ്ചേശ്വരം താലൂക്കിലെ ഓപ്പറേഷൻ ഗുഫാൻ

2201 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിന്റെ പരിധിയിൽ ലഹരിമരുന്ന് വ്യാപനത്തിനെതിരെ ആഭ്യന്തര വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി നടപ്പിലാക്കിവരുന്ന ഓപ്പറേഷൻ ഗുഫാൻ വഴിയുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത താലൂക്ക് പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിൽ ഓപ്പറേഷൻ ഡി-ഹണ്ടുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര എഫ്.ഐ.ആറുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഓരോ കേസ്സിലും എത്ര പ്രതികളെ ഉൾപ്പെടുത്തിയിട്ടുണ്ട്; പിടിച്ചെടുത്ത തൊണ്ടി മുതലുകളുടെ വിവരങ്ങൾ (ഇനം, അളവ്/മൂല്യം) എന്നിവ സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കുമോ;

(സി) താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ വിൽപ്പനയും ഉപയോഗവും തടയുന്നതിനായി അടിയന്തര നടപടികൾ എന്തെല്ലാമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഓപ്പറേഷൻ ഡി-ഹണ്ടിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെക്കൂടി പങ്കാളികളാക്കിക്കൊണ്ട് എന്തെങ്കിലും കർമ്മപദ്ധതികൾ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

<u>പോലീസ് ഉദ്യോഗസ്ഥരുടെ ട്രാൻസ്ഫർ</u>

2202 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിക്കാൻ ഒരു വർഷം മാത്രം ബാക്കിയുള്ള എത്ര പോലീസ് ഉദ്യോഗസ്ഥരെ ജനറൽ ട്രാൻസ്ഫറിന്റെ ഭാഗമായി അല്ലാതെ സ്ഥലം മാറ്റിയിട്ടുണ്ട്; ആയതിന്റെ പോലീസ് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) പുതിയ സർക്കാർ വന്നതിന് ശേഷം ഒന്നിലധികം ട്രാൻസ്ഫർ ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വ്യക്തമാക്കാമോ; ട്രാൻസ്ഫർ ചെയ്യപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഓപ്ഷൻ വാങ്ങിയിട്ടുണ്ടോ; ഓപ്ഷൻ വാങ്ങിയ ഉദ്യോഗസ്ഥരെ ഓപ്ഷന് പുറത്ത് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഒരു സ്റ്റേഷനിൽ മൂന്ന് വർഷത്തിൽ താഴെ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ട്രാൻസ്ഫർ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ഡിപ്പാർട്ട്മെന്റ് സർക്കുലറുകൾ ഏതൊക്കെയാണ്; ആയവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് നടപടി ക്രമങ്ങളും മാനദണ്ഡങ്ങളും മാർഗ നിർദ്ദേശങ്ങളും സംബന്ധിച്ച സർക്കാർ/ഡിപ്പാർട്ട്മെന്റ്

ഉത്തരവുകൾ, സർക്കുലറുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ആയവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) മേൽ സർക്കുലർ/ഉത്തരവുകൾ മേൽപ്പറഞ്ഞ ട്രാൻസ്ഫറുകളിൽ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുണ്ടോ; ഉത്തരവുകളിലെ ഏതെങ്കിലും നിർദ്ദേശം പാലിച്ചിട്ടില്ല എങ്കിൽ ഏതൊക്കെ ഉത്തരവിലെ ഏതൊക്കെ നിർദ്ദേശങ്ങൾ പാലിച്ചില്ല എന്നും ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ?

**<u>വിദ്യാർത്ഥി പ്രതിഷേധങ്ങൾക്കിടയിലെ പോലീസ് നടപടികളും രജിസ്റ്റർ ചെയ്ത കേസുകളും</u>**

2203 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമീപകാലത്ത് വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും പ്രതിഷേധിച്ച വിദ്യാർത്ഥികൾക്കെതിരെ പോലീസ് ബലപ്രയോഗം, ലാത്തിച്ചാർജ്, കസ്റ്റഡിയിലെടുക്കൽ തുടങ്ങിയ സംഭവങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സംഭവങ്ങളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത സംഭവങ്ങൾ നടന്ന സ്ഥലങ്ങൾ, ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകൾ, രജിസ്റ്റർ ചെയ്ത കേസുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിദ്യാർത്ഥികൾക്കെതിരെ അനാവശ്യമായോ നിയമവിരുദ്ധമായോ ബലപ്രയോഗം നടത്തിയതായി പരാതികൾ ലഭിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം, സസ്പെൻഷൻ, മറ്റ് അച്ചടക്ക നടപടികൾ എന്നിവ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ കേസിലെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യമില്ലാതെ വിദ്യാർത്ഥിനികളെ പുരുഷ പോലീസ് ഉദ്യോഗസ്ഥർ കൈകാര്യം ചെയ്തതായോ മർദ്ദിച്ചതായോ ഉള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം സംഭവങ്ങളിൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കാമോ;

(ഡി) പോലീസ് ബലപ്രയോഗത്തിനിടെ പരിക്കേറ്റ വിദ്യാർത്ഥികൾക്ക് അടിയന്തരമായി മെഡിക്കൽ പരിശോധനയും ചികിത്സയും

ലഭ്യമാക്കുന്നതിന് പോലീസ് വകുപ്പിന് പ്രത്യേക നിർദ്ദേശങ്ങളോ പ്രോട്ടോക്കോളുകളോ നിലവിലുണ്ടോ; പ്രസ്തുത സംഭവങ്ങളിൽ അത് പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) പ്രതിഷേധങ്ങൾ നിയന്ത്രിക്കുന്നതിനിടെയുണ്ടായ പോലീസ് നടപടികളിൽ ഗുരുതരമായി പരിക്കേറ്റ വിദ്യാർത്ഥികൾ, ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട വിദ്യാർത്ഥികൾ, സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തിച്ച വിദ്യാർത്ഥികൾ എന്നിവരുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(എഫ്) 2026 ജൂൺ ഒന്ന് മുതൽ സർക്കാരിനെതിരെ സമരങ്ങളിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ ഭാവി നശിപ്പിക്കുന്ന രീതിയിൽ ജാമ്യമില്ലാ വകുപ്പുകളും ഗുരുതരമായ വകുപ്പുകളും ചുമത്തി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രസ്തുത കേസുകളുടെ പോലീസ് സ്റ്റേഷൻ തിരിച്ചുള്ള വിശദാംശങ്ങളും എഫ്.ഐ.ആർ. ന്റെ പകർപ്പും ചുമത്തിയിരിക്കുന്ന വകുപ്പുകളും എത്ര പേരെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന വിശദാംശവും ലഭ്യമാക്കാമോ?

**<u>യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെയുള്ള നടപടി</u>**

2204 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളേജിനുള്ളിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർ അതിക്രമം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ; എത്ര പേർ ആണ് ഈ കേസിൽ പ്രതികളായി ഉള്ളത്; ഇതിൽ എത്ര പേരെ പോലീസ് അറസ്റ്റ് ചെയ്തു; വിശദമാക്കാമോ;

(ബി) 2026 സെപ്റ്റംബർ 30 ന് കേരള സർവകലാശാല ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് നേരെ യൂത്ത് കോൺഗ്രസുകാർ തീപ്പന്തം എറിഞ്ഞ് ആക്രമം നടത്തുകയും തുടർന്ന് പോലീസ് ഉദ്യോഗസ്ഥരെ ആക്രമിക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സംഭവത്തിൽ എത്ര യൂത്ത് കോൺഗ്രസ് പ്രവർത്തകർക്ക് എതിരെ പോലീസ് കേസ് എടുത്തുവെന്ന് വ്യക്തമാക്കാമോ;

(സി) പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച സംഭവത്തിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ ആരൊക്കെയാണ് പ്രതികൾ; ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത്; എത്ര പേരെ അറസ്റ്റ് ചെയ്തു; ഇവർക്കെതിരെ പൊതുമുതൽ നശിപ്പിക്കൽ നിയമപ്രകാരം കേസ് എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട് സബ് ഇൻസ്പെക്ടർക്കെതിരെ വകുപ്പുതല അന്വേഷണത്തിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## സഹ്യോഗ് പോർട്ടൽ ഉപയോഗിക്കുന്നത്

2205 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ സഹ്യോഗ് പോർട്ടൽ കേരള പൊലീസും സംസ്ഥാന സർക്കാരിന്റെ മറ്റ് ഏജൻസികളും ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്ര ആഭ്യന്തര മന്ത്രാലയവും ഐ.ടി. ഇലക്ട്രോണിക്സ് മന്ത്രാലയവും ചേർന്ന് രൂപം നൽകിയിട്ടുള്ള സഹ്യോഗ് പോർട്ടൽ ഉപയോഗിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതിന് കേരള പോലീസിന്റെ ഏതെല്ലാം വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പോർട്ടൽ മുഖേന ഏതൊക്കെ തരത്തിലുള്ള പരാതികളിലാണ് സമൂഹമാധ്യമങ്ങളിലെ കണ്ടെന്റുകൾക്ക് എതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഫേസ്ബുക്, ഇൻസ്റ്റഗ്രാം ഉൾപ്പെടെയുള്ള സാമൂഹ്യമാധ്യമങ്ങളിൽ നിന്നും മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ ചിത്രങ്ങൾ അടങ്ങിയ ന്യൂസ് കാർഡുകളോ ഫോട്ടോകളോ വീഡിയോകളോ നീക്കംചെയ്യുന്നതിന് പ്രസ്തുത പോർട്ടൽ വഴി കേരള പോലീസ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഫേസ്ബുക്, ഇൻസ്റ്റഗ്രാം ഉൾപ്പെടെയുള്ള സാമൂഹ്യമാധ്യമങ്ങളിൽ നിന്നും കണ്ടെന്റുകൾ നീക്കംചെയ്യുന്നതിന് കേരള പോലീസ് എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ടെന്നും എത്ര പരാതികളിലാണ് നടപടികൾ സ്വീകരിച്ചതെന്നും നീക്കം ചെയ്ത പോസ്റ്റുകളുടെ സ്വഭാവം എന്താണെന്നും വിശദമാക്കാമോ?

## പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം

2206 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് എത്ര ഉത്തരവുകൾ പുറത്തിറക്കിയിട്ടുണ്ട്; പോലീസ് ജില്ല തിരിച്ച് ഉത്തരവുകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) മേൽ ഉത്തരവുകളിലായി ആകെ എത്ര പോലീസ് ഉദ്യോഗസ്ഥരെ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്; പോലീസ് ജില്ല തിരിച്ച് ട്രാൻസ്ഫർ ആയ ഉദ്യോഗസ്ഥരുടെ എണ്ണം വ്യക്തമാക്കാമോ;

(സി) ഒരേ യൂണിറ്റിൽ മൂന്നുവർഷം പൂർത്തിയാക്കാത്ത എത്ര ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടുണ്ട്; ആയതിന്റെ പോലീസ് ജില്ല തിരിച്ച് എണ്ണം ലഭ്യമാക്കാമോ;

(ഡി) ഒരേ പോലീസ് സ്റ്റേഷനിൽ മൂന്നു വർഷത്തിൽ താഴെ ജോലി ചെയ്തുവരുന്ന ഉദ്യോഗസ്ഥരുടെ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കുലർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## സേനകളിലെ വനിതാപ്രാതിനിധ്യം

2207 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ശരാശരി അനുസരിച്ച് സേനകളിലെ വനിതാപ്രാതിനിധ്യം പതിനഞ്ച് ശതമാനമാണെന്നിരിക്കെ കേരളത്തിലത് എട്ട് ശതമാനം മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അറുപതിനായിരത്തിനടുത്തുള്ള സേനാംഗങ്ങളിൽ സ്ത്രീകളുടെ എണ്ണം അയ്യായിരം മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ;

(സി) പോലീസ് സ്റ്റേഷനുകളിൽ സ്ത്രീകൾക്കായി പ്രത്യേക ശൗചാലയങ്ങളും വിശ്രമ മുറികളും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>പാറശ്ശാല നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്</u>**

2208 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി) യൂണിറ്റുകൾ ആരംഭിക്കുന്നതിനായി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകൾ ലഭിച്ച വിദ്യാലയങ്ങളുടെ പേരും തദ്ദേശസ്ഥാപനാടിസ്ഥാനത്തിലുള്ള വിശദാംശവും ലഭ്യമാക്കുമോ;

(ബി) ലഭിച്ച അപേക്ഷകളിൽ എത്ര വിദ്യാലയങ്ങൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; അനുമതി ലഭിച്ച വിദ്യാലയങ്ങളുടെ പേരുവിവരങ്ങളും യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ നിലവിലെ പ്രവർത്തനസ്ഥിതിയും വ്യക്തമാക്കുമോ;

(സി) നാളിതുവരെ അനുമതി ലഭിക്കാത്ത അപേക്ഷകൾ എത്രയാണെന്നും അവയ്ക്ക് അനുമതി നൽകാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ പാലിക്കുന്നതും അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമായ എല്ലാ അർഹമായ വിദ്യാലയങ്ങളിലും യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിനായി പരിഗണിക്കുന്ന സമയക്രമം വ്യക്തമാക്കുമോ?

**<u>കൂടുതൽ സ്കൂളുകളിൽ എസ്.പി.സി. അനുവദിക്കുന്നതിന് നടപടി</u>**

2209 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ സ്കൂളുകളിൽ എസ്.പി.സി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**യു.ഡി.എഫ് പ്രവർത്തകർക്കെതിരെ രാഷ്ട്രീയ പ്രേരിതമായി എടുത്തിട്ടുള്ള കേസുകൾ**

2210 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് 1 മുതൽ 2026 മാർച്ച് 31 വരെ കേരളത്തിൽ യു.ഡി.എഫ് പ്രവർത്തകർക്കെതിരെ രാഷ്ട്രീയ പ്രേരിതമായി കേസുകൾ എടുത്തിട്ടുണ്ടോ; എങ്കിൽ എടുത്തിട്ടുള്ള കേസുകളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസുകൾ പിൻവലിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) രാഷ്ട്രീയ വിരോധം കൊണ്ടുമാത്രം കേസുകൾ എടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത കേസുകൾ എടുത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ**

2211 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2024, 2025 വർഷങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ രജിസ്റ്റർ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ ജില്ല തിരിച്ചും വിഭാഗം തിരിച്ചും രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം—ബലാത്സംഗം, ഗാർഹിക പീഡനം, സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമം, സ്ത്രീധനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ, കാണാതായ സ്ത്രീകളെ സംബന്ധിച്ച കേസുകൾ, സ്ത്രീകൾക്കെതിരെയുള്ള മറ്റ് കുറ്റകൃത്യങ്ങൾ എന്നിങ്ങനെ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കേസുകളിൽ 2024, 2025 വർഷങ്ങളിൽ ജില്ല തിരിച്ചും കുറ്റകൃത്യങ്ങളുടെ വിഭാഗം തിരിച്ചും കുറ്റപത്രം സമർപ്പിച്ചവയുടെയും അന്വേഷണം പൂർത്തിയാക്കിയവയുടെയും എണ്ണം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കേസുകളിൽ ശിക്ഷ ലഭിച്ച കേസുകളുടെ എണ്ണം ജില്ല തിരിച്ചും കുറ്റകൃത്യങ്ങളുടെ വിഭാഗം തിരിച്ചും വ്യക്തമാക്കാമോ;

(ഇ) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും ഇത്തരം കേസുകളിൽ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി കുറ്റവാളികൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**പാലക്കാട് ജില്ലയിലെ പോക്സോ കേസ് വർദ്ധന**

2212 **ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ പോക്സോ കേസുകളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തുന്നതിനായി എ.ഐ.ജി. യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചിരുന്നോ; പോലീസ് ഉദ്യോഗസ്ഥരെ കൂടാതെ മറ്റാരൊക്കെയാണ് അംഗങ്ങളെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം വിഷയങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് പ്രസ്തുത സംഘത്തോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**ലയണൽ മെസ്സി അടങ്ങുന്ന അർജന്റീനിയൻ ടീമിന്റെ കേരള പര്യടനം**

2213 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലയണൽ മെസ്സി അടങ്ങുന്ന അർജന്റീനിയൻ ടീമിനെ കേരളത്തിൽ കൊണ്ടു വരാനെന്ന പേരിൽ നടന്നിട്ടുള്ള സംഭവങ്ങളിൽ ആരംഭിച്ചിട്ടുള്ള എസ്.ഐ.ടി. അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും പ്രത്യേക ഏജൻസിയെ അന്വേഷണം ഏൽപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണയിലുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ;

(സി) ഈ വിഷയത്തിൽ അഴിമതി നിരോധന നിയമപ്രകാരം കേസെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെ

അന്വേഷണ പരിധിയിൽ വരുമെന്നും ആർക്കൊക്കെയെതിരെ കേസെടുക്കേണ്ടി വരുമെന്നും വ്യക്തമാക്കുമോ?

**ഓപ്പറേഷൻ ഗുഫാൻ – ദ നാർക്കോട്ടിക് ഹണ്ട്**

2214 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഗുഫാൻ-ദ നാർക്കോട്ടിക് ഹണ്ട് എന്ന സമാനതകളില്ലാത്ത ലഹരി വിരുദ്ധ പോരാട്ടത്തിന്റെ ഒന്നാം ഘട്ടത്തിൽ പ്രധാനമായും കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിവരിക്കാമോ;

(ബി) ഓപ്പറേഷൻ ഗുഫാൻ രണ്ടാം ഘട്ടത്തിലേക്ക് പ്രവേശിക്കുമ്പോൾ പ്രധാനമായും എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇനി നടത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

**അഗളി പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്കെതിരായ നടപടി**

2215 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി അഗളി പോലീസ് സ്റ്റേഷനിലെ മുൻ ഡി.വൈ.എസ്.പി. മുരളീധരൻ, മുൻ എസ്.എച്ച്.ഒ. സലീം എന്നിവർക്കെതിരെ ഡി.ജി.പി.ക്ക് ലഭിച്ച പരാതിയിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഡി.ജി.പി.ക്ക് ലഭിച്ച പരാതിയിന്മേൽ പാലക്കാട് എസ്.പി, മലപ്പുറം എസ്.പി, തൃശ്ശൂർ ഡി.ഐ.ജി, തൃശ്ശൂർ സി.ആർ.പി.എഫ് കമാൻഡന്റ് എന്നിവർ സമർപ്പിച്ച റിപ്പോർട്ടും അനുബന്ധ രേഖകളും ലഭ്യമാക്കാമോ;

(സി) പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ആഭ്യന്തരവകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും അതിന്റെ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

**മട്ടന്നൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ**

2216 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നഗരത്തിൽ വർദ്ധിച്ചുവരുന്ന ഗതാഗത തിരക്ക് കണക്കിലെടുത്ത്, മട്ടന്നൂരിൽ പുതിയ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത്

പരിഗണിക്കാമോ;

(ബി) മട്ടന്നൂർ നഗരത്തിലെ ഗതാഗത തിരക്ക് നിയന്ത്രിക്കുന്നതിനായി മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ കൂടുതൽ പോലീസുകാരെയും ഹോംഗാർഡുകളെയും നിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

**ഈരാറ്റുപേട്ട ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ്**

2217 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട കേന്ദ്രമായി പുതുതായി അനുവദിച്ച ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റിന്റെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി വകുപ്പ് ഡിപിആർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയത് അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത യൂണിറ്റ് എന്നത്തേയ്ക്ക് പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കാമോ?

**ഓൺലൈൻ സാമ്പത്തിക തട്ടിപ്പ്**

2218 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് നടന്നയുടൻ ബാങ്ക് അക്കൗണ്ടുകളിലെ തുക മരവിപ്പിക്കുന്നതിനും നഷ്ടപ്പെട്ട തുക വീണ്ടെടുക്കുന്നതിനുമായി നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**ഓൺലൈൻ/ഐ.ടി. തട്ടിപ്പുകൾ**

2219 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഓൺലൈൻ/ഐ.ടി. തട്ടിപ്പുകൾ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വർഷം, ജില്ല എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ വഴി കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് നഷ്ടപ്പെട്ട തുക എത്രയാണ്; ഇതിൽ എത്ര തുക തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

(സി) യുപിഐ, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് എന്നിവ ഉപയോഗിച്ചുള്ള തട്ടിപ്പുകൾ എത്ര വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## സഹ്യോഗ് പോർട്ടൽ

2220 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹ്യോഗ് പോർട്ടൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര ആഭ്യന്തര മന്ത്രാലയവും ഐ.ടി. ഇലക്ട്രോണിക്സ് മന്ത്രാലയവും ചേർന്ന് രൂപം നൽകിയിട്ടുള്ള സഹ്യോഗ് പോർട്ടൽ ഉപയോഗിക്കുന്നതിന് സംസ്ഥാന സർക്കാരിന് കീഴിലുള്ള ഏതെല്ലാം വകുപ്പുകൾക്കും ഏജൻസികൾക്കുമാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാരിന് കീഴിലുള്ള ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് പ്രസ്തുത പോർട്ടൽ മുഖേന സമൂഹമാധ്യമങ്ങളിലെ ഉള്ളടക്കങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള സർക്കാർ അധികാരമേറ്റതിനുശേഷം ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം ഉൾപ്പെടെയുള്ള സമൂഹമാധ്യമങ്ങളിൽനിന്ന് മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ ചിത്രങ്ങൾ ഉൾപ്പെട്ട ന്യൂസ് കാർഡുകൾ, ഫോട്ടോകൾ, വീഡിയോകൾ എന്നിവ നീക്കംചെയ്യുന്നതിനായി പ്രസ്തുത പോർട്ടൽ മുഖേന സംസ്ഥാന സർക്കാരിന് കീഴിലുള്ള വകുപ്പുകളും ഏജൻസികളും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## സൈബർ കുറ്റകൃത്യങ്ങളും പ്രതിരോധ നടപടികളും

2221 **ശ്രീ. എം. റഹമത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങളും സാമ്പത്തിക തട്ടിപ്പുകളും വർധിച്ചുവരുന്ന സാഹചര്യത്തിൽ, ഇവ ഫലപ്രദമായി അന്വേഷിക്കുന്നതിനായി സൈബർ പൊലീസ് സംവിധാനവും സാങ്കേതികസൗകര്യങ്ങളും ശക്തിപ്പെടുത്താൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) വ്യാജ സമൂഹമാധ്യമ അക്കൗണ്ടുകൾ വഴി വ്യക്തികളെ അപകീർത്തിപ്പെടുത്തൽ, ഭീഷണിപ്പെടുത്തൽ, വ്യക്തിവിവരങ്ങൾ ചോർത്തൽ, ദുരുപയോഗംചെയ്യൽ തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും നിലവിൽ എന്തെല്ലാം നിരീക്ഷണ-നിയമനടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(സി) ഓൺലൈൻ സാമ്പത്തിക തട്ടിപ്പിലൂടെ പണം നഷ്ടപ്പെടുന്നവർക്ക് തുക അടിയന്തരമായി തിരികെ ലഭ്യമാക്കുന്നതിനായി 1930 ഹെൽപ്പ് ലൈൻ, ദേശീയ സൈബർ ക്രൈം റിപ്പോർട്ടിങ് പോർട്ടൽ എന്നിവ വഴി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നും ഇതിലൂടെ ഇതുവരെ എത്ര തുക തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## <u>സൈബർ സുരക്ഷ</u>

2222 **ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ സുരക്ഷയ്ക്കായി വകുപ്പ് ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കാമോ;

(ബി) കേരള പോലീസിന്റെ സൈബർ ഡോമിന്റെ പ്രവർത്തനം വ്യക്തമാക്കാമോ;

(സി) സൈബർ സുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ക്വാണ്ടം കമ്പ്യൂട്ടിങ്, റോബോട്ടിക്സ് മേഖലകളിൽ പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താൻ ഈ രംഗത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

**സൈബർ തട്ടിപ്പുകളും ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങളും**

2223 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ തട്ടിപ്പുകളും ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങളും വർധിച്ചുവരുന്ന നിലവിലെ സാമൂഹിക സാഹചര്യത്തിൽ അവ തടയുന്നതിനും നഷ്ടപ്പെട്ട പണം പരാതിക്കാർക്ക് തിരിച്ച് നൽകുന്നതിനും കേരള പോലീസിന്റെ സൈബർ വിഭാഗത്തിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സൈബർ പോലീസിന്റെ പ്രവർത്തന മികവ് വർധിപ്പിക്കുന്നതിനായി ഭാവിയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**സൈ-ഹണ്ട് പദ്ധതി**

2224 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ സൈ-ഹണ്ട് പദ്ധതിയുടെ ഭാഗമായി സൈബർ തട്ടിപ്പ് സംഘങ്ങൾ ഉപയോഗിക്കുന്ന മ്യൂൾ ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തുന്നതിനും അത്തരം അക്കൗണ്ടുകൾ നിർജീവമാക്കുന്നതിനും പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് സൈബർ തട്ടിപ്പുകൾക്കായി ഉപയോഗിക്കുന്ന മ്യൂൾ ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തുന്നതിനായി ബാങ്കുകൾ, സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം, മറ്റ് ബന്ധപ്പെട്ട ഏജൻസികൾ എന്നിവയുമായി ഏകോപിത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കണ്ടെത്തിയ മ്യൂൾ ബാങ്ക് അക്കൗണ്ടുകളുടെ എണ്ണം, മരവിപ്പിച്ച അക്കൗണ്ടുകളുടെ എണ്ണം,

തടഞ്ഞുവെച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; വ്യക്തമാക്കാമോ;

(ഡി) മ്യൂൾ ബാങ്ക് അക്കൗണ്ടുകൾ വഴി പണം കൈമാറുന്ന സൈബർ തട്ടിപ്പ് സംഘങ്ങളിലെ മുഖ്യപ്രതികളെ കണ്ടെത്തുന്നതിനും അവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും പ്രത്യേക അന്വേഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) പൊതുജനങ്ങളെ മ്യൂൾ ബാങ്ക് അക്കൗണ്ടുകളുടെ ദുരുപയോഗത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും പണം ലഭിക്കുന്നതിനായി സ്വന്തം ബാങ്ക് അക്കൗണ്ടുകൾ മറ്റുള്ളവർക്ക് കൈമാറുന്ന പ്രവണത തടയുന്നതിനും സൈ-ഹണ്ട് പദ്ധതിയുടെ ഭാഗമായി പ്രചാരണപരിപാടികൾ നടപ്പാക്കുമോ; വ്യക്തമാക്കാമോ?

**മൈ പോലീസ് സ്റ്റേഷൻ പദ്ധതി**

2225 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊലീസ് സ്റ്റേഷനുകളെ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന മൈ പൊലീസ് സ്റ്റേഷൻ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ പൊലീസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ പദ്ധതിയുടെ ഭാഗമായി പൊലീസ് സ്റ്റേഷനുകളിൽ എത്തുന്ന സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, പട്ടികജാതി–പട്ടികവർഗ വിഭാഗങ്ങൾ എന്നിവർക്ക് മാന്യവും വിവേചനരഹിതവുമായ പരിഗണന ഉറപ്പാക്കാൻ പ്രത്യേക മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പൊലീസ് കസ്റ്റഡിയിലെ മർദനം, കസ്റ്റഡി മരണം, നിയമവിരുദ്ധ കസ്റ്റഡി, മോശം പെരുമാറ്റം തുടങ്ങിയവ തടയുന്നതിന് പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

**കൊടുവള്ളി പോലീസ് സ്റ്റേഷന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി**

2226 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി പോലീസ് സ്റ്റേഷനിലെ സ്ഥലപരിമിതി പരിഹരിച്ച് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി സ്റ്റേഷൻ കെട്ടിടത്തിന്റെ രണ്ടാം നില വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ രണ്ടാം നില വിപുലീകരിക്കുന്നതിനായി കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിക്ക് ആവശ്യമായ അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കൊടുവള്ളി പോലീസ് സ്റ്റേഷനിൽ നിലവിലുള്ള ഒരു ഔദ്യോഗിക വാഹനം ഉപയോഗിച്ച് ക്രമസമാധാനപാലനവും ദൈനംദിന പട്രോളിംഗും നിർവഹിക്കുന്ന സാഹചര്യത്തിൽ വാഹനത്തിന്റെ ഉപയോഗക്ഷമതയും സ്റ്റേഷന്റെ അധിക വാഹന ആവശ്യകതയും പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കെട്ടിടവിപുലീകരണ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനും നിലവിലുള്ള വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ ഉറപ്പാക്കുന്നതിനും ആവശ്യകതയ്ക്കനുസരിച്ച് ഒരു അധിക ഔദ്യോഗിക വാഹനം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>പോലീസ് സ്റ്റേഷനുകളിലേക്ക് ആധുനിക വാഹനങ്ങൾ വാങ്ങുന്നത്</u>**

2227 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ ഔദ്യോഗിക വാഹനങ്ങളുടെ ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) അത്യാഹിതങ്ങൾ നടക്കുമ്പോഴും ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴും സമയബന്ധിതമായി സ്ഥലത്തെത്തുന്നതിനും പട്രോളിംഗിനും വാഹനങ്ങളുടെ കുറവ് തടസ്സമാകുന്നത് പരിഹരിക്കാൻ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) കാലാവധി പൂർത്തിയായതും ഉപയോഗശൂന്യവുമായ എത്ര വാഹനങ്ങളാണ് നിലവിൽ പോലീസ് സ്റ്റേഷനുകളിലുള്ളത്; ഇവ മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതിയ ആധുനിക വാഹനങ്ങൾ വാങ്ങാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>**പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിട നിർമ്മാണം**</u>

2228 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും അവയിൽ പലതും വളരെ ശോചനീയമായ അവസ്ഥയിലും ആവശ്യത്തിനുള്ള സ്ഥലസൗകര്യം ഇല്ലാതെയും ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി എല്ലാ പോലീസ് സ്റ്റേഷനുകൾക്കും സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പോലീസ് സേനയുടെ ആധുനികവൽകരണത്തിനായുള്ള കേന്ദ്രസർക്കാരിന്റെ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് വർഷക്കാലം ലഭിച്ച തുകയും അവയുടെ ചെലവ് വിവരങ്ങളും വാർഷിക അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും അവിടെ മറ്റു സൗകര്യങ്ങൾ ഒരുക്കുന്നതിനും സാമ്പത്തിക സഹായം ലഭ്യമാണോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) വളരെ ശോചനീയമായ അവസ്ഥയിലുള്ള വാടകകെട്ടിട്ടത്തിൽ പ്രവർത്തിക്കുന്ന കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ ശ്രീകാര്യം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**ആളൂർ പോലീസ് സ്റ്റേഷൻ കെട്ടിടനിർമാണം**

2229 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ആളൂർ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ ഗ്രാമപഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിൽ എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ നിർമ്മാണം ആധുനിക രീതിയിൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**കുട്ടനാട് പുളിങ്കുന്ന് പോലീസ് സ്റ്റേഷനിലെ സൗകര്യങ്ങൾ**

2230 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പുളിങ്കുന്ന് പോലീസ് സ്റ്റേഷനിൽ വിശ്രമമുറി ഇല്ലാത്തത് വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് ഒരു നില കൂടി നിർമിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**മാരായമുട്ടം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

2231 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരായമുട്ടം പോലീസ് സ്റ്റേഷൻ നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥലത്തിന്റെ വിശദാംശങ്ങളും ഇതുമായി ബന്ധപ്പെട്ട തുടർനടപടികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഷന് പുതിയ കെട്ടിടം നിർമിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടില്ലെങ്കിൽ അനുയോജ്യമായ സ്ഥലം വിലയ്ക്ക് വാങ്ങി ആഭ്യന്തര വകുപ്പിന്റെ പേരിൽ ഏറ്റെടുക്കുന്നതിനും പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) മാരായമുട്ടത്ത് പ്രവർത്തനരഹിതമായി കിടക്കുന്ന ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള ഭൂമി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമിക്കുന്നതിനായി ഏറ്റെടുക്കുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ടോ; പ്രസ്തുത ഭൂമിയുടെ വിസ്തീർണം, ഉടമസ്ഥാവകാശം, നിലവിലെ നിയമപരമായ സ്ഥിതി, ഭൂമിയുടെ മേലുള്ള ബാധ്യതകൾ എന്നിവയുടെ വിശദാംശം ലഭ്യമാണോ;

(ഡി) പ്രസ്തുത സൊസൈറ്റിയുടെ ബാധ്യതകൾ തീർപ്പാക്കി ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറുന്നതിനും പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരവും ഭരണപരവുമായ നടപടികൾ എന്തെല്ലാമാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; സൊസൈറ്റിയുടെ ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സങ്ങളില്ലെങ്കിൽ ആവശ്യമായ നടപടികൾ ഏകോപിപ്പിച്ച് ഭൂമി ആഭ്യന്തര വകുപ്പിന് ലഭ്യമാക്കുന്നതിനും പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

## <u>ഗുരുവായൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം</u>

2232 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ പോലീസ് സ്റ്റേഷനു വേണ്ടി സ്ഥലം ലഭ്യമായിട്ടുണ്ടോ; സ്ഥലം ലഭ്യമാക്കാൻ സ്വീകരിച്ച സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഗുരുവായൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ പോലീസ് സ്റ്റേഷന് വേണ്ടി ആരെങ്കിലും ഇരുപത് സെന്റ് സ്ഥലം സൗജന്യമായി നല്കാമെന്ന് അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷന് വേണ്ടി സൗജന്യമായി ലഭിച്ച സ്ഥലം ഏറ്റെടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

**<u>പോലീസ് ഇൻക്വസ്റ്റ് നടപടികളിലെ കാലതാമസം</u>**

2233 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസ്വാഭാവിക മരണങ്ങൾ, ആത്മഹത്യകൾ,മറ്റ് സാഹചര്യങ്ങളിൽ മരണപ്പെട്ടതിനുശേഷം ആശുപത്രികളിലെത്തിച്ച് മരണം സ്ഥിരീകരിക്കൽ തുടങ്ങിയ സാഹചര്യങ്ങളിൽ പോലീസ് ഇൻക്വസ്റ്റ് നടപടികൾ വൈകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസുകളിൽ ബന്ധുക്കൾ നേരിട്ട് പോലീസ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകണമെന്ന വ്യവസ്ഥ, മരണംമൂലം ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന നടപടിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സാഹചര്യങ്ങളിൽ പോലീസ് നേരിട്ട് വീടുകളിലെത്തി മൊഴി രേഖപ്പെടുത്തുന്ന രീതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ജനമൈത്രി ബീറ്റ് സംവിധാനം</u>**

2234 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനമൈത്രി ബീറ്റ് സംവിധാനം കൂടുതൽ കാര്യക്ഷമവും സജീവവുമാക്കി പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ജനമൈത്രി ബീറ്റ് സംവിധാനം വഴി പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്നതിനും അവരുടെ പരാതികളും പ്രാദേശിക സുരക്ഷാ പ്രശ്നങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ജനമൈത്രി ബീറ്റ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തുന്നതിനും അവരുടെ സേവനം കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ പരിശീലനവും മേൽനോട്ട സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ജനമൈത്രി ബീറ്റ് സംവിധാനം മുഖേന സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷൻ പരിധികളിലും ജനമൈത്രി ബീറ്റ് സംവിധാനം സജീവമാക്കുന്നതിനും പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ കുറ്റകൃത്യങ്ങൾ തടയുന്നതിനും പരാതിപരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിനും സമയബന്ധിതമായ പദ്ധതി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മൂഴിയാർ പോലീസ് സ്റ്റേഷൻ നിർമ്മാണം</u>**

2235 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ മൂഴിയാർ പോലീസ് സ്റ്റേഷന്റെ നിർമാണ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>പോലീസ് സ്റ്റേഷന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പരിശോധന</u>**

2236 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ വികസിത് ഭാരത് പദ്ധതി പ്രകാരം പോലീസ് സ്റ്റേഷന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പരിശോധനയും ചുമതലയും ഉയർന്ന ഐ.പി.എസ്. ഉദ്യോഗസ്ഥരിലേക്ക് മാറ്റി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇത്തരം നടപടികൾ പ്രാദേശിക ആവശ്യങ്ങൾക്കും ഘടകങ്ങൾക്കും മുൻഗണന നൽകി പരിഗണിക്കപ്പെടേണ്ട പോലീസ് സ്റ്റേഷനുകളുടെ അധികാരത്തിലേക്കുള്ള കടന്നുകയറ്റമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>കരമന പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം</u>**

2237 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന പോലീസ് സ്റ്റേഷൻ നിലവിൽ പരിമിതമായ സൗകര്യങ്ങളുള്ള വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരമന പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയ രണ്ടുകോടി രൂപയിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച 40 ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച വിശദാംശവും പോലീസ് സ്റ്റേഷന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>മൈനാഗപ്പള്ളിയിൽ പുതിയ പോലീസ് സ്റ്റേഷൻ</u>**

2238 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി പ്രദേശം നിലവിൽ ഏത് പോലീസ് സ്റ്റേഷന്റെ പരിധിയിലാണ് ഉൾപ്പെടുന്നതെന്നും പ്രസ്തുത പോലീസ് സ്റ്റേഷനിൽനിന്ന് മൈനാഗപ്പള്ളിയിലേക്കുള്ള ദൂരക്കൂടുതലും

ക്രമസമാധാന പരിപാലനത്തിലുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) കരുനാഗപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന മൈനാഗപ്പള്ളിയിൽ ജനങ്ങളുടെ സുരക്ഷയും ക്രമസമാധാന പാലനവും ഉറപ്പുവരുത്തുന്നതിനായി പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>മൺറോതുരുത്തിൽ പോലീസ് എയ്ഡ് പോസ്റ്റ്</u>

2239 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പ്രശസ്തമായ ടൂറിസം കേന്ദ്രവും ഉൾനാടൻ ദ്വീപുകളിലൊന്നുമായ മൺറോതുരുത്തിൽ വർദ്ധിച്ചുവരുന്ന ടൂറിസ്റ്റുകളുടെയും പൊതുജനങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുമോ; വ്യകതമാക്കാമോ;

(ബി) മൺറോതുരുത്തിലെ ടൂറിസം മേഖലയുടെ സുരക്ഷ മുൻനിർത്തി പുതിയ പോലീസ് എയ്ഡ് പോസ്റ്റ് അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിനായുള്ള പ്രാരംഭ നടപടികൾ എപ്പോഴേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>മാധ്യമപ്രവർത്തകൻ കെ. എം. ബഷീറിന്റെ മരണവുമായി ബന്ധപ്പെട്ട കേസ്</u>

2240 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമപ്രവർത്തകൻ കെ. എം. ബഷീറിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ 2019 മുതൽ 2026 വരെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ മുൻ സർക്കാർ നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചിട്ടില്ലെങ്കിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**വൈറ്റിലയിൽ പുതിയ പോലീസ് സ്റ്റേഷൻ**

2241 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ പ്രധാന കേന്ദ്രമായ വൈറ്റിലയിലും പരിസരപ്രദേശങ്ങളിലും വർധിച്ചുവരുന്ന ജനവാസം, വാഹനത്തിരക്ക്, കുറ്റകൃത്യങ്ങൾ, ക്രമസമാധാന പ്രശ്നങ്ങൾ എന്നിവ കണക്കിലെടുത്ത് വൈറ്റില കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

**ആവിക്കൽതോട് മാലിന്യസംസ്കരണ പ്ലാന്റിനെതിരായ പ്രതിഷേധവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ**

2242 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ആവിക്കൽതോട് മാലിന്യസംസ്കരണ പ്ലാന്റിനെതിരായി പ്രദേശവാസികൾ നടത്തിയ പ്രതിഷേധങ്ങളുടെ ഭാഗമായി പ്രതിഷേധക്കാർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കേസുകളിൽ പ്രതിചേർക്കപ്പെട്ടവരുടെ എണ്ണം എത്രയാണെന്നും കേസുകളുടെ നിലവിലെ അന്വേഷണനിലയും തുടർനടപടികളും എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രതിഷേധവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ പിൻവലിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോയെന്ന് വിശദമാക്കാമോ?

**വാളകത്തെ പോലീസ് എയ്ഡ്പോസ്റ്റിന്റെ അടിസ്ഥാന സൗകര്യ വികസനം**

2243 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വാളകത്ത് ഉമ്മന്നൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) വാളകം പോലീസ് എയ്ഡ് പോസ്റ്റിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2026-27-ലെ വാർഷിക ബജറ്റിൽ എത്ര തുക

വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത തുക വിനിയോഗിക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ?

**കുണ്ടംകുഴി പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണവും അടിസ്ഥാന സൗകര്യങ്ങളും**

2244 **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിലെ കുണ്ടംകുഴിയിൽ നിർമ്മിച്ചിട്ടുള്ള പോലീസ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം പൂർത്തിയായത് എപ്പോഴാണെന്നും നിർമാണച്ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പോലീസ് ക്വാർട്ടേഴ്സിൽ എത്ര കുടുംബങ്ങൾക്ക് താമസിക്കാനുള്ള സൗകര്യമാണുള്ളത്; നിലവിൽ എത്ര കുടുംബങ്ങൾ അവിടെ താമസിച്ചുവരുന്നു; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പോലീസ് ക്വാർട്ടേഴ്സിലെ മുറികൾ ഒഴിഞ്ഞുകിടക്കുന്നതിന്റെ കാരണം എന്തെല്ലാമാണ്; അടിസ്ഥാനസൗകര്യങ്ങളുടെ എന്തൊക്കെ കുറവുകളാണ് അവിടെയുള്ളതെന്നും അവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

**നർക്കോട്ടിക് സംവിധാനം ക്രമപ്പെടുത്താൻ നടപടി**

2245 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. പി. അഷ്റഫലി**
**ശ്രീ. സി. കെ. കാസിം**
**ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി കേസുകൾ അന്വേഷിക്കുന്ന നിലവിലെ നർക്കോട്ടിക് സംവിധാനം പര്യാപ്തമല്ലെന്ന് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) നിലവിലെ സംവിധാനം ശക്തിപ്പെടുത്താൻ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ലഹരി കേസുകളിൽ അന്വേഷണം നടത്തി ഉറവിടം കണ്ടെത്താൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ലഹരി വിമുക്ത കൗൺസിലിംഗ് ലഭ്യത**

2246 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ**

**ശ്രീ. പി. കെ. നവാസ്**

**ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഓപ്പറേഷൻ ഡ്രഗാൻ ഉൾപ്പെടെയുള്ള ലഹരി വിരുദ്ധ റെയ്ഡുകളിലൂടെ പിടിക്കപ്പെടുന്നവരിലും ലഹരിക്ക് അടിമപ്പെട്ടവരിലും പുതിയ തലമുറയുടെ അതിപ്രസരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലഹരിക്ക് അടിപ്പെട്ടവരെ സമൂഹത്തിലേക്ക് ഉത്തമ പൗരന്മാരായി തിരികെ കൊണ്ടുവരുന്നതിനായി നിലവിൽ സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ (De-addiction) കൗൺസിലിംഗ് കേന്ദ്രങ്ങളുടെ എണ്ണം പര്യാപ്തമാണോ എന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഡി-അഡിക്ഷൻ കൗൺസിലിംഗ് കേന്ദ്രങ്ങൾക്ക് പുറമേ ഓരോ മണ്ഡലം അടിസ്ഥാനത്തിലോ ബ്ലോക്ക് അടിസ്ഥാനത്തിലോ ഡി-അഡിക്ഷൻ സെന്ററുകൾ തുടങ്ങാനുള്ള കാര്യം പരിഗണനയിലുണ്ടോ;

(ഡി) അത്യാധുനിക സൗകര്യങ്ങളോട് കൂടിയ സൗജന്യ പുനരധിവാസ കേന്ദ്രങ്ങൾ ഇത്തരത്തിൽ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**<u>സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ</u>**

2247 **ശ്രീ. സജി ചെറിയാൻ**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമസഭാ, ലോകസഭ തെരഞ്ഞെടുപ്പ് വേളകളിൽ പോളിംഗ് ബൂത്തുകളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ഒരു പ്രത്യേക കമ്പനിക്ക് ലഭിക്കുന്ന തരത്തിൽ ടെണ്ടർ ഡോക്യുമെന്റുകൾ തയ്യാറാക്കുന്നുവെന്നും അതിലൂടെ സർക്കാരിന് ഭീമമായ നഷ്ടം ഉണ്ടാകുന്നു എന്നുമുള്ള പരാതി ആഭ്യന്തര, വിജിലൻസ് വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് 2026-ലെ നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പ് ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ പരാതിയെ തുടർന്ന് ടെണ്ടർ വ്യവസ്ഥകളിൽ മാറ്റം വരുത്തിയിരുന്നോ; എങ്കിൽ അതുവഴി എത്ര തുക കുറയ്ക്കാൻ കഴിഞ്ഞുവെന്നുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് വേളയിൽ ഇതിനായി ചെലവഴിക്കപ്പെട്ട തുക, 2024-ലെ ലോകസഭ തെരഞ്ഞെടുപ്പിലേതിനെക്കാൾ കുറവായിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ഡി) മേൽ പരാതിയിന്മേലുള്ള പരിശോധനയിൽ എന്ത് കണ്ടെത്തലാണുണ്ടായതെന്ന് വ്യക്തമാക്കാമോ; ഒരു പ്രത്യേക കമ്പനിക്ക് നേട്ടം ഉണ്ടാക്കാനായി അധിക വിലയ്ക്ക് ക്യാമറ വാങ്ങാൻ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>**ശുഭാൻ പദ്ധതിയുടെ നിലവിലെ പ്രവർത്തനങ്ങൾ**</u>

2248 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ ശുഭാൻ പദ്ധതിയുടെ നിലവിലെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) നാല് മാസക്കാലമായി നടപ്പിലാക്കിവരുന്ന പ്രസ്തുത പദ്ധതി കൊണ്ട് പൊതു സമൂഹത്തിന് എന്തെങ്കിലും നേട്ടങ്ങൾ ഉണ്ടായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>**പോളിംഗ് ബൂത്തുകളിലെ സർവൈലൻസ് ക്യാമറകൾ**</u>

2249 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ പോളിങ് ബൂത്തുകളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികളിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതിയിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അന്വേഷണ റിപ്പോർട്ട് പ്രകാരം 2024-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ക്യാമറകൾ സ്ഥാപിക്കുന്നതിന് എത്ര രൂപ ചെലവായിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് പ്രകാരം 2026-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ പോളിങ് ബൂത്തുകളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിന് എത്ര രൂപ ചെലവായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഇതുസംബന്ധിച്ച ചെലവുകളിലെ അന്തരം സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

**<u>കൊച്ചി നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ പുതിയ വാഹനങ്ങൾ അനുവദിക്കലും ഫോർട്ട് കൊച്ചി – മട്ടാഞ്ചേരി പൈതൃക കേന്ദ്രങ്ങൾക്ക് എസ്.ഐ.എസ്.എഫ്. സുരക്ഷ ഏർപ്പെടുത്തലും</u>**

2250 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ ഉപയോഗിക്കുന്ന ഭൂരിഭാഗം പോലീസ് വാഹനങ്ങളും വളരെ പഴക്കം ചെന്നതും അടിക്കടി കേടുപാടുകൾ സംഭവിക്കുന്നതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവർത്തനക്ഷമമായ വാഹനങ്ങളുടെ കുറവ് മൂലം ക്രമസമാധാനപാലനത്തിനും പട്രോളിംഗിനും തടസ്സം നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും സുഗമമായ പട്രോളിംഗിനുമായി കൂടുതൽ പുതിയ പോലീസ് വാഹനങ്ങൾ അടിയന്തരമായി അനുവദിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) കൊച്ചി നിയോജകമണ്ഡലത്തിലെ ജൂത സിനഗോഗുകൾ (മട്ടാഞ്ചേരി പരദേശി സിനഗോഗ്, കടവുംഭാഗം, തെക്കുംഭാഗം സിനഗോഗുകൾ), ഡച്ച് പാലസ്, സെന്റ് ഫ്രാൻസിസ് ചർച്ച്, സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക തുടങ്ങിയ പൈതൃക കേന്ദ്രങ്ങൾക്ക് നേരെ സാമൂഹ്യവിരുദ്ധരുടെ ആക്രമണ ഭീഷണികൾ നിലനിൽക്കുന്നതും അടുത്തിടെ ഉണ്ടായ തീവെപ്പ് ആക്രമണശ്രമവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ചരിത്രസ്മാരകങ്ങളുടെയും സന്ദർശകരുടെയും സമഗ്ര സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രത്യേക സുരക്ഷാ സേനയായ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിനെ (SISF) മുഴുവൻ സമയ

കാവലിനായി വിന്യസിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

## വിജിലൻസ് നടപടി

2251 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ബുധനൂർ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയറായിരുന്ന മാർട്ടിൻ ആന്റണി 2014-ൽ കോട്ടയം നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ, കോട്ടയം വിജിലൻസ് യൂണിറ്റിലെ ഡിവൈ.എസ്.പി. എസ്. സുരേഷ് കുമാറും വിജിലൻസ് ഗ്രേഡ് എ.എസ്.ഐ. പി.ജി. സുധാകരനും ചേർന്ന് ബലപ്രയോഗത്തിലൂടെ ടിയാന്റെ കൈകളിൽ ഫിനോൾഫ്ത്തലീൻ പൊടി പുരട്ടി കൃത്രിമ തെളിവ് സൃഷ്ടിച്ച് അഴിമതിക്കേസ് രജിസ്റ്റർ ചെയ്തുവെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസിൽ ബഹു. കോട്ടയം വിജിലൻസ് കോടതി ടിയാനെ ശിക്ഷിച്ചതിനെത്തുടർന്ന് ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച കുറ്റക്കാർ ആയ വിജിലൻസ് ഉദ്യോഗസ്ഥർക്ക് എതിരെ നടപടി ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരളം മുഖ്യമന്ത്രിക്ക് സി.എം.ഒ പോർട്ടൽ വഴി ജി 2260800089 നമ്പർ പരാതി സമർപ്പിച്ചിട്ടുള്ളതും ബഹു. ആഭ്യന്തര മന്ത്രിക്ക് പരാതി സമർപ്പിക്കുകയും, വിജിലൻസ് ഡയറക്ടറോട് ആഭ്യന്തര മന്ത്രി അന്വേഷണ റിപ്പോർട്ട് തേടിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളും, അന്വേഷണം ഏത് ഘട്ടത്തിൽ ആണെന്നും വ്യക്തമാക്കാമോ;

(സി) സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്ക് എതിരെ നടപടി സ്വീകരിക്കുമോ?

## മേയർ കെയർ പദ്ധതി

2252 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ മേയർ കെയർ പദ്ധതിക്കെതിരെ അഴിമതി ആരോപണം ഉന്നയിച്ചുകൊണ്ട് വിജിലൻസിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൻമേൽ വിജിലൻസ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സർക്കാർ അനുമതിയില്ലാതെ ഫണ്ട് സമാഹരിക്കുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ടോ; മേയർ കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് മേയറുടെ നടപടിയിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നഗരസഭാ ഭരണസമിതിക്ക് നേതൃത്വം നൽകുന്ന കക്ഷിക്കെതിരെ അനധികൃത ഫണ്ട് സമാഹരണം, പദവി ദുരുപയോഗം എന്നിവയുമായി ബന്ധപ്പെട്ട് ആരോപണങ്ങൾ ഉയർന്നിട്ടുണ്ടോ; എങ്കിൽ അത് വിജിലൻസ് അന്വേഷണത്തിന് വിധേയമാക്കുമോ; വ്യക്തമാക്കാമോ?

## <u>നേമത്ത് ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷൻ സ്ഥാപിക്കുന്നത്</u>

2253 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമത്തും സമീപപ്രദേശങ്ങളിലും ഉണ്ടാകുന്ന തീപിടുത്തവും മറ്റ് അത്യാഹിതങ്ങളും നേരിടുന്നതിന് ഒരു ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആവശ്യം നടപ്പിലാക്കാൻ വേണ്ട നടപടികൾ പരിശോധിക്കുമോ;

(സി) പ്രസ്തുത ആവശ്യത്തിൽ നിലവിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വിശദമാക്കുമോ?

## <u>മുക്കം ഫയർ സ്റ്റേഷന്റെ ആധുനികവത്കരണം</u>

2254 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര കുടിയേറ്റ മേഖലയിലെ മുക്കം ഫയർ സ്റ്റേഷനിൽ ആധുനിക ഉപകരണങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

## <u>ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ</u>

2255 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചാരുമൂട് കേന്ദ്രമാക്കി ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നത് പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ സ്ഥാപിക്കണം എന്നാവശ്യപ്പെട്ട് മാവേലിക്കര എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിച്ചിട്ടില്ലാത്ത താലൂക്കുകൾ ഉണ്ടോയെന്നും അവ ഏതൊക്കെയെന്നും അറിയിക്കുമോ?

<u>ഫയർഫോഴ്സിന് അത്യാധുനിക ഉപകരണങ്ങൾ</u>

2256 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചിയിലെ ചരിത്രപ്രസിദ്ധമായ കോടർ ഹൗസിൽ അടുത്തിടെയുണ്ടായ വൻ തീപിടുത്തത്തിൽ രക്ഷാപ്രവർത്തനത്തിനെത്തിയ ഫയർഫോഴ്സ് സംഘത്തിന് ഉയർന്ന നിലകളിലേക്ക് ആവശ്യത്തിന് വെള്ളം പമ്പ് ചെയ്യുന്നതിനും തീയണയ്ക്കുന്നതിനുമുള്ള അത്യാധുനിക ഉപകരണങ്ങളുടെ അഭാവം മൂലം പ്രതിസന്ധി നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി തുടങ്ങിയ മേഖലകളിൽ ഉയർന്ന നിലകളോടുകൂടിയ നിരവധി ചരിത്രസ്മാരകങ്ങളും പുരാതന കെട്ടിടങ്ങളും ഇടതൂർന്ന പൈതൃക വീഥികളും നിലനിൽക്കുന്ന സാഹചര്യത്തിൽ, ഇത്തരം അടിയന്തര ഘട്ടങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ പ്രാദേശിക അഗ്നിശമന സേനാ യൂണിറ്റുകൾക്ക് നിലവിൽ മതിയായ ഉപകരണങ്ങളും ഭൗതികസൗകര്യങ്ങളും ലഭ്യമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഭാവിയിൽ ഇത്തരം പൈതൃക നിർമിതികൾക്കുണ്ടാകുന്ന തീപിടുത്തങ്ങളും വൻ ദുരന്തങ്ങളും ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി, ഇടുങ്ങിയ റോഡുകളിലും പ്രവർത്തിപ്പിക്കാൻ കഴിയുന്നതും ഉയർന്ന നിലകളിലേക്ക്

ശക്തിയോടെ വെള്ളം പമ്പ് ചെയ്യാൻ ശേഷിയുള്ളതുമായ ആധുനിക യന്ത്രസാമഗ്രികളും (ഹൈഡ്രോളിക് പ്ലാറ്റ്ഫോം/സ്കൈലിഫ്റ്റ്, പ്രഷർ പമ്പുകൾ മുതലായവ) പശ്ചിമ കൊച്ചിയിലെ ഫയർ സ്റ്റേഷനുകൾക്ക് അനുവദിക്കുന്നതിനായി പ്രൊപ്പോസലുകൾ നിലവിലുണ്ടോ; ഇത് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**തിരൂരങ്ങാടി ഫയർ സ്റ്റേഷൻ നിർമ്മാണം**</u>

2257 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദിഷ്ട തിരൂരങ്ങാടി ഫയർ സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) ചെമ്മാട് ടൗൺ, കോഴിച്ചെന ആർ.ആർ.ആർ.എഫ്. ക്യാമ്പ് എന്നിവിടങ്ങളിലെ ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലോ, കോഴിച്ചെന കണ്ടംചിറ പറമ്പിലെ പി.ഡബ്ല്യു.ഡി. ഭൂമിയിലോ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) തിരൂരങ്ങാടി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് ഉള്ളതെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

<u>**കൊഴിഞ്ഞാമ്പാറ - നാട്ടുകൽ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണവും തസ്തിക സൃഷ്ടിക്കലും**</u>

2258 **ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ കൊഴിഞ്ഞാമ്പാറ-നാട്ടുകൽ കേന്ദ്രമായി പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 2011-16 കാലയളവിലെ സർക്കാർ ആരംഭിച്ച പ്രാരംഭ നടപടികൾക്ക് ശേഷം കഴിഞ്ഞ പത്തുവർഷകാലയളവിലെ സർക്കാരുകൾ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം അഗ്നിശമന സേനയുടെ പേരിൽ കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥലം കൈമാറിയത് ആരാണെന്നും സ്ഥലത്തിന്റെ വിസ്തീർണ്ണം

എത്രയാണെന്നും സൗജന്യമായാണോ സ്ഥലം കൈമാറിയതെന്നും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകളിലേക്ക് മറ്റ് സ്റ്റേഷനുകളിൽനിന്ന് ഉദ്യോഗസ്ഥരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നത് നിലവിലുള്ള സ്റ്റേഷനുകളുടെ പ്രവർത്തനത്തെയും ജീവനക്കാരെയും പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പുതിയതായി അനുവദിച്ച/അനുവദിക്കുന്ന സ്റ്റേഷനുകളിലെ പ്രതിസന്ധി ഒഴിവാക്കുന്നതിനായി താൽക്കാലിക ക്രമീകരണങ്ങൾക്ക് പകരം അടിയന്തരമായി പുതിയ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഗുരുവായൂർ ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ അപകടാവസ്ഥ</u>

2259 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്ന നിലവിലെ കെട്ടിടം അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന് വേണ്ടി ഗുരുവായൂർ ദേവസ്വം നിർമ്മിച്ച കെട്ടിടത്തിലേക്ക് ഫയർ സ്റ്റേഷൻ മാറാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; പുതിയ കെട്ടിടത്തിലേയ്ക്ക് എന്നത്തേയ്ക്ക് മാറാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) ഗുരുവായൂർ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്ന നിലവിലെ കെട്ടിടത്തിന്റെ അപകടാവസ്ഥ സംബന്ധിച്ചും പണി പൂർത്തീകരിച്ച പുതിയ കെട്ടിടത്തിലേക്ക് അടിയന്തരമായി മാറുന്നതിനും ഗുരുവായൂർ എം.എൽ.എ. നല്കിയ കത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>തലശ്ശേരി ഫയർ സ്റ്റേഷൻ നിർമ്മാണം</u>

2260 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ തലശ്ശേരി ഫയർ സ്റ്റേഷന് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്നത് പരിഗണനയിൽ ഉണ്ടോ;

ഉണ്ടെങ്കിൽ ആയതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മാന്നാർ ടൗണിൽ ഫയർ സ്റ്റേഷൻ</u>**

2261 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്നിബാധ, മറ്റ് അപകടങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ ഫയർ എൻജിനുകൾ തൽക്ഷണം സ്ഥലത്ത് എത്താൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ മാന്നാർ ടൗണിലെ ജനവാസവും വ്യവസായ/കച്ചവട മേഖലയിലെ അപകട സാധ്യതയും കണക്കിലെടുത്ത് അവിടെ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**<u>നെല്ലിയാമ്പതിയിൽ പുതിയ ഫയർ സ്റ്റേഷൻ</u>**

2262 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിൽ അപകടങ്ങളോ പ്രകൃതിദുരന്തങ്ങളോ ഉണ്ടായാൽ രക്ഷാപ്രവർത്തനത്തിന് നിലവിൽ ഏതെല്ലാം ഫയർ സ്റ്റേഷനുകളെയാണ് ആശ്രയിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷനുകളിൽനിന്ന് നെല്ലിയാമ്പതിയിലേക്കുള്ള ദൂരവും അവിടെ എത്തിച്ചേരാൻ എടുക്കുന്ന സമയവും എത്രയെന്ന് വ്യക്തമാക്കാമോ;

(സി) നെല്ലിയാമ്പതിയിലെ ദുർഘടമായ ഭൂപ്രകൃതിയും ഫയർ സ്റ്റേഷനിൽ നിന്നുള്ള ദൂരക്കൂടുതലും അടിയന്തര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനം വൈകുന്നതിന് കാരണമാകാറുണ്ടോ;

(ഡി) മേൽപ്പറഞ്ഞ പ്രകാരം രക്ഷാപ്രവർത്തനം വൈകുന്നത് ഒഴിവാക്കാൻ നെല്ലിയാമ്പതിയിൽ പുതിയ ഫയർ സ്റ്റേഷൻ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ഉപ്പള അഗ്നിരക്ഷാ നിലയത്തിന്റെ കെട്ടിട നിർമ്മാണം</u>**

2263 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പള അഗ്നിരക്ഷാ നിലയത്തിൽ നിലവിലുള്ള കെട്ടിട സൗകര്യങ്ങൾ അപര്യാപ്തമായതിനാൽ പൂർണ്ണതോതിലുള്ള കെട്ടിട സൗകര്യം സജ്ജമാകാത്ത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിലയത്തിന്റെ രണ്ടാം ഘട്ട കെട്ടിട നിർമ്മാണത്തിനായി നൽകിയ പ്രൊപ്പോസലിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രൊപ്പോസൽ അടിയന്തരമായി പരിഗണിച്ച് ഭരണാനുമതിയും ഫണ്ടും അനുവദിക്കാൻ തയ്യാറാകുമോ?

**<u>തേഞ്ഞിപ്പലം ഫയർ സ്റ്റേഷൻ</u>**

2264 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026-27 ബജറ്റിൽ പ്രഖ്യാപിച്ച തേഞ്ഞിപ്പാലം ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>ജയിലുകളിൽ വെൽഫെയർ ഓഫീസർ തസ്തിക</u>**

2265 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ജയിലുകളിൽ വെൽഫെയർ ഓഫീസർ തസ്തികകളിൽ ജീവനക്കാരുടെ അഭാവം നേരിടുന്നുണ്ടോ; വിശദമാക്കുമോ

(ബി) പതിനേഴ് സ്പെഷ്യൽ സബ് ജയിലുകളിലും തൃക്കാക്കര ബോർസ്റ്റൽ സ്കൂളിലും പൂജപ്പുര വനിതാ ഓപ്പൺ ജയിലിലും വെൽഫെയർ ഓഫീസർ തസ്തികകളുടെ അനുവദിക്കപ്പെട്ട എണ്ണവും നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും അറിയിക്കുമോ;

(സി) ജയിലുകളിൽ പുതിയ വെൽഫെയർ ഓഫീസർ തസ്തികകൾ സൃഷ്ടിക്കാൻ നിർദ്ദേശിക്കുന്ന ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ഡി) ആയിരത്തിലധികം തടവുകാരുള്ള തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നീ മൂന്ന് തിരക്കേറിയ സെൻട്രൽ ജയിലുകളിൽ ഓരോന്നിലും രണ്ട്

വെൽഫെയർ ഓഫീസർമാർ മാത്രമേയുള്ളൂ എന്നതിനാൽ, നിലവിലുള്ള ഒഴിവുകൾ നികത്തുന്നതും അധിക തസ്തികകൾ സൃഷ്ടിക്കുന്നതും ഉൾപ്പെടെ എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) തസ്തികകൾ പിൻവലിച്ച സ്പെഷ്യൽ സബ് ജയിലുകളിലേക്ക് വെൽഫെയർ ഓഫീസർ തസ്തികകൾ പുനഃസ്ഥാപിക്കുമോ; വ്യക്തമാക്കാമോ?

**കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ജയിലുകൾ നിർമിക്കുന്ന പദ്ധതി**

2266 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ജയിലുകൾ നിർമ്മിയ്ക്കുന്നതിനോ നവീകരിക്കുന്നതിനോ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളാണ് കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

**സെൻട്രൽ പൊലീസ് കാന്റീൻ സംവിധാനത്തിൽ ജയിൽ വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തുന്നത്**

2267 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ പൊലീസ് കാന്റീൻ സംവിധാനത്തിൽനിന്ന് ഒഴിവാക്കപ്പെട്ട ജയിൽ വകുപ്പ് ഉദ്യോഗസ്ഥരെ പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ അനുമതിക്കായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് കത്തയച്ചതെന്ന് വ്യക്തമാക്കാമോ; അതിന്റെ പകർപ്പും ഇതുസംബന്ധിച്ച വിശദവിവരങ്ങളും ലഭ്യമാക്കാമോ?

**ജയിൽ മ്യൂസിയം**

2268 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ജയിൽ മ്യൂസിയം പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പുതുതായി ജയിൽ മ്യൂസിയം നിർമ്മിക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) മ്യൂസിയത്തിൽ എന്തൊക്കെ ഉൾക്കൊള്ളിക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>ജയിൽ വകുപ്പിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം</u>**

2269 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ നിലവിലുള്ള വീഡിയോ കോൺഫറൻസിങ് സംവിധാനത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നവീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) തടവുകാരെ കോടതികളിൽ ഹാജരാക്കുന്നതിനും വിചാരണനടപടികൾ വേഗത്തിലാക്കുന്നതിനും പോർട്ടബിൾ വീഡിയോ കോൺഫറൻസിങ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) നിലവിലുള്ള വീഡിയോ കോൺഫറൻസിങ് സംവിധാനത്തിലെ സാങ്കേതിക പരിമിതികൾ പരിഹരിച്ച് തടസ്സമില്ലാത്തതും സുരക്ഷിതവുമായ ആശയവിനിമയം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ജയിലുകളിലും ആവശ്യമായ സാങ്കേതികസൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കി വീഡിയോ കോൺഫറൻസിങ് സംവിധാനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി തടവുകാരുടെ കോടതി ഹാജർ നടപടികൾ കൂടുതൽ സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ജയിലുകളിലെ അത്യാധുനിക സുരക്ഷാ-പരിശോധനാ സംവിധാനങ്ങൾ**

2270 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഓപ്പറേഷൻ തൂഫാൻ' ഉൾപ്പെടെയുള്ള കർശന പരിശോധനകളിലൂടെയും മറ്റ് കേസുകളിലും അറസ്റ്റിലാകുന്ന പ്രതികൾ, ശരീരത്തിന്റെ സ്വകാര്യ ഭാഗങ്ങളിൽ ഒളിപ്പിച്ച് ജയിലുകൾക്കുള്ളിലേക്ക് മയക്കുമരുന്ന് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജയിലുകൾക്കുള്ളിലേക്ക് ലഹരിവസ്തുക്കളും മറ്റ് നിരോധിത സാധനങ്ങളും കടത്തുന്നത് തടയുന്നതിനായി നിലവിൽ ജയിലുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ-പരിശോധനാ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ശരീരത്തിനുള്ളിൽ ഒളിപ്പിച്ചുകടത്തുന്ന ലഹരിവസ്തുക്കൾ കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ സെൻട്രൽ, ജില്ലാ ജയിലുകളിൽ ഫുൾ ബോഡി സ്കാനറുകൾ ഉൾപ്പെടെയുള്ള അത്യാധുനിക സാങ്കേതിക പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ എന്തെങ്കിലും അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലർക്ക് ജയിലിൽ ഒരുക്കിയ സത്യപ്രതിജ്ഞാ ചടങ്ങ്**

2271 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലർക്ക് ജയിലിൽ സത്യപ്രതിജ്ഞാ ചടങ്ങ് ഒരുക്കിയ നടപടി സർക്കാരിന്റെ ആലോചനയോടെയാണോ; വിശദമാക്കാമോ;

**പൂജപ്പുര സെൻട്രൽ ജയിലിലെ ഡി.ജെ. പാർട്ടി**

2272 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര സെൻട്രൽ ജയിൽ വളപ്പിൽ ഓണാഘോഷത്തിനിടെ ഡി.ജെ. പാർട്ടി നടന്ന അവസരത്തിൽ ജയിൽ ഉദ്യോഗസ്ഥർ തമ്മിൽ സംഘർഷമുണ്ടായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംഭവത്തിന്റെയും സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ നൽകുമോ;

(ബി) മേൽപ്പറഞ്ഞ സംഭവം ജയിൽ വകുപ്പിലെ അച്ചടക്കലംഘനമായി വിലയിരുത്തുന്നുണ്ടോ; ഇതുസംബന്ധിച്ച് ആഭ്യന്തര വകുപ്പിനോ ജയിൽ മേധാവിക്കോ പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംഭവത്തിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരെ തിരിച്ചറിഞ്ഞിട്ടുണ്ടോ; അവർക്കെതിരെ വകുപ്പുതല അന്വേഷണമോ അച്ചടക്ക നടപടികളോ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സംഘർഷത്തിൽ എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർ ചികിത്സ തേടിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; സംഭവവുമായി ബന്ധപ്പെട്ട് പോലീസിന് പരാതി ലഭിച്ചിട്ടുണ്ടോ; എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ചകിരിയുടെ ലഭ്യതക്കുറവ്</u>

2273 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ പിരിക്കുന്നതിന് ആവശ്യമായ ചകിരിയുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഘങ്ങൾക്ക് ആവശ്യമായ ചകിരി, കയർഫെഡ് വിതരണം ചെയ്യുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) കയർ മേഖലയിൽ തൊഴിലാളികളുടെ വേതനം കുറവായതിനാൽ പ്രസ്തുത മേഖലയിൽ തൊഴിലാളികളുടെ വരവ് കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>കയർ മേഖലയുടെ പുനരുദ്ധാരണം</u>**

2274 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കയർ മേഖലയുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>കയർ മേഖലയെ ശക്തിപ്പെടുത്തൽ</u>**

2275 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ ഈ സർക്കാർ അധികാരമേറ്റതിന് ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പന വർധിപ്പിക്കുന്നതിനായി വിപണികളിൽ വിലക്കിഴിവ് നൽകുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം കയർ തൊഴിലാളികൾക്ക് നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമാണ്?

**<u>കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണിടിച്ചിലും ഉരുൾപൊട്ടലും തടയുന്നതിന് പദ്ധതി</u>**

2276 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഭൂവസ്ത്രം ഉപയോഗിച്ച് പരിസ്ഥിതിലോല മേഖലയിലെ മണ്ണിടിച്ചിലുള്ള പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് ശാസ്ത്രീയമായി പരിശോധിച്ച് ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>കയർ വ്യവസായം സംരക്ഷിക്കുന്നതിന് പദ്ധതികൾ</u>**

2277 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായം സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കയർ വ്യവസായം സംരക്ഷിക്കുന്നതിന് 2021-26 കാലയളവിൽ സംസ്ഥാന സർക്കാർ നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>ബേപ്പൂരിലെ കയർ ഫാക്ടറികളുടെ ആധുനികവത്കരണം</u>**

2278 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികളുടെ കൂലി പരിഷ്കരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) കയർ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും അസംസ്കൃത വസ്തുവിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ബേപ്പൂരിൽ കയർ ഫാക്ടറികളുടെ ആധുനികവത്കരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

**<u>പാറശാല നിയോജകമണ്ഡലത്തിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാൻ നടപടി</u>**

2279 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമാണെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ കേന്ദ്രങ്ങളുടെ പേരും കോഡും സഹിതമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പാറശാല നിയോജകമണ്ഡലത്തിൽ മുൻപ് പ്രവർത്തിച്ചിരുന്നതും നിലവിൽ പ്രവർത്തിക്കാത്തതുമായ അക്ഷയ കേന്ദ്രങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അത്തരം കേന്ദ്രങ്ങളുടെ എണ്ണം, പേര്, കോഡ്, സ്ഥിതിചെയ്യുന്ന പഞ്ചായത്ത്, പ്രവർത്തനം നിലച്ച തീയതി, അതിനുള്ള കാരണങ്ങൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ഡി) പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ, അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള തീരുമാനങ്ങൾ, അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) പാറശാല നിയോജകമണ്ഡലത്തിൽ 2024 ജനുവരി 1 മുതൽ 2026 ഒക്ടോബർ 14 വരെ ഏതെങ്കിലും അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനാനുമതി റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം കേന്ദ്രങ്ങളുടെ എണ്ണം, പേര്, കോഡ്, സ്ഥിതിചെയ്യുന്ന പഞ്ചായത്ത്, അനുമതി റദ്ദാക്കിയ തീയതി, റദ്ദാക്കലിന് ആധാരമായ കാരണങ്ങൾ, ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ നമ്പറും തീയതിയും എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(എഫ്) 2024-2026 കാലയളവിൽ പ്രവർത്തനാനുമതി റദ്ദാക്കിയതോ മറ്റ് കാരണങ്ങളാൽ ഒഴിവായതോ ആയ അക്ഷയ കേന്ദ്രങ്ങളുടെ സ്ഥാനത്ത് പുതിയ സംരംഭകരെ തിരഞ്ഞെടുക്കുന്നതിനും കേന്ദ്രങ്ങൾ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്രം തിരിച്ചുള്ള വിശദാംശം, പുതിയ സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള വിജ്ഞാപനങ്ങൾ, അപേക്ഷകളുടെ നില, തിരഞ്ഞെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി, കേന്ദ്രങ്ങൾ വീണ്ടും പ്രവർത്തനമാരംഭിക്കുന്നതിനുള്ള സമയക്രമം എന്നിവ ലഭ്യമാക്കുമോ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

<u>ന്യൂ ജെൻ വ്യവസായ നയം</u>

2280 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത വ്യവസായങ്ങളുടെ വികസനവും നിക്ഷേപവും പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക ന്യൂ ജെൻ വ്യവസായ നയം

രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നിർദ്ദിഷ്ട പദ്ധതികളും ലക്ഷ്യങ്ങളും എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) കേരളത്തിൽ സെമികണ്ടക്ടർ, ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവയ്ക്ക് പുറമെ ടയർ-1, ടയർ-2 നഗരങ്ങളിൽ ഐ.ടി/എ.ഐ. കമ്പനികളെ ആകർഷിക്കുന്നതിനായി പുതിയ ഐ.ടി. ഹബ്ബുകൾ, ഇൻകുബേഷൻ സെന്ററുകൾ, ടെക്നോളജി പാർക്കുകൾ എന്നിവ സ്ഥാപിക്കാൻ സർക്കാർ പദ്ധതിയിടുന്നുണ്ടോ; പ്രവർത്തനരഹിതമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമിയും കെട്ടിടങ്ങളും ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡല അടിസ്ഥാനത്തിലും പ്രാദേശിക തലത്തിലും ഐ.ടി. പാർക്കുകൾ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടെ നേരിട്ട് സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ എണ്ണം എത്രയാണ്; വിശദമാക്കുമോ?

## നിർമ്മിതബുദ്ധി അധിഷ്ഠിത സംവിധാനങ്ങൾ

2281 **ശ്രീ. കെ. രാജൻ**

**ശ്രീ. പി. പ്രസാദ്**

**ശ്രീ. കെ. കെ. വത്സരാജ്**

**ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണകാര്യക്ഷമത വർധിപ്പിക്കുന്നതിനും സർക്കാർ സേവനങ്ങൾ കൂടുതൽ വേഗത്തിലും സുതാര്യമായും ജനസൗഹൃദമായും ലഭ്യമാക്കുന്നതിനുമായി നിർമ്മിതബുദ്ധി അധിഷ്ഠിത സംവിധാനങ്ങൾ നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിർമ്മിതബുദ്ധിയുടെ സുരക്ഷിതവും സുതാര്യവും ഉത്തരവാദിത്തപരവുമായ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി സ്വകാര്യത, വിവരസുരക്ഷ, ധാർമ്മികത, ഉത്തരവാദിത്തം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന നയപരമായ സമീപനം മുൻ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി ദേശീയ-അന്തർദേശീയ മാതൃകകളും നിയമവ്യവസ്ഥകളും അടിസ്ഥാനമാക്കി, ഈ മേഖലയിലെ പുതിയ മാറ്റങ്ങളും മുന്നേറ്റങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എ.ഐ. നയത്തിന്റെ കരട് തയ്യാറാക്കുന്നതിനുള്ള നടപടികൾ മുൻ സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) നിർമ്മിതബുദ്ധി അധിഷ്ഠിത വിവരശേഖരണ സംവിധാനങ്ങൾ, ചാറ്റ്ബോട്ടുകൾ, ഡാറ്റാ വിശകലന സംവിധാനങ്ങൾ, പ്രവചനാധിഷ്ഠിത ആസൂത്രണ സംവിധാനങ്ങൾ തുടങ്ങിയവ വികസിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>**വില്ലേജ് നോളജ് സെന്ററുകളുടെ പ്രവർത്തനം**</u>

2282 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെയോ മറ്റ് ഏജൻസികളുടെയോ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് വില്ലേജ് നോളജ് സെന്ററുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ കേന്ദ്രങ്ങളിലാണ് വില്ലേജ് നോളജ് സെന്ററുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിരുന്നതെന്നും ഇതിൽ ഏതൊക്കെ കേന്ദ്രങ്ങളാണ് നിലവിൽ പൂർണ്ണമായി പ്രവർത്തിക്കുന്നതെന്നും വിശദമാക്കുമോ;

(സി) വില്ലേജ് നോളജ് സെന്ററുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുള്ള മണ്ഡലങ്ങളിലെ ഓരോ കേന്ദ്രത്തിനുമായി ഇതുവരെ ചെലവഴിച്ച തുക, കെട്ടിടത്തിന്റെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും നിലവിലെ

അവസ്ഥ, ഇവയുടെ നടത്തിപ്പും പരിപാലനവും നിർവഹിക്കുന്ന ഏജൻസി/സ്ഥാപനം എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) വിഭാവനം ചെയ്ത ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്ന രീതിയിലാണോ ഈ സെന്ററുകൾ പ്രവർത്തിക്കുന്നത്; പ്രവർത്തനം മന്ദഗതിയിലായതോ നിഷ്ക്രിയമായതോ ആയ സെന്ററുകൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

**<u>ഒല്ലൂർ മണ്ഡലത്തിൽ ഐ.ടി., ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡിജിറ്റൽ സേവനങ്ങൾ</u>**

2283 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയുടെ വികസനം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുടെ പ്രയോജനം, ഡിജിറ്റൽ സേവനങ്ങളുടെ വ്യാപനം എന്നിവ ലക്ഷ്യമിട്ട് നിലവിൽ നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഭാഗമായി ഒല്ലൂർ മണ്ഡലത്തിൽ ഐ.ടി. സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, ഡിജിറ്റൽ സേവനകേന്ദ്രങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും മണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളുടെ വിവരങ്ങൾ ലഭ്യമാണെങ്കിൽ അവയുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ;

(സി) ഒല്ലൂർ മണ്ഡലത്തിലെ യുവാക്കൾക്ക് ഐ.ടി., ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ നൈപുണ്യ പരിശീലനവും തൊഴിൽ അവസരങ്ങളും ലഭ്യമാക്കുന്നതിനും പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് ആവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ പിന്തുണ നൽകുന്നതിനും പ്രത്യേക പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**<u>സൗജന്യ ഇന്റർനെറ്റ് സേവനം</u>**

2284 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മുൻ സർക്കാർ ആരംഭിച്ച കെ-ഫോൺ പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കെ-ഫോൺ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതി തുടരാൻ ആലോചനയുണ്ടോ എന്നറിയിക്കാമോ;

(സി) ഷൊർണ്ണൂർ മണ്ഡലത്തിൽ കെ-ഫോൺ കണക്ഷൻ നൽകിയ സർക്കാർ സ്ഥാപനങ്ങൾ, സ്കൂളുകൾ, വീടുകൾ എത്രയെന്ന് ഇനം തിരിച്ച് പഞ്ചായത്ത് മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ?

**<u>പാലക്കാട് ജില്ലയിൽ ഐ.ടി. മേഖലയിലെ വികസനം</u>**

2285 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഐ.ടി.മേഖലയിലെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും യുവാക്കൾക്ക് പ്രാദേശികമായി ഐ.ടി.അധിഷ്ഠിത തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഒറ്റപ്പാലം മണ്ഡലത്തിൽ ഐ.ടി.മേഖലയുമായി ബന്ധപ്പെട്ട് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>മുളങ്കുന്നത്തുകാവിൽ കോമൺ ഫെസിലിറ്റി സെന്റർ</u>**

2286 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ മുളങ്കുന്നത്തുകാവിൽ കെൽട്രോണും സി-മെറ്റും ചേർന്ന് സംയുക്ത സംരംഭമായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അംഗീകാരം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി എന്തെന്ന് വിശദമാക്കാമോ?

**സി–ഡിറ്റിലെ കരാർ നിയമനങ്ങൾ**

2287 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ 34 കരാർ ജീവനക്കാർക്ക് മാത്രം ഒരു വർഷത്തേക്ക് കരാർ ദീർഘിപ്പിച്ച നൽകുകയും മറ്റു ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിന് അവലംബിച്ച മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(ബി) 34 കരാർ ജീവനക്കാർക്ക് കരാർ ദീർഘിപ്പിച്ച നൽകിയ അതേ മാനദണ്ഡം പാലിക്കുന്ന മറ്റു കരാർ ജീവനക്കാർക്ക് ഒരു വർഷത്തേക്ക് കരാർ ദീർഘിപ്പിച്ച നൽകുമോ; വ്യക്തമാക്കാമോ;

(സി) ഒരു വർഷത്തേക്ക് കരാർ ദീർഘിപ്പിച്ച നൽകിയ 34 പേരുടെ നിയമന രീതി, പത്രപരസ്യം നൽകിയ തീയതി, ടെസ്റ്റ്, ഇന്റർവ്യൂ എന്നിവ നടത്തിയ തീയതി തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) സി-ഡിറ്റിൽ കരാർ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ഇ) കരാർ നിയമനങ്ങൾക്ക് സ്കിൽ ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയിൽ ഇളവ് നൽകിയ പോസ്റ്റുകൾ ഏതൊക്കെയാണ്; മറ്റെല്ലാ പോസ്റ്റുകൾക്കും സ്കിൽ ടെസ്റ്റ് നടത്തുന്നതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(എഫ്) സ്കിൽ ടെസ്റ്റ് നടക്കുമ്പോൾ അതിന്റെ ഭാഗമായി ഓരോ ഉദ്യോഗാർത്ഥിയും ചെയ്യുന്ന അല്ലെങ്കിൽ സൃഷ്ടിക്കുന്ന സോഴ്സ് കോഡ്, ടെക്നിക്കൽ ഔട്ട്പുട്ടുകൾ തുടങ്ങിയവ എത്രനാൾ സൂക്ഷിച്ചുവെക്കും; അവയുടെ പരിശോധനയ്ക്കുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

**വിവരസാങ്കേതികവിദ്യ വകുപ്പിന് കീഴിൽ നടപ്പാക്കിയ പദ്ധതികൾ**

2288 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുള്ള കാലയളവിലെ സർക്കാരുകളുടെ കാലഘട്ടത്തിൽ വിവരസാങ്കേതികവിദ്യ വകുപ്പിന് കീഴിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ ആകെ എത്ര രൂപയുടെ പദ്ധതികളാണ് വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത് സാമ്പത്തികവർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) വകുപ്പ് നടപ്പാക്കിയ പദ്ധതികളിൽ പ്രവർത്തനക്ഷമമല്ലാതെ പൂർണ്ണമായോ ഭാഗികമായോ നിർത്തിവച്ച പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഐ.ടി. മേഖലയുടെ സമഗ്ര പരിഷ്കരണം</u>

2289 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയുടെ സമഗ്ര പരിഷ്കരണത്തിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) രാജ്യത്ത് ഏറ്റവും കൂടുതൽ ഐ.ടി. പ്രൊഫഷണലുകൾ ഉള്ള കേരളത്തിൽ ഐ.ടി. പാർക്കുകൾ എല്ലാ ജില്ലകളിലും കൂടുതൽ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഐ.ടി. അധിഷ്ഠിത തൊഴിലവസരങ്ങൾ</u>

2290 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. പഠനം പൂർത്തിയാക്കിയ യുവതീ യുവാക്കൾക്ക് കേരളത്തിൽത്തന്നെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നഗര കേന്ദ്രീകൃതമായ ഐ.ടി. പാർക്കുകൾക്ക് പുറമെ, ഗ്രാമീണ മേഖലകളിൽ ഐ.ടി. അധിഷ്ഠിത തൊഴിലവസരങ്ങൾ വ്യാപിപ്പിക്കുന്നതിനായി പ്രത്യേകം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള പുതിയ സാങ്കേതികവിദ്യകളുടെ കടന്നുവരവ് കാരണം തൊഴിൽ നഷ്ടപ്പെടാൻ സാധ്യതയുള്ളവരുടെയും ഐ.ടി. ജീവനക്കാരുടെയും തൊഴിൽ സംരക്ഷിക്കുന്നതിന് സ്റ്റാർട്ടപ്പ് മിഷൻ വഴിയോ വ്യവസായ-ഐ.ടി.

വകുപ്പുകൾ വഴിയോ നൈപുണ്യ വികസനം പോലുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

**ഐ.ടി. മേഖലയിലെ കമ്പനികൾ**

2291 **ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021–2026 കാലയളവിൽ ഐ.ടി. പാർക്കുകളിൽ നിന്ന് അടച്ചുപൂട്ടുകയോ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്ത കമ്പനികൾ എത്രയാണെന്ന് വിശദമാക്കാമോ;

(ബി) കേരളത്തിൽ നിന്ന് മറ്റ് സംസ്ഥാനങ്ങളിലേക്കോ വിദേശത്തേക്കോ മാറിയ ഐ.ടി. മേഖലയിലെ കമ്പനികളുടെ എണ്ണം സംബന്ധിച്ച് കണക്ക് സൂക്ഷിക്കുന്നുണ്ടോയെന്ന് വ്യകതമാക്കാമോ;

(സി) ഐ.ടി. മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

**സംസ്ഥാനത്തെ ഐ.ടി. പാർക്കുകൾ**

2292 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. പാർക്കുകൾ ഏതൊക്കെയാണെന്നും പ്രസ്തുത പാർക്കുകളിൽ ഓരോന്നിലും ഏതൊക്കെ കമ്പനികളാണ് പ്രവർത്തിക്കുന്നതെന്നും അവയിൽ എത്രജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും അറിയിക്കാമോ;

(ബി) ഐ.ടി. പാർക്കുകളുടെ വികസനത്തിനും പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

**ചേലക്കര മണ്ഡലത്തിലെ സ്കൂളുകളിൽ കെ-ഫോൺ കണക്ഷൻ**

2293 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് കെ-ഫോൺ നെറ്റ് കണക്ഷൻ സൗജന്യമായി നൽകിയിട്ടുള്ളതെന്ന്

വ്യക്തമാക്കുമോ;

(ബി) ഈ സ്കൂളുകളുടെ പേരുവിവരവും, എന്നാണ് ഈ സ്കൂളുകൾക്ക് കണക്ഷൻ നൽകിയതെന്നും വ്യക്തമാക്കുമോ?

**<u>കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി നവീന അഗ്രി-ടെക് പദ്ധതികൾ</u>**

2294 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാംഗോ സിറ്റി എന്നറിയപ്പെടുന്ന മുതലമടയിലെ മാമ്പഴ കർഷകരെയും ഉത്പാദനത്തെയും പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി നവീന അഗ്രി-ടെക് പദ്ധതികളോ സ്റ്റാർട്ടപ്പ് സംരംഭങ്ങളോ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) മുതലമടയിൽ വിളവെടുക്കുന്ന മാമ്പഴങ്ങളുടെ മൂല്യവർധനവ്, സംസ്കരണം, സംഭരണം, വിപണനം എന്നിവയ്ക്കായി പുത്തൻ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് യുവ സംരംഭകരെയും കർഷകരെയും ഉൾപ്പെടുത്തി പ്രത്യേക ഇന്നൊവേഷൻ ഹബ്ബോ ഇൻകുബേഷൻ സെന്ററോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മാമ്പഴത്തിൽ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഭക്ഷ്യ സംസ്കരണ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ, സബ്സിഡികൾ എന്നിവ ലഭ്യമാക്കുന്നതിന് സ്റ്റാർട്ടപ്പ് മിഷൻ വഴി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>എ.ഐ. ഉൾപ്പെടെയുള്ള പുതിയ സാങ്കേതികവിദ്യകളുടെ ഉപയോഗം</u>**

2295 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. രാജൻ. ജെ. പല്ലൻ**
**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ., മെഷീൻ ലേണിംഗ്, സൈബർ സെക്യൂരിറ്റി, ക്ലൗഡ് കമ്പ്യൂട്ടിങ്, ഡാറ്റ സയൻസ് തുടങ്ങിയ പുതിയ സാങ്കേതിക മേഖലകളിൽ സർക്കാർ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) എ.ഐ. ഉൾപ്പെടെയുള്ള പുതിയ സാങ്കേതികവിദ്യകളുടെ ഉപയോഗം മൂലം ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങളിൽ ഉണ്ടായ മാറ്റം വിലയിരുത്തിയിട്ടുണ്ടോ; വ്യകതമാക്കാമോ;

(സി) എ.ഐ. സാങ്കേതികവിദ്യകളുടെ ഉപയോഗം മൂലം തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; മാറുന്ന കാലത്തിനനുസരിച്ചുള്ള കൂടുതൽ ഐ.ടി. അധിഷ്ഠിത തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ പദ്ധതികൾ തയ്യാറാക്കുമോ; വിശദമാക്കാമോ?

**ഐ.ടി. മേഖലയിലെ തൊഴിൽ സുരക്ഷ**

2296 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. കമ്പനികൾ ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിടുന്നത് ഈ മേഖലയിലെ തൊഴിൽ സുരക്ഷയെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഐ.ടി. മേഖലയിലെ വനിതാ ജീവനക്കാരുടെ സുരക്ഷക്കും സംരക്ഷണത്തിനും എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കേരളത്തിലെ ഐ.ടി. മേഖലയിലെ യുവാക്കൾക്കായി പ്രഖ്യാപിച്ച പരിശീലന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

**കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കാൻ നടപടി**

2297 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വ്യവസായങ്ങളും സംരംഭങ്ങളും ആരംഭിക്കുന്നതിനുള്ള നടപടികൾ ലളിതമാക്കുന്നതിന് നടപ്പിലാക്കിവരുന്ന കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനത്തിലൂടെ വിവിധ അനുമതികളും സേവനങ്ങളും സമയബന്ധിതമായി

ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ വകുപ്പുകളുടെ അനുമതി ആവശ്യമായ അപേക്ഷകളിൽ ഏകോപനം മെച്ചപ്പെടുത്തുന്നതിനും അപേക്ഷകളുടെ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിനുമായി നിലവിലുള്ള സംവിധാനത്തിൽ വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംരംഭകർക്ക് അനുമതികൾ ലഭ്യമാക്കുന്നതിലെ നടപടിക്രമങ്ങൾ കൂടുതൽ ലളിതമാക്കുന്നതിനും വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുമായി നിയമഭേദഗതികൾ, ഡിജിറ്റൽ സേവനങ്ങളുടെ വിപുലീകരണം, വകുപ്പുതല ഏകോപനം എന്നിവ ഉൾപ്പെടെയുള്ള കൂടുതൽ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ഭേദഗതി ബിൽ, 2026</u>**

2298 **ശ്രീ. കെ. രാജൻ**
**ശ്രീ. പി. പ്രസാദ്**
**ശ്രീ. കെ. കെ. വത്സരാജ്**
**ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പാസാക്കിയ മൈൻസ് ആൻഡ് മിനറൽസ് ഭേദഗതി ബിൽ, 2026 ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന ഫെഡറൽ തത്വങ്ങളെ പൂർണമായും ലംഘിക്കുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഖനന അവകാശങ്ങളിലും ധാതുവിഭവങ്ങളടങ്ങിയ ഭൂമിയിലും അധിക നികുതിയോ സെസ്സോ ഈടാക്കാനുള്ള സംസ്ഥാന സർക്കാരുകളുടെ ഭരണഘടനാപരമായ അവകാശത്തെ തടയുന്നത് സംസ്ഥാനങ്ങളുടെ താല്പര്യത്തിനെതിരെയുള്ള കടന്നുകയറ്റമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ സംസ്ഥാന ലിസ്റ്റിലെ പതിനെട്ടാം ഇനമായി ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയും അതിലെ വിഭവങ്ങളും സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽ വരുന്ന വിഷയങ്ങളാണെന്നിരിക്കെ, ഇതിൽ കേന്ദ്ര നിയന്ത്രണം അടിച്ചേൽപ്പിക്കുന്നത് ഭരണഘടനാ ലംഘനമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഭേദഗതി വ്യവസ്ഥകൾ ഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങൾക്ക് വിരുദ്ധമായതിനാൽ ഇതിനെതിരെ സുപ്രീം കോടതിയെ സമീപിക്കാൻ തയാറാകുമോ; ഫെഡറലിസത്തെയും സംസ്ഥാനങ്ങളുടെ അവകാശങ്ങളെയും സംരക്ഷിക്കാനായി കേന്ദ്ര സർക്കാരിനെതിരെ നിലപാടെടുക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ?

**<u>തളിപ്പറമ്പ് മണ്ഡലത്തിലെ കഴിഞ്ഞ പത്ത് വർഷത്തെ സി.എസ്.ആർ ഫണ്ട് വിനിയോഗം</u>**

2299 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിന്റെ പരിധിയിലുള്ള ഏതെങ്കിലും പൊതു/ സ്വകാര്യ സ്ഥാപനങ്ങൾക്കോ, സംഘടനകൾക്കോ, പദ്ധതികൾക്കോ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സി.എസ്.ആർ (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ്/പദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും സ്ഥാപനം/പദ്ധതി തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) അനുവദിച്ച ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് (യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെ) നിലവിലെ സ്ഥിതി എന്താണ്; ഫണ്ട് പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) തളിപ്പറമ്പ് മണ്ഡലത്തിലെ ഏതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സി.എസ്.ആർ

ഫണ്ടിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**വ്യവസായ എസ്റ്റേറ്റുകളിലെ തൊഴിൽ വിവരങ്ങൾ**

2300 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉണ്ടെന്നും അവയിലൊട്ടാകെ പ്രവർത്തിക്കുന്ന വ്യവസായ ശാലകളുടെ എണ്ണവും അവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും ഉദ്യോഗസ്ഥരുടെയും എണ്ണവും വ്യക്തമാക്കുമോ?

**എം.എസ്.എം.ഇ. പദ്ധതികളുടെ നിർവഹണവും സംരംഭകർക്കുള്ള ആനുകൂല്യങ്ങളും**

2301 **ശ്രീ. വി. മുരളീധരൻ**

**ശ്രീ. ബി. ബി. ഗോപകുമാർ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 ,2026-27 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ സൂക്ഷ്മ, ചെറുകിട, ഇടത്തര സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി പ്രഖ്യാപിച്ച പുതിയ പദ്ധതികളും ധനസഹായ പദ്ധതികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ എം.എസ്.എം.ഇ. ആരംഭിക്കുന്നതിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; ഇതുവരെ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും സിംഗിൾ വിൻഡോ ക്ലിയറൻസ് ലൈസൻസുകൾ, സബ്സിഡികൾ എന്നിവ വേഗത്തിൽ ലഭ്യമാക്കുന്നതിനും സർക്കാരും വ്യവസായ വകുപ്പും എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ;

(ഡി) കേന്ദ്രസർക്കാരിന്റെ എം.എസ്.എം.ഇ. ഫണ്ടുകളും സ്കീമുകളും പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ യുവസംരംഭകരെയും വനിതാ

സംരംഭകരെയും ആകർഷിക്കുന്നതിനായി എന്തെല്ലാം പ്രത്യേക ബോധവൽക്കരണവും അടിസ്ഥാന സൗകര്യങ്ങളുമാണ് ഒരുക്കിയിട്ടുള്ളതെന്നും വിശദീകരിക്കുമോ?

**കോഴിക്കോട് കോംട്രസ്റ്റ് നെയ്ത്തുശാലയുടെ പുനരുദ്ധാരണവും തൊഴിൽസാധ്യതകളും**

2302 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടിന്റെ ചരിത്രപൈതൃകമായ കോംട്രസ്റ്റ് നെയ്ത്തുശാലയുടെ ഭൂമിയും കെട്ടിടങ്ങളും സംരക്ഷിച്ച് പരമ്പരാഗത വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനും യുവാക്കൾക്ക് തൊഴിൽസാധ്യതകൾ സൃഷ്ടിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നെയ്ത്തുശാലയുടെ പുനരുദ്ധാരണത്തിനായി തയ്യാറാക്കിയ പദ്ധതി, ആവശ്യമായ സാമ്പത്തിക സഹായം, പദ്ധതി നടപ്പാക്കുന്നതിനുള്ള സമയപരിധി എന്നിവ വ്യക്തമാക്കാമോ?

**നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി**

2303 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കല്ലട മാഹിൻ**
**ശ്രീ. സി. കെ. കാസിം**
**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പാറമടകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണം കാരണം കരിങ്കല്ലും ചല്ലിയും എം.സാന്റും ലഭിക്കാതെ നിർമ്മാണ മേഖല കടുത്ത പ്രതിസന്ധി നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കരിങ്കല്ലിനും ചല്ലിക്കും കടുത്ത ക്ഷാമം അനുഭവിക്കുന്നതിനാൽ ഹോളോബ്രിക്സ് യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പാറമടകൾക്കും ക്രഷറുകൾക്കും ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നീക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വിശദീകരിക്കുമോ?

**ട്രാവൻകൂർ ടൈറ്റാനിയം**

2304 **ശ്രീ. കെ. എൻ. ബാലഗോപാൽ**

**പ്രൊഫ. സി. രവീന്ദ്രനാഥ്**

**ശ്രീമതി ഒ. എസ്. അംബിക**

**ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ എട്ട് ദശാബ്ദത്തെ ചരിത്രത്തിൽ ആദ്യമായി തുടർച്ചയായ രണ്ട് മാസങ്ങളിൽ ശമ്പളം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം ആരംഭിച്ചിരുന്നോ; എങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ഇലക്ട്രിക് വാഹനങ്ങൾക്കുള്ള അസംസ്കൃത വസ്തു നിർമ്മിക്കുന്നതിന് ഐ.എസ്.ആർ.ഒ.യുമായി ഒപ്പുവെച്ച ധാരണാപത്രം പ്രകാരമുള്ള തുടർനടപടി ഏത് ഘട്ടത്തിലാണ്;

(ഡി) സ്വകാര്യ മേഖലയിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനായി ടൈറ്റാനിയത്തെ സർക്കാർ അവഗണിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇൻഡസ്ട്രിയൽ പാർക്ക്**

2305 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ മാടപ്പള്ളിയിൽ പ്രഖ്യാപിച്ച ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിക്കായി നടപ്പ ബജറ്റിൽ 20 ശതമാനം ടോക്കൺ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ പാർക്കിന് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനുമായി എന്തൊക്കെ പ്രാരംഭ നടപടികളാണ് ഇതുവരെ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പ്രതീക്ഷിത ചെലവും നിർമ്മാണ ഏജൻസിയും ഏതാണെന്ന് വ്യക്തമാക്കാമോ;

(ഡി) ബജറ്റിൽ വകയിരുത്തിയ വിഹിതം ഉപയോഗിച്ച് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് ഈ സർക്കാർ കാലയളവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>വിദേശനിക്ഷേപം ആകർഷിക്കാനായി പദ്ധതി</u>

2306 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് വിദേശനിക്ഷേപം ആകർഷിക്കാനായി പ്രഖ്യാപിച്ച പദ്ധതികളിൽ എത്ര എണ്ണം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളിലെ വരുമാനം, നഷ്ടം, സർക്കാർ സഹായം എന്നിവയുടെ കണക്ക് ലഭ്യമാക്കാമോ;

(സി) പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിനു കീഴിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം ലഭ്യമാക്കാമോ; എവിടെയാണ് സ്ഥിതിചെയ്യുന്നത് എന്നും വിശദമാക്കാമോ?

<u>വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ</u>

2307 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ ആകെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിലുള്ളത്; ഓരോ സ്ഥാപനങ്ങളുടെയും പേരും അവയുടെ കൈവശമുള്ള ആസ്തിയുടെ മൂല്യവും എത്രവീതം ആണെന്ന് അറിയിക്കുമോ;

(ബി) 2016-ൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്രയെണ്ണമാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്;

(സി) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ശേഷം ലാഭത്തിലായതും ലാഭത്തിൽ പ്രവർത്തിച്ച ശേഷം നഷ്ടത്തിലായതുമായ സ്ഥാപനങ്ങളുടെ എണ്ണം എത്രയാണ്;

(ഡി) ഈ കാലയളവിൽ സ്വന്തം അസ്തിയുടെ ഏതെങ്കിലും ഭാഗം വിൽക്കുകയോ പണയപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ചെയ്ത പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയാണെന്നും അപ്രകാരം വിൽക്കുകയോ പണയപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ചെയ്ത ആസ്തിയുടെ മൂല്യം എത്ര വീതമാണെന്ന് അറിയിക്കുമോ?

<u>വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ</u>

2308 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക സ്ഥിതി ശക്തിപ്പെടുത്തുന്നതിനും വികസനസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമായി ഹ്രസ്വകാല, മധ്യകാല മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനും സമഗ്ര അവലോകനം നടത്താനും തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, സാമ്പത്തിക സ്ഥിതി, വിപണന സാധ്യതകൾ, വികസന ആവശ്യങ്ങൾ എന്നിവ വിലയിരുത്തുന്നതിനുള്ള സമഗ്ര അവലോകനത്തിൽ പരിഗണിക്കുന്ന പ്രധാന ഘടകങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വികസനം ത്വരിതപ്പെടുത്തുന്നതിനും അവയുടെ മാസ്റ്റർ പ്ലാനുകളിൽ പ്രത്യേക പദ്ധതികൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ആധുനിക സാങ്കേതികവിദ്യയും നൂതന ഉൽപ്പാദനരീതികളും നടപ്പാക്കി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും വിപണനക്ഷമതയും വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത നടപടികളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പാക്കുന്നതിനും പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും നിലവിലുള്ള തൊഴിലവസരങ്ങൾ സംരക്ഷിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ?

<u>കൊല്ലം എം.എസ്.എം.ഇ. ബ്രാൻഡ്</u>

2309 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരത്തെയും കൊല്ലത്തെയും കശുവണ്ടി ഉൾപ്പെടെയുള്ള ചെറുകിട ഉൽപ്പന്നങ്ങൾക്ക് പൊതുവായ ബ്രാൻഡിംഗ്, പാക്കേജിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ഇ-കൊമേഴ്സ് പിന്തുണ എന്നിവ ലഭ്യമാക്കുന്നതിനായി കൊല്ലം എം.എസ്.എം.ഇ. ബ്രാൻഡ് എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇരവിപുരം പോലുള്ള ജനസാന്ദ്രതയേറിയ നഗര-തീരദേശ നിയോജകമണ്ഡലങ്ങളിൽ വ്യവസായ ആവശ്യങ്ങൾക്കായി ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ, കുറഞ്ഞ സ്ഥലസൗകര്യത്തിൽ പ്രവർത്തിപ്പിക്കാവുന്ന ഐ.ടി., എ.ഐ., ഡിജിറ്റൽ സേവനങ്ങൾ, ഫുഡ് പ്രോസസ്സിംഗ്, മറൈൻ വാല്യൂ ആഡിഷൻ, വനിതാ സംരംഭങ്ങൾ തുടങ്ങിയ മേഖലകളിലെ സാധ്യതകൾ കണ്ടെത്തുന്നതിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എസ്.എം.ഇ. പൊട്ടൻഷ്യൽ മാപ്പിംഗ് നടത്തുമോ; എങ്കിൽ, വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>വിദേശനിക്ഷേപങ്ങൾക്കായുള്ള കേരള ഡസ്കുകൾ</u>

2310 **ശ്രീ. പാറക്കൽ അബ്ദുല്ല**

**ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ നിക്ഷേപങ്ങൾ കേരളത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനും പ്രവാസി മലയാളികളുടെ ബിസിനസ്സ് ശൃംഖല കൃത്യമായി പ്രയോജനപ്പെടുത്തുന്നതിനും ആഗോള നഗരങ്ങളിൽ കേരള ഡെസ്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഈ കാര്യത്തിൽ അംഗീകൃത പ്രവാസി സംഘടനകളുടെ സഹകരണം തേടിയിട്ടുണ്ടോ;

(സി) പ്രവാസി വ്യവസായികളേയും പുതിയ നിക്ഷേപകരെയും ആകർഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>**മലയോര കുടിയേറ്റ കർഷക മേഖലയിലെ വിദേശ നിക്ഷേപ പദ്ധതികൾ**</u>

2311 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ നിക്ഷേപ പദ്ധതികളിൽ മലയോര കുടിയേറ്റ കർഷക മേഖലയെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>**ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ**</u>

2312 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാനിന്റെ ഭാഗമായി എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ ഇയർ ഓഫ് എന്റർപ്രൈസസ് പദ്ധതി തുടരാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) അതിനനുബന്ധമായി സംരംഭകരെ സഹായിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>**കൊരട്ടി വൈഗ ത്രെഡ്സ് കമ്പനിയുടെ പ്രവർത്തനം**</u>

2313 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി വൈഗ ത്രെഡ്സ് കമ്പനിയുടെ സമാപ്തീകരണ നടപടികളുടെയും ഇത് സംബന്ധിച്ചുള്ള കോടതി വ്യവഹാരങ്ങളുടെയും നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ;

(ബി) സമാപ്തീകരണ നടപടികൾ വേഗത്തിലാക്കി തൊഴിലാളികൾക്ക് പുനരധിവാസവും നഷ്ടപരിഹാരവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

## <u>പൊതുമേഖലാ സ്ഥാപനങ്ങൾ</u>

2314 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും അവ ഏതെല്ലാം ആണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സർക്കാരിന് ലാഭവിഹിതം ലഭിക്കുന്നുണ്ടോയെന്നും എങ്കിൽ 2025-26, 2026-27 വർഷങ്ങളിൽ ലാഭവിഹിതം നൽകിയ സ്ഥാപനങ്ങളുടെയും ലാഭവിഹിതത്തിന്റെയും വിവരം നൽകുമോ?

## <u>പ്രതിരോധ മേഖലയിലെ കെൽട്രോണിന്റെ ഉൽപ്പന്ന വികസനവും വ്യവസായ വളർച്ചയും</u>

2315 **ശ്രീമതി ഉമ തോമസ്**
**ശ്രീ. സേനാപതി വേണു**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുകയും ഈ മേഖലയിൽ സംസ്ഥാനത്തിന്റെ സാങ്കേതിക-വ്യവസായ ശേഷി വർധിപ്പിക്കുകയും ചെയ്യുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രതിരോധ മേഖലയ്ക്ക് ആവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങളും അനുബന്ധ ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനും

ഉൽപ്പാദിപ്പിക്കുന്നതിനും കെൽട്രോൺ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രതിരോധ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുമായും ഗവേഷണ സ്ഥാപനങ്ങളുമായും സഹകരിച്ച് പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കെൽട്രോണിന്റെ പ്രതിരോധ മേഖലയിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിലൂടെ സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവാക്കളുടെ സാങ്കേതിക നൈപുണ്യം വർധിപ്പിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രതിരോധ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ കൂടുതൽ പദ്ധതികളും ഉൽപ്പാദന ഓർഡറുകളും കെൽട്രോണിന് ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**<u>മഞ്ചേരി കോമൺ ഫെസിലിറ്റി സെന്ററിന്റെ ഭാവി പുരോഗതികൾ</u>**

2316 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കോമൺ ഫസിലിറ്റി സെന്ററിന്റെ (സി.എഫ്.സി.) നിലവിലെ പ്രവർത്തന പുരോഗതികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെന്ററിന്റെ നവീകരണത്തിനും പുതിയ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുമായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സെന്റർ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനും കൂടുതൽ പ്രാദേശിക സംരംഭകർക്ക് പ്രയോജനകരമാകുന്ന രീതിയിൽ വികസിപ്പിക്കുന്നതിനും കൂടുതൽ ഫണ്ട് അനുവദിക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ;

(ഡി) മഞ്ചേരി സി.എഫ്.സി.-യുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങൾ ഏതെങ്കിലും

സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ അവ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**ഓരോ നിയോജകമണ്ഡലത്തിലും ഒരു വ്യവസായ കേന്ദ്രം**

2317 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ ലഭ്യതയ്ക്കും ഉത്പാദന വളർച്ചയ്ക്കും സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും ഒരു വ്യവസായ കേന്ദ്രം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത സാധനങ്ങൾ ഉത്പന്നങ്ങളാക്കി വിറ്റഴിക്കുന്നതിന് ഇത്തരം വ്യവസായ കേന്ദ്രങ്ങളെ പ്രാപ്തമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം വ്യവസായ കേന്ദ്രങ്ങളിൽ വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ**

2318 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ കമ്പനികൾ, മറ്റു വ്യവസായ സ്ഥാപനങ്ങൾ എന്നിവയെല്ലാം കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ലാഭം നേടുന്ന സാഹചര്യത്തിലായിരുന്നോ; വിശദമാക്കാമോ;

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനത്തിലെ ജീവനക്കാർക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ നൽകാൻ സന്നദ്ധമാകുമോ;

(സി) കഴിഞ്ഞ അഞ്ചു വർഷത്തിലധികമായി നഷ്ടത്തിൽ തന്നെ തുടരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുവാൻ അല്ലെങ്കിൽ നഷ്ടത്തിൽ നിന്ന് കരകയറ്റുവാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ അഞ്ചുവർഷത്തിലധികമായി നഷ്ടത്തിൽ തുടരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ടത്തിലേക്ക് നയിച്ച കാരണങ്ങൾ

പഠിക്കുവാൻ പ്രത്യേകസമിതി രൂപീകരിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുമോ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ വാണിജ്യവൽക്കരിച്ച് ഉൽപാദനവും വിപണനവും കൂടുതലാക്കി കേരളത്തിന്റെ അഭിമാന സ്ഥാപനങ്ങളാക്കുവാൻ മാനേജീരിയൽ എബിലിറ്റിയുള്ള ഭരണസംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ?

### എം.എസ്.എം.ഇ. മേഖലയിലെ പ്രതിസന്ധികൾ

2319 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷക്കാലമായി എം.എസ്.എം.ഇ. മേഖല പ്രതിസന്ധികളെത്തുടർന്ന് വലിയ തോതിൽ തകർച്ച നേരിടുകയും ഒരുപാട് സംരംഭങ്ങൾ അടച്ചുപൂട്ടേണ്ടി വരികയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയിൽ സംസ്ഥാനത്ത് ആകെ എത്ര എം.എസ്.എം.ഇ. യൂണിറ്റുകൾ പൂട്ടിപ്പോയെന്നും അതിലൂടെ എത്രമാത്രം തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടുവെന്നും വ്യക്തമാക്കുന്ന കൃത്യമായ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(സി) അടച്ചുപൂട്ടലിന്റെ വക്കിലായ സംരംഭങ്ങളെ കരകയറ്റുന്നതിനും കഴിഞ്ഞ പത്ത് വർഷമായി ഈ മേഖലയിലുണ്ടായ മുരടിപ്പ് പരിഹരിക്കുന്നതിനും അടിയന്തരമായി എന്തെല്ലാം പാക്കേജുകളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

### കാഞ്ഞങ്ങാട് മണ്ഡലത്തിലെ ചെറുകിട സംരംഭങ്ങൾ

2320 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016-ന് ശേഷം എത്ര ചെറുകിട സംരംഭങ്ങൾ രജിസ്റ്റർ ചെയ്യിതിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് പറയാമോ;

(ബി) ഇതിൽ ഏതൊക്കെ സംരംഭങ്ങൾക്കാണ് സബ്സിഡി ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇനി എത്ര സംരംഭങ്ങൾക്ക് സബ്സിഡി ലഭിക്കാനുണ്ടെന്നും അവ എപ്പോൾ നല്കാനാകുമെന്നും വിശദമാക്കാമോ;

(ഡി) ചെറുകിട സംരംഭങ്ങൾക്ക് സർക്കാർ നൽകുന്ന സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും എന്തൊക്കെയെന്ന് വിശദമാക്കാമോ?

## വിദേശ നഗരങ്ങളിൽ കേരള ഡെസ്കുകൾ

2321 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ നിക്ഷേപങ്ങൾ ആകർഷിക്കാനും പ്രവാസി സംരഭ കൂട്ടായ്മകളെ പ്രയോജനപ്പെടുത്താനും അഞ്ച് വിദേശ നഗരങ്ങളിൽ കേരള ഡെസ്കുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; ഏതൊക്കെ നഗരങ്ങളിലാണ് പ്രസ്തുത ഡെസ്കുകൾ ആരംഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രവാസികളിൽ നിന്നുള്ള വരുമാനത്തെ കേന്ദ്രീകരിച്ചുള്ള മുൻരീതിക്ക് പകരം വ്യവസായ നിക്ഷേപാധിഷ്ഠിത പങ്കാളിത്തത്തിലേയ്ക്കുള്ള മാറ്റമാണോ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ;

(സി) സർക്കാരിനു സാമ്പത്തികബാധ്യതയില്ലാതെ, സഹകരണ മാതൃകയിലാണോ പദ്ധതി നടപ്പാക്കുകയെന്നും പദ്ധതിക്കുള്ള സാങ്കേതിക സഹായവും ബ്രാൻഡിങ്ങും വ്യവസായ വികസന കോർപ്പറേഷൻ നൽകുമോയെന്നും വ്യക്തമാക്കാമോ?

## വിഴിഞ്ഞം-കൊല്ലം- പുനലൂർ ഇൻഡസ്ട്രിയൽ ആൻഡ് ഇക്കണോമിക് ഗ്രോത്ത് ട്രയാംഗിൾ പദ്ധതി

2322 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 24/03/2025 ലെ സ.ഉ.(സാധാ) നം .2897/2025/ധന. നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയ വിഴിഞ്ഞം-കൊല്ലം-പുനലൂർ

ഇൻഡസ്ട്രിയൽ ആൻഡ് ഇക്കണോമിക് ഗ്രോത്ത് ട്രയാംഗിൾ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്താണെന്നും ആയതിന്റെ നിർവ്വഹണം എങ്ങനെയാണെന്നും വിശദമാക്കാമോ?

**സംസ്ഥാനത്തെ കളിമൺ-ഓട്ടുകമ്പനി വ്യവസായം**

2323 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കളിമൺ-ഓട്ടുകമ്പനി വ്യവസായം വലിയ തകർച്ചയിലാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃശ്ശൂർ ജില്ലയിലെ ഏറ്റവും കൂടുതൽ ആളുകൾ ഉപജീവന മാർഗ്ഗമായി ഏർപ്പെട്ടിരുന്ന ഓട്ടുകമ്പനി വ്യവസായത്തെ നിലനിർത്തുന്നതിനും വ്യവസായത്തിനാവശ്യമായ കളിമണ്ണ് ലഭ്യമാക്കുന്നതിനും നിയന്ത്രിതവും കൃത്യവുമായ അനുമതിയോടെ മണ്ണ് ഖനനം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ വ്യവസായത്തെയും ഈ മേഖലയിലെ തൊഴിലാളികളേയും സംരക്ഷിക്കുന്നതിനായി, ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കണ്ണൂർ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്**

2324 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രധാന പൊതുമേഖലാ സ്ഥാപനമായ കണ്ണൂർ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ എന്തെല്ലാം വികസന പദ്ധതികളാണ് ഈ സർക്കാർ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

**വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ പുതിയ സംരംഭകർക്കായുള്ള വികസന പദ്ധതികൾ**

2325 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീമതി ഫാത്തിമ തഹിലിയ**

**ശ്രീ. ഫൈസൽ ബാബു**

**ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ പുതുതായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) വ്യവസായ വകുപ്പ് നടപ്പിലാക്കിയ 'സംരംഭക വർഷം' പോലെയുള്ള പദ്ധതികളുടെ തുടർച്ചയായി ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും (എം.എസ്.എം.ഇ.) പുതുസംരംഭകർക്കും മൂലധന ധനസഹായം, മാർജിൻ മണി സബ്സിഡി, പലിശയിളവുകൾ എന്നിവ ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(സി) പുതിയ സംരംഭങ്ങൾ ആരംഭിക്കുമ്പോഴുണ്ടാകുന്ന ലൈസൻസുകൾ, അനുമതികൾ എന്നിവ ലളിതമാക്കുന്നതിനായി കെ-സ്വിഫ്റ്റ് പോലെയുള്ള സിംഗിൾ വിൻഡോ സംവിധാനങ്ങൾ വഴി എന്തെല്ലാം പുതിയ ഇളവുകളും ആനുകൂല്യങ്ങളുമാണ് പുതുസംരംഭകർക്ക് നൽകിവരുന്നത്;

(ഡി) കുന്ദമംഗലം നിയോജക മണ്ഡലം ഉൾപ്പെടെയുള്ള മലയോര/ഗ്രാമീണ മേഖലകളിൽ പുതിയ സംരംഭകർക്ക് ആവശ്യമായ ഇൻകുബേഷൻ കേന്ദ്രങ്ങൾ, വ്യവസായ പാർക്കുകൾ, സാങ്കേതിക പരിശീലനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

**പരമ്പരാഗത വ്യവസായങ്ങളിൽ ജോലി ചെയ്യുന്നവർക്ക് തൊഴിൽ നികുതി**

2326 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളിൽ ജോലി ചെയ്യുന്നവർക്ക് തൊഴിൽ നികുതി ബാധകമാണോ; എങ്കിൽ നികുതി ഒടുക്കേണ്ടതുണ്ടോ; വിശദമാക്കാമോ;

(ബി) തൊഴിൽ നികുതി അടക്കേണ്ടതില്ലെങ്കിൽ അത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ അനുബന്ധമായി നൽകാമോ;

(സി) കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ടോ; വിശദമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് അനുബന്ധമായി നൽകാമോ?

**<u>കഞ്ചിക്കോട് വ്യവസായ മേഖലയിലെ റോഡുകളുടെ നവീകരണം</u>**

2327 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ റോഡുകളുടെ നവീകരണത്തിന് വ്യവസായ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ?

**<u>കുട്ടനാട്ടിൽ റൈസ് പാർക്ക്</u>**

2328 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിൽ ഒരു റൈസ് പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റൈസ് പാർക്ക് സ്ഥാപിക്കുവാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ?

**<u>ചാവക്കാട് വ്യവസായ പാർക്ക് നിർമ്മാണം</u>**

2329 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് പ്രവാസികൾക്കായി വ്യവസായ പാർക്ക് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കോമോ;

(ബി) വ്യവസായ പാർക്കിന് ആവശ്യമായ സർക്കാർ പുറമ്പോക്ക് ഭൂമി പ്രസ്തുത സ്ഥലത്ത് ലഭ്യമാണ് എന്നത് പരിശോധിക്കുമോ;

(സി) പ്രസ്തുത പ്രദേശത്ത് ഭൂമിയുടെ ലഭ്യത, കണ്ക്റ്റിവിറ്റി, നിക്ഷേപ സാധ്യതകൾ തുടങ്ങിയവ അനുകൂലമായതിനാൽ ഇക്കാര്യത്തിൽ

ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>**മട്ടന്നൂർ കിൻഫ്ര പാർക്കിലെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി**</u>

2330 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ കിൻഫ്ര പാർക്കിലെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടത്തിൽ നിലവിൽ ഏതൊക്കെ കമ്പനികളാണ് പ്രവർത്തിക്കുന്നത്;

(ബി) മട്ടന്നൂർ കിൻഫ്ര പാർക്കിൽ പുതുതായി ഏതൊക്കെ കമ്പനികളാണ് നിക്ഷേപത്തിനായി തയ്യാറായി വന്നിട്ടുള്ളത്; വിശദമാക്കാമോ?

<u>**കഞ്ചിക്കോട് റൈസ് പാർക്ക് നിർമ്മാണം**</u>

2331 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് റൈസ് പാർക്ക് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) റൈസ് പാർക്കിന്റെ നിർമ്മാണത്തിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും അറിയിക്കാമോ;

(സി) മുഴുവൻ പ്രവൃത്തികൾ പൂർത്തിയാക്കി റൈസ് പാർക്കിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>**പത്തനാപുരം മണ്ഡലത്തിലെ വ്യവസായ പാർക്കുകൾ**</u>

2332 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം മണ്ഡലത്തിൽ എത്ര വ്യവസായ പാർക്കുകളാണ് ഉള്ളതെന്നും അവയുടെ പ്രവർത്തന നിലവാരം എങ്ങനെയാണെന്നും വ്യക്തമാക്കാമോ?

<u>**കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് നിയമനം**</u>

2333 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നടത്തുന്ന നിയമനങ്ങളിൽ, കേരളത്തിനകത്തുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾക്ക് അസിസ്റ്റന്റ് ലേബർ ഓഫീസറുടെ പരിശോധനയും സാക്ഷ്യപ്പെടുത്തലും നിർബന്ധമാക്കിയിട്ടുള്ളപ്പോൾ, ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾക്ക് അത്തരം കർശന പരിശോധനാ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ വ്യാജ സർട്ടിഫിക്കറ്റുകൾ വ്യാപകമായി ഉപയോഗിക്കപ്പെടുകയും അതുവഴി അർഹരായ കേരളത്തിലെ ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുകയും ചെയ്യുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, വ്യാജ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ തടയുന്നതിനായി കേരള പബ്ലിക് സർവീസ് കമ്മീഷൻ പിന്തുടരുന്നതുപോലുള്ള കർശന വെരിഫിക്കേഷൻ മാനദണ്ഡങ്ങൾ—അതായത്, പ്രൊവിഡന്റ് ഫണ്ട് വിവരങ്ങൾ, ശമ്പളം ലഭിച്ചതിന്റെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, ബന്ധപ്പെട്ട സംസ്ഥാനത്തെ ലേബർ ഡിപ്പാർട്ട്മെന്റ് മുഖേനയുള്ള ഔദ്യോഗിക പരിശോധന എന്നിവ—ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾക്കും നിർബന്ധമാക്കിക്കൊണ്ട് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡിന്റെ നിയമനച്ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താൻ തയ്യാറാകുമോ;

(സി) ഇതുസംബന്ധിച്ച് അർഹരായ ഉദ്യോഗാർത്ഥികളുടെ ആശങ്ക പരിഹരിക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനുമായി വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) സംശയാസ്പദമായ രീതിയിൽ സമർപ്പിക്കപ്പെടുന്ന ഇതര സംസ്ഥാന സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതിനായി ബോർഡിന്റെ കീഴിൽ പ്രത്യേക വെരിഫിക്കേഷൻ വിംഗോ ഡിജിറ്റൽ പരിശോധനാ സംവിധാനങ്ങളോ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇതുസംബന്ധിച്ച് അർഹരായ ഉദ്യോഗാർത്ഥികളുടെ ആശങ്ക പരിഹരിക്കുന്നതിനും നിയമനങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനുമായി

വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രീയൽ പ്രമോഷനിലെ നിയമനം**

2334 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രീയൽ പ്രമോഷനിലെ രണ്ട് ഓഫീസ് അറ്റന്റർ പോസ്റ്റിലേക്ക് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ & റിക്രൂട്ട്മെന്റ് ) ബോർഡ് വഴി 2024 ൽ ക്ഷണിച്ച അപേക്ഷയിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കോമോ;

(ബി) പ്രസ്തുത നിയമനത്തിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ഈ നിയമനത്തിന് പരീക്ഷയോ ഇന്റർവ്യൂവോ നടത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റൈൽസ്**

2335 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് അടച്ചുപൂട്ടിയ പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റൈൽസ് വർഷങ്ങൾ പിന്നിട്ടിട്ടും തുറന്നുപ്രവർത്തിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാരിനു കീഴിലുള്ള നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷന് കൈമാറിയ പ്രസ്തുത സ്ഥലം, കമ്പനി തുറന്നുപ്രവർത്തിക്കാത്ത സാഹചര്യത്തിൽ തിരിച്ചെടുക്കുന്നതിനും അവിടെ വ്യവസായ പാർക്ക് ഉൾപ്പെടെയുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ഉൾപ്പെടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ നിലവിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, അതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

**വ്യവസായ സൗഹൃദ സൂചിക**

2336 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സൗഹൃദ സൂചികയിൽ മികച്ച പെർഫോർമർ എന്ന നിലയിൽ സംസ്ഥാനം കൈവരിച്ച നേട്ടം നിലനിർത്തുന്നതിനും കൂടുതൽ ഉയരങ്ങൾ കീഴടക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>**ഖനന നിയമ ഭേദഗതി**</u>

2337 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഖനന നിയമ ഭേദഗതി സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിയമഭേദഗതിയിലൂടെ സ്വകാര്യ കമ്പനികൾക്ക് കരിമണൽ ഖനനത്തിന് യഥേഷ്ടം അനുമതി ലഭിക്കുമെന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; നിയമഭേദഗതി പിൻവലിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വിശദമാക്കാമോ?

<u>**ചെറുകിട വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി**</u>

2338 **ശ്രീ. വി. മുരളീധരൻ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ**
**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൽപാദന മേഖലയുടെ നാല്പത് ശതമാനവും സംഭാവന ചെയ്യുന്ന ചെറുകിട വ്യവസായ മേഖലയിലെ പ്രതിസന്ധികൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ബി) ചെറുകിട വ്യവസായികൾ നേരിടുന്ന മൂലധന ലഭ്യത കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ ബിസിനസ് തുടങ്ങുവാനും വികസിപ്പിക്കുവാനും വായ്പ കൃത്യമായി ലഭിക്കാതിരിക്കുന്നത് കാരണം

ഇവർ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിന് വിധേയമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചെറുകിട വ്യവസായികൾക്ക് ലഘു പലിശ നിരക്കിൽ മൂലധന ലഭ്യത ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ചെറുകിട വ്യവസായികൾക്ക് തങ്ങളുടെ ഉത്പന്നങ്ങൾ മികച്ച രീതിയിൽ ബ്രാൻഡ് ചെയ്യാനും കൂടുതൽ ആളുകളിലേക്ക് എത്തിക്കാനുമുള്ള വിപണന തന്ത്രങ്ങൾ സംബന്ധിച്ച് അവബോധം നൽകുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) ചെറുകിട വ്യവസായികളുടെ ഉത്പാദനക്ഷമതയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും ഉയർത്തുന്നതിനും കൂടുതൽ വിപണികൾ കണ്ടെത്തുന്നതിനും പഠന മേൽനോട്ട പ്രവർത്തനങ്ങൾക്കായി ഒരു ഗവേഷണ സ്ഥാപനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദീകരിക്കാമോ?

**വിഴിഞ്ഞം തുറമുഖത്തിന്റെ വ്യവസായ നിക്ഷേപസാധ്യതകൾ**

2339 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് വ്യവസായ വികസനം, നിക്ഷേപം, പുതിയ തൊഴിൽസൃഷ്ടി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**അനധികൃത മണ്ണെടുപ്പ്**

2340 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത മണ്ണെടുപ്പ് തടയുന്നതിനായി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ അനധികൃത മണ്ണെടുപ്പുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്യുകയും എത്ര വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്;

(സി) അനധികൃത മണ്ണെടുപ്പ് മൂലം പരിസ്ഥിതിക്കും ജലസ്രോതസ്സുകൾക്കും ഉണ്ടാകുന്ന ആഘാതം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) അനധികൃത മണ്ണെടുപ്പ് തടയുന്നതിനായി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി കർശന പരിശോധനയും നടപടികളും സ്വീകരിക്കുന്നതിന് നടപടി ഉണ്ടാകുമോ?

<u>ധാതുഖനനം സംബന്ധിച്ച കേന്ദ്രനിയമം</u>

2341 **ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. പി. കെ. നവാസ്**

**ശ്രീ. ഫൈസൽ ബാബു**

**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാതുഖനനത്തിനു നികുതി ചുമത്താനുള്ള സംസ്ഥാനങ്ങളുടെ അധികാരം പരിമിതപ്പെടുത്താനുള്ള കേന്ദ്ര സർക്കാരിന്റെ നിയമനിർമ്മാണം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ധാതുസമ്പത്തുള്ള ഭൂമിയുടെ നിയന്ത്രണം സംബന്ധിച്ച് ആശങ്കകളുണ്ടോ;

(സി) ഖനനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഹാൻവീവ് തൊഴിലാളികളുടെ കുടിശ്ശികയായ ശമ്പളവും ആനുകൂല്യങ്ങളും</u>

2342 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ്) ജീവനക്കാർക്കും തൊഴിലാളികൾക്കും നിലവിൽ ശമ്പളം

മുടങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഹാൻവീവിലെ തൊഴിലാളികൾക്ക് എത്ര മാസത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമാണ് കുടിശ്ശികയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ എത്ര മാസങ്ങളായി ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭിക്കുന്നില്ല; ഇത് പരിഹരിക്കുന്നതിന് സ്ഥാപന മാനേജ്മെന്റും സർക്കാരും കൈക്കൊണ്ട നടപടികൾ ഏതൊക്കെയാണ്;

(ഡി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിൽ ഉൾപ്പെടെ കൈത്തറി വസ്ത്രങ്ങൾ നെയ്തു നൽകിയ ഇനത്തിൽ ഹാൻവീവിന് ലഭിക്കാനുള്ള കുടിശ്ശിക തുക എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇത് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) തൊഴിലാളികളുടെ കുടിശ്ശികയായ ശമ്പളവും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള വിരമിക്കൽ ആനുകൂല്യങ്ങളും അടിയന്തരമായി നൽകുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>സർക്കാർ വകുപ്പുകളിലും പൊതുസേവനങ്ങളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്</u>**

2343 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും സേവനങ്ങൾ ലഭ്യമാക്കുന്നതിനും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ഓഫീസുകളിലെ ഫയൽ നടപടികൾ, അപേക്ഷകളുടെ പരിശോധന, വിവരശേഖരണം, രേഖകളുടെ ഡിജിറ്റൈസേഷൻ, പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ എ.ഐ. പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സർക്കാർ ജീവനക്കാരുടെ ദൈനംദിന ജോലികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജോലിഭാരം കുറയ്ക്കുന്നതിനും എ.ഐ. അധിഷ്ഠിത ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും ജീവനക്കാർക്ക്

ആവശ്യമായ പരിശീലനം നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എ.ഐ. സാങ്കേതികവിദ്യയുടെ ഉപയോഗവുമായി ബന്ധപ്പെട്ട് വിവരസുരക്ഷ, വ്യക്തിഗത വിവരങ്ങളുടെ സ്വകാര്യത, തീരുമാനങ്ങളിലെ കൃത്യത എന്നിവ ഉറപ്പാക്കുന്നതിന് മാർഗനിർദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എ.ഐ. അധിഷ്ഠിത സേവനങ്ങൾ നടപ്പിലാക്കുന്നതിനും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ?

<u>ഭരണരംഗത്ത് ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗം</u>

2344 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ആദ്യ എ.ഐ. വകുപ്പ് രൂപീകരിച്ച സംസ്ഥാനമെന്ന നിലയിൽ, ഭരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പൊതുജന സേവനങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിതമായി എന്തെല്ലാം പുതിയ പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എ.ഐ. സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി സർക്കാരിന്റെ സേവനങ്ങൾ പൊതുജനങ്ങളിലേക്ക് കൂടുതൽ വേഗത്തിലും സുതാര്യമായും എത്തിക്കുന്നതിന് പദ്ധതികളുണ്ടോ; വിശദമാക്കാമോ;

(സി) സർക്കാർ ഓഫീസുകളിലെ ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും അഴിമതിയും കാലതാമസവും പൂർണ്ണമായി ഒഴിവാക്കുന്നതിനും എ.ഐ. ടൂളുകൾ പ്രയോജനപ്പെടുത്തുന്നതിനായി എന്തെങ്കിലും കർമ്മപദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>നൂതന സാങ്കേതികവിദ്യകളിൽ പരിശീലനം</u>

2345 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകളിൽ കേരളത്തിലെ യുവതീ യുവാക്കൾക്ക് പരിശീലനം നൽകി സംസ്ഥാനത്തിനകത്തും പുറത്തും തൊഴിൽ ലഭ്യമാക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; അടുത്ത അഞ്ച് വർഷത്തേക്കുള്ള ഇവയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം വികസനം**

2346 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ പ്രത്യേകിച്ച് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ സ്റ്റാർട്ടപ്പിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം ശക്തിപ്പെടുത്തുന്നതിനും വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും പിന്തുണയും നൽകുന്നതിന് തിരുവനന്തപുരം, കൊച്ചി മാതൃകയിൽ മലബാർ മേഖലയിൽ സ്റ്റാർട്ടപ്പ് ഹബ്ബ്/സ്റ്റാർട്ടപ്പ് സെന്റർ സ്ഥാപിക്കുന്നതിനോ സമാന സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനോ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കാമോ;

(സി) എല്ലാവിധ യാത്രാ സൗകര്യവുമുള്ള കൊണ്ടോട്ടി മണ്ഡലത്തിലെ എയർപോർട്ട് പരിസരത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി സ്റ്റാർട്ടപ്പ് ഹബ്ബ്/സ്റ്റാർട്ടപ്പ് സെന്റർ സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

**സ്റ്റാർട്ടപ്പുകൾ തുടങ്ങാനുള്ള പ്രോത്സാഹനം**

2347 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളെയും പുതുതലമുറയെയും ആകർഷിക്കുന്നതിന് വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

**താനൂർ നിയോജക മണ്ഡലത്തിലെ സബ്സ്റ്റേഷനുള്ള സ്ഥലം ഏറ്റെടുക്കൽ**

2348 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ താനൂർ 33 കെ.വി. സബ്സ്റ്റേഷൻ പദ്ധതിക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) താനൂർ നിയോജകമണ്ഡലത്തിലെ പൊന്മുണ്ടം 110 കെ.വി. സബ്സ്റ്റേഷൻ പദ്ധതിക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ വിശദീകരിക്കാമോ;

(സി) താനൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടെ മലപ്പുറം ജില്ലയിലെ വിവിധ കെ.എസ്.ഇ.ബി. ഓഫീസുകളിൽ താൽക്കാലികമായും കരാറടിസ്ഥാനത്തിലും സേവനം ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ, അവർ ജോലി ചെയ്യുന്ന ഓഫീസ്, തസ്തിക എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**മാർമല ജലവൈദ്യുത പദ്ധതി**

2349 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർമല ജലവൈദ്യുത പദ്ധതിക്ക് നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികളും പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**പരപ്പനങ്ങാടി സദ്ദാം ബീച്ച് ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ**

2350 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി സദ്ദാം ബീച്ച് റോഡ് വളവിൽ അപകടകരമായി സ്ഥിതിചെയ്യുന്ന ട്രാൻസ്ഫോർമർ തൊട്ടടുത്ത സുരക്ഷിത സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ വിഷയത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികൾ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ അപകടകരമായ ട്രാൻസ്ഫോർമറുകളും വൈദ്യുത ലൈനുകളും മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ .ബി. മുൻഗണന നൽകാറുണ്ടോ; വിശദമാക്കാമോ;

(ഡി) പരപ്പനങ്ങാടി സദ്ദാം ബീച്ചിൽ ഏത് സമയത്തും ഗുരുതരമായ അപകടമുണ്ടാകുന്ന വിധത്തിൽ സ്ഥിതി ചെയ്യുന്ന ഈ ട്രാൻസ്ഫോർമർ തൊട്ടടുത്ത സുരക്ഷിതസ്ഥാനത്തേക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ ആകുമെന്ന് വിശദമാക്കാമോ?

## വെഞ്ചാലി 220 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

2351 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ നിർദ്ദിഷ്ട 220 കെ.വി. വെഞ്ചാലി സബ് സ്റ്റേഷൻ നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡി.പി.ആർ. പകർപ്പ് സഹിതം വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ നിർമ്മാണ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ പദ്ധതി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

## അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ചർ (എ.എം.ഐ) സ്മാർട്ട് മീറ്റർ പദ്ധതി

2352 **ശ്രീ. വി. എസ്. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഊർജമേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് രാജ്യവ്യാപകമായി നടപ്പാക്കിവരുന്ന റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്)-ന്റെ ഭാഗമായി കേരളത്തിൽ ഇതുവരെ നടപ്പാക്കിയതും നിലവിൽ പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കീമിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ) നടപ്പാക്കിവരുന്ന എ.എം.ഐ സ്മാർട്ട് മീറ്റർ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; സർക്കാർ ഉപഭോക്താക്കൾ, എച്ച്.റ്റി ഉപഭോക്താക്കൾ, ഫീഡറുകൾ, വിതരണ ട്രാൻസ്ഫോർമറുകൾ എന്നിവയ്ക്കുള്ള മീറ്ററുകൾ ഉൾപ്പെടെ എ.എം.ഐ സ്മാർട്ട് മീറ്റർ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഏകദേശം 3 ലക്ഷം സ്മാർട്ട് മീറ്ററുകളിൽ ഇതുവരെ എത്രയെണ്ണമാണ് കമ്മീഷൻ ചെയ്തിട്ടുള്ളതെന്ന കണക്ക് ഇനംതിരിച്ച് ലഭ്യമാക്കാമോ;

(സി) എ.എം.ഐ സ്മാർട്ട് മീറ്റർ പദ്ധതിയിലെ ഡാറ്റാ ആശയവിനിമയത്തിനായി റേഡിയോ ഫ്രീക്വൻസി (ആർ.എഫ്), സെല്ലുലാർ സാങ്കേതികവിദ്യകളാണോ അതോ ഇവ രണ്ടിന്റെയും സംയോജനമാണോ ഉപയോഗിക്കുന്നത്; ഓരോ വിഭാഗം മീറ്ററിനും ഉപയോഗിക്കുന്ന സാങ്കേതികവിദ്യ ഏതെന്ന് വ്യക്തമാക്കാമോ;

(ഡി) എ.എം.ഐ സ്മാർട്ട് മീറ്ററുകളിൽനിന്നുള്ള ഡാറ്റാ ആശയവിനിമയത്തിലും കൈമാറ്റത്തിലും കെ.എസ്.ഇ.ബി.എൽ-ന്റെ പങ്കാളിത്തമുള്ള കെ-ഫോണിന്റെ പങ്ക് എന്താണ്; ഈ പദ്ധതിക്കായി കെ-ഫോണിന്റെ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല, ഡാറ്റാ സെന്റർ അല്ലെങ്കിൽ മറ്റ് സേവനങ്ങൾ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) എ.എം.ഐ സ്മാർട്ട് മീറ്റർ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ട 50 ലക്ഷം മീറ്ററുകളുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഒന്നാം ഘട്ടത്തിലെ പ്രവർത്തനഗുണമേന്മ, സാങ്കേതിക പ്രകടനം, ഡാറ്റാ സുരക്ഷ, ഉപഭോക്തൃസേവനം എന്നിവ വിലയിരുത്തി തൃപ്തികരമാണെന്ന്

ഉറപ്പുവരുത്തുന്നതുവരെ രണ്ടാം ഘട്ട ഓർഡർ നടപടികൾ മരവിപ്പിക്കാൻ കെ.എസ്.ഇ.ബി.എൽ -ന് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

**വൈദ്യുതി പ്രതിസന്ധിയും സൗരോർജ്ജ പദ്ധതികളുടെ പുരോഗതിയും**

2353 **ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. ബി. ബി. ഗോപകുമാർ**

**ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലെ പ്രതിദിന വൈദ്യുതി ആവശ്യകതയും ക്ഷാമവും എത്രയെന്ന് വിശദമാക്കാമോ; ഇത് പരിഹരിക്കാൻ കെ.എസ്.ഇ.ബി. പുറത്തുനിന്നും അധിക തുകയ്ക്ക് വൈദ്യുതി വാങ്ങുന്നതിനായി പ്രതിമാസം എത്ര രൂപ ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി കേന്ദ്രസർക്കാർ നടപ്പിലാക്കിയ പി.എം.സൂര്യഘർ സൗജന്യ ബിജിലി യോജന വഴി സംസ്ഥാനത്ത് ഇതുവരെ എത്ര വീടുകളിൽ റൂഫ്ടോപ്പ് സോളാർ സംവിധാനം സ്ഥാപിച്ചിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) വീടുകളിലും സ്ഥാപനങ്ങളിലും സോളാർപാനലുകൾ സ്ഥാപിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണമാണ് തീർപ്പാക്കാനുള്ളത്; വീടുകളിൽ കണക്ഷൻ നൽകുന്നതിലുണ്ടാകുന്ന കാലതാമസവും മറ്റ് തടസ്സങ്ങളും സോളാർ പദ്ധതികളുടെ പുരോഗതിയെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേന്ദ്ര പിന്തുണ പരമാവധി പ്രയോജനപ്പെടുത്തി സൗരോർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സാധാരണക്കാർക്ക് തടസ്സമില്ലാതെ സോളാർ കണക്ഷൻ ലഭ്യമാക്കുന്നതിനും കെ.എസ്.ഇ.ബി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**പൊതുകെട്ടിടങ്ങളിൽ സൗരോർജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി**

2354 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ, സർക്കാർ വിദ്യാലയങ്ങൾ, ആശുപത്രികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ തുടങ്ങിയ പൊതുകെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ പാനലുകൾ സ്ഥാപിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം ഒല്ലൂർ നിയമസഭാ മണ്ഡലത്തിലെ പൊതുകെട്ടിടങ്ങളിൽ സൗരോർജ പാനലുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും ഇത്തരത്തിൽ സൗരോർജ പാനലുകൾ സ്ഥാപിക്കുന്നതിന് കണ്ടെത്തിയിട്ടുള്ളതും അനുമതി ലഭിച്ചിട്ടുള്ളതുമായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) കൂടുതൽ പൊതുകെട്ടിടങ്ങളിൽ സൗരോർജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ചെലവ് കുറയ്ക്കുന്നതിനും മിച്ചവൈദ്യുതി ഗ്രിഡിലേക്ക് നൽകുന്നതിനും ലക്ഷ്യമിട്ട് ഒല്ലൂർ മണ്ഡലത്തിൽ പ്രത്യേക പദ്ധതി നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>**ഇ.വി. ചാർജിങ് സ്റ്റേഷനുകൾ**</u>

2355 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി സ്ഥാപിച്ചിട്ടുള്ള ഇ.വി. ചാർജിങ് സ്റ്റേഷനുകളുടെ എണ്ണവും അവയിൽ നിലവിൽ പ്രവർത്തിക്കുന്നവയുടെ എണ്ണവും ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് അനർട്ട് സ്ഥാപിച്ചിട്ടുള്ള ഇ.വി. ചാർജിങ് സ്റ്റേഷനുകളുടെ എണ്ണവും അവയിൽ നിലവിൽ പ്രവർത്തിക്കുന്നവയുടെ എണ്ണവും ജില്ല തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് കെ.എസ്.ഇ.ബി., അനർട്ട് എന്നിവ കൂടാതെ സർക്കാർ ഏജൻസികൾ ഇ.വി. ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദവിവരം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ഡി) സർക്കാർ ഏജൻസികൾ സ്ഥാപിച്ചിട്ടുള്ള ഇ.വി. ചാർജിങ് സ്റ്റേഷനുകളിൽ പ്രവർത്തിക്കാത്തവയുണ്ടെങ്കിൽ അവ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) കെ.എസ്.ഇ.ബി, അനർട്ട് തുടങ്ങിയ ഏജൻസികൾ കമ്മീഷൻ വ്യവസ്ഥയിലോ ലാഭവിഹിതം പങ്കുവെക്കുന്ന വ്യവസ്ഥയിലോ സ്വകാര്യ വ്യക്തികൾക്ക് ഇ.വി. ചാർജിങ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ എന്നും അനുമതി നൽകിയിട്ടില്ലെങ്കിൽ ഇലക്ട്രിക് വാഹനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അനുമതി ലഭ്യമാക്കുമോ എന്നും വ്യക്തമാക്കാമോ?

## <u>പുനരുപയോഗ ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം</u>

2356 **ശ്രീ. റെജി ചെറിയാൻ**

**ശ്രീ. അപ്പു ജോൺ ജോസഫ്**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ദീർഘകാല ഊർജ്ജ ആവശ്യങ്ങൾ കണക്കിലെടുത്ത് രൂപപ്പെടുത്തിയിട്ടുള്ള പുനരുപയോഗ ഊർജ്ജസ്രോതസുകൾ അടിസ്ഥാനപ്പെടുത്തിയുള്ള പദ്ധതികളുടെ പ്രവർത്തനം വിശദമാക്കാമോ;

(ബി) വൻതോതിലുള്ള സൗരോർജ്ജ - കാറ്റാടി ഊർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിൽ കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന പരിമിതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വൈദ്യുതോല്പാദനത്തിനായി സംസ്ഥാനത്ത് എത്ര പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നിലവിലുണ്ടെന്നും ഇവയിൽനിന്നുള്ള ഉത്പാദനം എത്രയെന്നും അറിയിക്കാമോ; ഇത്തരം കൂടുതൽ പദ്ധതികൾ ആലോചനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) ഫ്ലോട്ടിംഗ് സോളാർ പദ്ധതികളിലൂടെയുള്ള വൈദ്യുതി ഉൽപ്പാദനശേഷി കണക്കാക്കിയിട്ടുണ്ടോ; വൈദ്യുതി വകുപ്പിന് കീഴിൽ എത്ര ഫ്ലോട്ടിംഗ് സോളാർ പദ്ധതികളുണ്ടെന്നും പുതിയവ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കാമോ?

## <u>അരുവിക്കര മണ്ഡലത്തിലെ ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ</u>

2357 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയതായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(സി) പുതിയതായി ആരംഭിക്കുന്ന സ്ഥലങ്ങളിൽ അത്യാധുനിക ഹൈപവർ ഫാസ്റ്റ് ചാർജറുകൾ (120KW) സ്ഥാപിക്കുന്നതിനും നിലവിലുള്ളവ ഈ സംവിധാനത്തിലേക്ക് മാറ്റുന്നതിനും നടപടി സ്വീകരിക്കുമോ?

<u>**പമ്പ് ഹൗസുകളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭിക്കാൻ നടപടി**</u>

2358 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പമ്പ് ഹൗസുകളിൽ വർഷം മുഴുവൻ സ്ഥിരമായി വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പമ്പ് ഹൗസുകളിൽ സ്ഥിരം വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ പമ്പ് ഹൗസുകളോട് അനുബന്ധിച്ച് സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>**വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പദ്ധതി**</u>

2359 **ശ്രീ. വി. ടി. ബൽറാം**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**

**ശ്രീ. മുഹമ്മദ് ഷിയാസ്**

**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ തെർമൽ പവർ കോർപ്പറേഷനുമായി ചേർന്ന് കേരളത്തിന്റെ ഭാവി ഊർജ്ജ ആവശ്യം നിറവേറ്റാൻ പദ്ധതികൾക്ക് ധാരണയായോ; വിശദമാക്കുമോ;

(ബി) കായംകുളത്ത് 2000 മെഗാവാട്ട് അവർ ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം, 27 മെഗാവാട്ട് ശേഷിയുള്ള സൗരോർജ പദ്ധതി എന്നിവ സ്ഥാപിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ വേഗത്തിലാക്കുന്നതിനും ധാരണയായോ; വ്യക്തമാക്കുമോ;

(സി) എൻ.ടി.പി.സി.-യുടെ വിവിധ വൈദ്യുത നിലയങ്ങളിൽനിന്ന് കുറഞ്ഞ നിരക്കിൽ ദീർഘകാലത്തേക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനും സംസ്ഥാനത്തിനായി പ്രത്യേക താപ വൈദ്യുത നിലയം സ്ഥാപിക്കുന്നതിനും എൻ.ടി.പി.സി.-യോട് ആവശ്യപ്പെട്ടുമോ; വിശദമാക്കുമോ?

<u>സംസ്ഥാനത്ത് ആകെ ഉത്പാദിപ്പിച്ച സൗരോർജ്ജം</u>

2360 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുള്ള സർക്കാരുകളുടെ കാലയളവിൽ സംസ്ഥാനത്ത് ആകെ ഉൽപ്പാദിപ്പിച്ച സൗരോർജത്തിന്റെ അളവ് എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ വൈദ്യുതി ഗ്രിഡിലേക്ക് കൈമാറിയ സൗരോർജത്തിന്റെ അളവ് എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സൗരോർജം ഗ്രിഡിലേക്ക് സ്വീകരിക്കുന്നതിന് ആവശ്യമായ ട്രാൻസ്ഫോർമർ ശേഷിയുടെ അപര്യാപ്തത മൂലം പുതിയ കണക്ഷനുകൾക്ക് അനുമതി നൽകാൻ കഴിയാതെ എത്ര കിലോവാട്ട് ശേഷിയിലുള്ള അപേക്ഷകളാണ് നിലവിൽ തീർപ്പാക്കാതെ മാറ്റിവെച്ചിരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രതിദിനം ശരാശരി എത്ര അളവ് ജലവൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ?

## പെരിന്തൽമണ്ണ മണ്ഡലത്തിലെ കെ.എസ്.ഇ.ബി പ്രവൃത്തികൾ

2361 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി. സെക്ഷനുകൾക്ക് കീഴിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ സെക്ഷൻ തിരിച്ചുള്ള തുക ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഓരോ സെക്ഷന് കീഴിലും പൂർത്തീകരിച്ച പദ്ധതികളുടെ സെക്ഷൻ തിരിച്ചുള്ള തുക ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) നിയോജകമണ്ഡലത്തിലെ ഓരോ സെക്ഷന് കീഴിലും ഭരണാനുമതിയോ സാങ്കേതികാനുമതിയോ ലഭ്യമായ പ്രവൃത്തികളുടെ സെക്ഷൻ തിരിച്ചുള്ള തുക ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) മണ്ഡലത്തിലെ വിവിധ സെക്ഷനുകൾക്ക് കീഴിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായി ടെൻഡർ നടപടികൾ സ്വീകരിക്കേണ്ട പ്രവൃത്തികളുടെ സെക്ഷൻ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

## നേമം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമവും വൈദ്യുതി ശൃംഖലയുടെ നവീകരണവും

2362 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ വോൾട്ടേജ് വ്യതിയാനവും അടിക്കടിയുള്ള വൈദ്യുതി തടസ്സങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രിഡ് സോളാർ സ്ഥാപിക്കുന്നവർക്ക് നെറ്റ് മീറ്റർ നൽകാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നെറ്റ് മീറ്റർ ക്ഷാമത്തിന്റെ കാരണം എന്താണ് എന്നത് വ്യക്തമാക്കുമോ; പ്രതിസന്ധി

പരിഹരിക്കാൻ ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(സി) നെറ്റ് മീറ്റർ പ്രതിസന്ധി കാരണം എത്ര കെ.വി.വൈദ്യുതി ഉത്പാദനമാണ് പുരപ്പുറ സോളാർ പദ്ധതി പ്രകാരം മുടങ്ങിക്കിടക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

**<u>ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (ബി.ഇ.എസ്.എസ്.)പദ്ധതി</u>**

2363 **ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പീക്ക് അവറുകളിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും പുനരുപയോഗ ഊർജത്തെ വൈദ്യുതി ശൃംഖലയുമായി സംയോജിപ്പിക്കുന്നതിനുമായി ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (ബി.ഇ.എസ്.എസ്.) പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഈ പദ്ധതി പ്രകാരം ഏതൊക്കെ പ്രദേശങ്ങളിലാണ്/ സബ്സ്റ്റേഷനുകളിലാണ് ബി.ഇ.എസ്.എസ്. യൂണിറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; പ്രസ്തുത യൂണിറ്റുകളുടെ ആകെ വൈദ്യുതി സംഭരണശേഷി എത്രയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവ് കുറയ്ക്കുന്നതിനും ഗ്രിഡിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിനും കെ.എസ്.ഇ.ബി.-യ്ക്ക് എത്രത്തോളം നേട്ടമുണ്ടാക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; പദ്ധതി യാഥാർഥ്യമാക്കാൻ ഉദ്ദേശിക്കുന്ന സമയക്രമം വ്യക്തമാക്കാമോ?

**കെ.എസ്.ഇ.ബി. യുടെ പ്രസരണ-വിതരണ നഷ്ടം**

2364 **ശ്രീ. കെ. എം. അഭിജിത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കേരളത്തിലെ ആകെ സാങ്കേതികവും വാണിജ്യപരവുമായ പ്രസരണ-വിതരണ നഷ്ടം എത്ര ശതമാനം വീതമായിരുന്നു; പ്രസരണനഷ്ടം, വിതരണനഷ്ടം,മൊത്തം ട്രാൻസ്മിഷൻ & ഡിസ്ട്രിബ്യൂഷൻ (റ്റി & ഡി) നഷ്ടം, അഗ്രഗേറ്റ് ടെക്നിക്കൽ ആന്റ് കൊമേഴ്സ്യൽ (എ.ടി & സി) നഷ്ടം എന്നിവ പ്രത്യേകം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതോൽപ്പാദനവും മറ്റു സംസ്ഥാനങ്ങളിൽനിന്നും വാങ്ങിയ വൈദ്യുതിയും ചേർന്ന് ആകെ ലഭ്യമാക്കിയ വൈദ്യുതിയും അതിന്റെ റ്റി&ഡി നഷ്ടവും എത്ര ശതമാനവും എത്ര മില്യൺ യൂണിറ്റും ആയിരുന്നു; ആഭ്യന്തര ഉൽപ്പാദനം, വൈദ്യുതി വാങ്ങൽ, ഗ്രിഡിലേക്ക് ലഭിച്ച ആകെ വൈദ്യുതി, ഉപഭോക്താക്കൾക്ക് വിതരണം ചെയ്ത വൈദ്യുതി, അതിന്റെ റ്റി & ഡി നഷ്ടം എന്നിവയും തരം തിരിച്ചു കണക്ക് ലഭ്യമാക്കുമോ;

(സി) കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 2006 -ലെ മീറ്ററിംഗ് ചട്ടങ്ങൾ/ മാനദണ്ഡങ്ങൾ പ്രകാരം വിവിധ സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റുകൾ അല്ലെങ്കിൽ പ്രസരണ-വിതരണ വിഭാഗങ്ങൾ തമ്മിലുള്ള വൈദ്യുതി കൈമാറ്റം രേഖപ്പെടുത്തുന്നതിനും നഷ്ടം കൃത്യമായി നിർണയിക്കുന്നതിനുമായി ആവശ്യമായ ഓഡിറ്റ് മീറ്ററുകൾ എല്ലാ പ്രസക്തമായ സബ്സ്റ്റേഷനുകളിലും സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) ട്രാൻസ്മിഷൻ സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റും ഡിസ്ട്രിബ്യൂഷൻ സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റും തമ്മിലുള്ള ഇന്റർഫേസ് പോയിന്റുകൾ നിർണയിച്ച് എനർജി കൺസർവേഷൻ ആക്ട്, 2001 പ്രകാരമുള്ള ഊർജ്ജ ഓഡിറ്റിനായി ആവശ്യമായ ഇന്റർഫേസ് മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ എണ്ണം, സ്ഥാനം, വോൾട്ടേജ് തലങ്ങൾ എന്നിവ വ്യക്തമാക്കാമോ;

(ഇ) ഇന്റർഫേസ് മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ 110 കെ.വി.-യ്ക്കും അതിനു മുകളിലുമുള്ള സബ്സ്റ്റേഷനുകളിൽനിന്ന് 2023-24, 2024-25 സാമ്പത്തിക

വർഷങ്ങളിൽ വിതരണ മേഖലയിലേക്ക് കൈമാറിയ വൈദ്യുതിയുടെ അളവ് സംബന്ധിച്ച കണക്ക് സബ്സ്റ്റേഷൻ തിരിച്ചും വോൾട്ടേജ് തലം തിരിച്ചും മില്യൺ യൂണിറ്റിൽ ലഭ്യമാക്കാമോ;

(എഫ്) ഇപ്രകാരം സ്ഥാപിച്ചിട്ടുള്ള എല്ലാ ഇന്റർഫേസ്/ഓഡിറ്റ് മീറ്ററുകളും നിലവിൽ പ്രവർത്തനക്ഷമവും കൃത്യതാപരിശോധനയ്ക്ക് വിധേയവുമാണോ; പ്രവർത്തനരഹിതമോ തകരാറിലോ കാലിബ്രേഷൻ/പരിശോധന കാലാവധി കഴിഞ്ഞതോ ആയ മീറ്ററുകളുടെ എണ്ണം, സ്ഥാനം, പരിഹാരനടപടികൾ എന്നിവ ലഭ്യമാക്കാമോ;

(ജി) പ്രസരണ-വിതരണ നഷ്ടനിരക്കുകൾ കണക്കാക്കാൻ ഇന്റർഫേസ്/ഓഡിറ്റ് മീറ്ററുകളിൽനിന്ന് ലഭിക്കുന്ന വിവരങ്ങളാണോ പ്രധാനമായും ഉപയോഗിക്കുന്നത്; അല്ലെങ്കിൽ ഡാറ്റാ ഉറവിടങ്ങൾ, കണക്കുകൂട്ടൽ രീതി, അനുമാനങ്ങൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>പടിഞ്ഞാറെകല്ലടയിൽ പുതിയ ഇലക്ട്രിക്കൽ സബ് ഓഫീസ്</u>**

2365 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പടിഞ്ഞാറെകല്ലട പ്രദേശം ഏത് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലാണ് വരുന്നതെന്നും നിലവിലെ ഓഫീസിൽ നിന്നും പടിഞ്ഞാറെകല്ലട പഞ്ചായത്തിലെ വിവിധ വാർഡുകളിലേക്കുള്ള ദൂരക്കൂടുതൽ കാരണം ഉപഭോക്താക്കൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) എങ്കിൽ പടിഞ്ഞാറെകല്ലട ഗ്രാമപഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് വേഗത്തിൽ സേവനം ലഭിക്കുന്നതിനായി ഒരു പുതിയ ഇലക്ട്രിക്കൽ സബ് ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) പടിഞ്ഞാറെകല്ലടയിൽ പുതിയ ഇലക്ട്രിക്കൽ സബ് ഓഫീസ് സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എന്തെങ്കിലും പഠനമോ സർവേയോ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ?

**<u>വൈദ്യുതിദുർവിനിയോഗം തടയാൻ നടപടി</u>**

2366 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനത്തിൽ കാലാവസ്ഥാവ്യതിയാനമനുസരിച്ച് ഏറ്റക്കുറച്ചിലുകൾ വരുകയും ഇതര സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി വിലയ്ക്ക് വാങ്ങേണ്ടിവരുകയും ചെയ്യുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിനുള്ളിൽ വൈദ്യുതിയുടെ ദുർവിനിയോഗം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(ബി) ഏതെല്ലാം തരത്തിലുള്ള വൈദ്യുതി ദുർവിനിയോഗങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്നും അവ തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) കടകളിലും വ്യാപാരസ്ഥാപനങ്ങളിലും തെരുവുകളിലും മറ്റ് സ്ഥാപനങ്ങളിലും വൈദ്യുതി വിളക്കുകളുടെ പ്രളയം സൃഷ്ടിച്ച് ആവശ്യത്തിന് വേണ്ടതിനം രണ്ടും മൂന്നും ഇരട്ടി പ്രകാശം സൃഷ്ടിക്കുന്ന നടപടികൾ KSEB ഉദ്യോഗസ്ഥർ പരിശോധിച്ച് തടയുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## <u>സോളാർ പാനലുകളുടെ വ്യാപനവും ട്രാൻസ്ഫോർമർ കപ്പാസിറ്റി സംബന്ധമായ പരാതികളും</u>

2367 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ പാനലുകൾ വ്യാപകമായി സ്ഥാപിക്കുന്നതുമൂലം ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റിയിൽ അപര്യാപ്തതയുണ്ടാകുന്നതായി ഉപഭോക്താക്കളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ നിന്നാണ് നിവേദനങ്ങൾ ലഭിച്ചത് എന്നതിന്റെ വിവരങ്ങളും അവയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതിയും വിശദമാക്കാമോ?

## <u>തേവലക്കര, ചിറ്റുമല എന്നിവിടങ്ങളിൽ പുതിയ ഇലക്ട്രിക് സബ്സ്റ്റേഷനുകൾ</u>

2368 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) തേവലക്കര, ചിറ്റുമല എന്നിവിടങ്ങളിൽ പുതിയ വൈദ്യുത സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷനുകൾ എന്നത്തേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>വൈദ്യുതി മേഖലയിലെ മലപ്പുറം പാക്കേജിന്റെ നിലവിലെ സ്ഥിതി</u>

2369 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കേണ്ട പല പ്രവൃത്തികളും ടെൻഡർ നടപടികളിലെ സാങ്കേതിക തടസ്സങ്ങൾ ഉൾപ്പെടെയുള്ള കാരണങ്ങളാൽ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിന് സർക്കാർതലത്തിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ഇത്തരം വികസന പദ്ധതികൾക്കാവശ്യമായ സെൻട്രലൈസ്ഡ് പർച്ചേസ് നടപടികളിൽ നിലവിൽ തടസ്സങ്ങളുണ്ടോ; അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>RDSS പദ്ധതിയും സ്മാർട്ട് മീറ്റർ സ്ഥാപിക്കലും.</u>

2370 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്)-ന്റെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ നടപ്പാക്കിയതും പുരോഗമിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ പുരോഗതി എന്താണെന്നും വ്യക്തമാക്കുമോ;

(ബി) ആർ.ഡി.എസ്.എസ്.-ന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പാക്കുന്ന അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ചർ (എ.എം.ഐ) സ്മാർട്ട് മീറ്റർ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സ്ഥാപിക്കാൻ ലക്ഷ്യമിട്ട ഏകദേശം 3 ലക്ഷം മീറ്ററുകളിൽ ഇതുവരെ എത്രത്തോളം മീറ്ററുകൾ സ്ഥാപിക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതിയിൽ സ്മാർട്ട് മീറ്ററുകളിൽ നിന്നുള്ള ഡാറ്റാ ആശയവിനിമയത്തിനായി ഉപയോഗിക്കുന്ന സാങ്കേതികവിദ്യ ഏതാണെന്നും റേഡിയോ ഫ്രീക്വൻസി, സെല്ലുലാർ സാങ്കേതികവിദ്യകൾ ഏതെങ്കിലും രീതിയിൽ സംയോജിപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; പദ്ധതിയിൽ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (KFON)-ന്റെ ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയോ ഡാറ്റാ സെന്ററോ മറ്റ് സേവനങ്ങളോ ഉപയോഗിക്കുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്മാർട്ട് മീറ്ററുകൾ, ആശയവിനിമയ ശൃംഖല, ഹെഡ് എൻഡ് സിസ്റ്റം (എച്ച്.ഇ.എസ്), മീറ്റർ ഡാറ്റാ മാനേജ്മെന്റ് സിസ്റ്റം (എം.ഡി.എം.എസ്), ബില്ലിംഗ് സംവിധാനം എന്നിവയുടെ ഏകോപനത്തിനും സംയോജനത്തിനുമായി അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ചർ സർവീസ് പ്രൊവൈഡർ (എ.എം.ഐ.എസ്.പി) മാതൃകയിൽ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏജൻസിയുടെ പേരും ചുമതലകളും കരാർ വ്യവസ്ഥകളും വ്യക്തമാക്കുമോ;

(ഇ) ഒന്നാം ഘട്ടത്തിലെ സ്മാർട്ട് മീറ്റർ പദ്ധതിയുടെ സാങ്കേതിക പ്രകടനം, ഡാറ്റാ സുരക്ഷ, പ്രവർത്തനഗുണമേന്മ, ഉപഭോക്തൃസേവനം എന്നിവ വിലയിരുത്തുന്നതിനും ബന്ധപ്പെട്ട കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഒന്നാം ഘട്ടത്തിന്റെ പ്രവർത്തനഫലം വിലയിരുത്തി തൃപ്തികരമാണെന്ന് ഉറപ്പുവരുത്തിയശേഷം മാത്രം രണ്ടാം ഘട്ടത്തിലേക്കുള്ള തുടർനടപടികൾ സ്വീകരിക്കാൻ നിർദേശം നൽകുമോ;

(എഫ്) റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീമിന്റെ ഭാഗമായി എ.എം.ഐ പദ്ധതികൾ നടപ്പാക്കുന്നതിൽ സാങ്കേതിക ഉപദേശവും സഹായവും ലഭ്യമാക്കുന്നതിനായി പവർ ഫിനാൻസ് കോർപറേഷൻ (പി.എഫ്.സി), റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപറേഷൻ (ആർ.ഇ.സി)

എന്നിവിടങ്ങളിലെ വിദഗ്ധരുടെ സേവനം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച നിർദേശങ്ങളും അവ നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

**<u>കെ.എസ്.ഇ.ബി.യിലെ താൽക്കാലിക/കരാർ നിയമനരീതി</u>**

2371 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സെക്ഷൻ ഓഫീസുകൾ, സബ്സ്റ്റേഷനുകൾ, മറ്റ് ഓഫീസുകൾ എന്നിവിടങ്ങളിലേക്ക് താൽക്കാലിക ജീവനക്കാരെയും ഡ്രൈവർമാരെയും നിയമിക്കുന്നതിന് നിലവിൽ ലേലം/ക്വട്ടേഷൻ സമ്പ്രദായമാണോ പിന്തുടരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റവും കുറഞ്ഞ തുകയ്ക്ക് ലേലം പിടിക്കുന്ന കരാറുകാർക്ക് പ്രവൃത്തി ഏൽപ്പിക്കുന്നതിലൂടെ തൊഴിലാളികൾക്ക് സർക്കാരും ലേബർ കമ്മീഷണറും നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം പോലും ലഭിക്കുന്നില്ലെന്നും വ്യാപകമായ വേതനചൂഷണം നടക്കുന്നുണ്ടെന്നുമുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ഇത്തരത്തിൽ ക്വട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട കരാർ ജീവനക്കാർക്ക് ലഭിക്കുന്ന ശരാശരി പ്രതിദിന വേതനം എത്രയാണെന്നും കരാറുകാർ ഈടാക്കുന്ന വിഹിതം എത്രയാണെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇ.എസ്.ഐ., പി.എഫ്., അപകട ഇൻഷുറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിലവിൽ കെ.എസ്.ഇ.ബി.യിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) താൽക്കാലിക ജീവനക്കാരെ ചൂഷണത്തിന് ഇടയാക്കുന്ന ക്വട്ടേഷൻ/ലേല സമ്പ്രദായം അവസാനിപ്പിച്ച്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ മിനിമം വേതനവും തൊഴിൽസുരക്ഷയും ഉറപ്പാക്കുന്ന

സുതാര്യമായ വ്യവസ്ഥകൾ പ്രകാരമോ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെങ്കിലും നിർദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

**ഗാർഹിക സോളാർ പ്ലാന്റുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതിയുടെ സാമ്പത്തിക കൈമാറ്റം**

2372 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക സോളാർ പ്ലാന്റുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതിയുടെ തുക ഉപഭോക്താവിന് കൈമാറ്റം ചെയ്യുന്നതിന് വന്നിട്ടുള്ള കാലതാമസം സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പുതിയ റെഗുലേഷൻ പ്രകാരമാണോ 'റെഗുലേഷൻ 2020' പ്രകാരമാണോ തുക കണക്കാക്കി നൽകേണ്ടത് എന്ന കാര്യത്തിൽ നിയമപരമായ വ്യക്തത വരുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഗാർഹിക സോളാർ ഉപഭോക്താക്കൾ ഉപയോഗത്തിന് ശേഷം ഗ്രിഡിലേക്ക് നൽകുന്ന അധിക വൈദ്യുതിക്ക് (എക്സസ് ബാങ്ക്ഡ് എനർജി) കെ.എസ്.ഇ.ബി. എത്ര രൂപയാണ് യൂണിറ്റിന് നൽകുന്നത്; ഈ തുക വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

**കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ കെ.എസ്.ഇ.ബി. നടപ്പാക്കുന്ന പദ്ധതികൾ**

2373 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ ജനവാസ മേഖലകളിലും വ്യാപാരസ്ഥാപനങ്ങളിലും വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകത കണക്കിലെടുത്ത്, കുറഞ്ഞ വോൾട്ടേജ്, അമിതഭാരം, വൈദ്യുതി തടസ്സങ്ങൾ എന്നിവ പരിഹരിക്കുന്നതിനായി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ ശേഷി വർധിപ്പിക്കുന്നതിനും ഭൂഗർഭ കേബിളുകൾ ഉൾപ്പെടെയുള്ള വിതരണശൃംഖല നവീകരിക്കുന്നതിനും കെ.എസ്.ഇ.ബി. നടപ്പാക്കുന്ന പദ്ധതികൾ

എന്തെല്ലാമാണ്; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പൂർത്തീകരണ സമയപരിധിയും വ്യക്തമാക്കുമോ?

**ആണവ വൈദ്യുതിനിലയങ്ങൾ സ്ഥാപിക്കാൻ നടപടി**

2374 **ശ്രീ. ഫൈസൽ ബാബു**

**ശ്രീ. പി. കെ. ഫിറോസ്**

**ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി ആണവനിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആണവനിലയങ്ങൾ സ്ഥാപിക്കുന്നതിന് പരിഗണനയിലുള്ള പ്രദേശങ്ങൾ ഏതെല്ലാമാണ്;

(സി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി സോളാർ, കാറ്റ്, എന്നിവയിൽ നിന്നുമുള്ള വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ജലവൈദ്യുത പദ്ധതികളുടെ നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**വൈദ്യുത അപകടങ്ങളിൽപ്പെടുന്നവർക്കുള്ള ഇൻഷ്വറൻസ്**

2375 **ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത അപകടങ്ങളിൽ ജീവഹാനിയോ മറ്റ് പരിക്കുകളോ സംഭവിക്കുന്ന ജീവനക്കാർക്കും പൊതുജനങ്ങൾക്കും നിലവിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്;

(ബി) വന്യമൃഗങ്ങളെ തടയുന്നതിനായി സ്ഥാപിക്കുന്ന വൈദ്യുത വേലികളിൽ നിന്നും പൊട്ടിവീഴുന്ന വൈദ്യുത ലൈനുകളിൽ നിന്നും വൈദ്യുതാഘാതമേൽക്കുന്ന സംഭവങ്ങൾ വർധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വൈദ്യുത അപകടങ്ങളിൽപ്പെടുന്ന തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## വൈദ്യുതി ക്ഷാമം പരിഹരിക്കാനുള്ള നടപടി

2376 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ**

**ശ്രീ. പാറക്കൽ അബ്ദുല്ല**

**ശ്രീ. സി. കെ. കാസിം**

**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലെ ആഭ്യന്തര വൈദ്യുതി ഉൽപാദനത്തിന്റെ സ്ഥിതിയും (ഹൈഡൽ/സോളാർ/വിൻഡ്) പ്രതിദിന ഉൽപാദന ശേഷിയും എത്രയാണെന്ന വിവരം ലഭ്യമാക്കാമോ;

(ബി) ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി നിലവിൽ നിർമ്മാണത്തിലുള്ളതോ പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതോ ആയ ജലവൈദ്യുത-സൗരോർജ്ജ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) വേനൽക്കാലത്ത് കേന്ദ്ര പൂളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി എത്തിക്കുന്നതിനായി ഒപ്പുവെച്ചിട്ടുള്ള കരാറുകളുടെ വിശദാംശവും അതിനായി പ്രതീക്ഷിക്കുന്ന സാമ്പത്തിക ബാധ്യതയും വിശദമാക്കാമോ?

## കുറഞ്ഞ നിരക്കിലെ വൈദ്യുതി വാങ്ങൽ കരാർ

2377 **ശ്രീ. വി. കെ. സനോജ്**

**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങുന്നതിനായി 2015-ൽ ഒപ്പുവച്ച ദീർഘകാല കരാർ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) റെഗുലേറ്ററി കമ്മീഷന്റെ മുൻകൂർ അനുമതി വേണമെന്ന വ്യവസ്ഥ പാലിച്ചാണോ കരാർ ഒപ്പുവച്ചത്; ഇത് ക്രമപ്പെടുത്തുന്നതിന് എപ്പോഴാണ് നടപടി സ്വീകരിച്ചത്;

(സി) ഇക്കാര്യത്തിൽ റെഗുലേറ്ററി കമ്മീഷൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) ദീർഘകാല കരാർ റദ്ദാക്കിയ കമ്മീഷന്റെ നടപടിയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിലുള്ള കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

## പവർകട്ടും വൈദ്യുതി നിയന്ത്രണവും പൂർണ്ണമായി ഒഴിവാക്കുന്നതിനുള്ള കർമ്മപദ്ധതികൾ

2378 **ശ്രീ. വി. കെ. സനോജ്**

**ശ്രീ. കാരായി രാജൻ**

**ശ്രീ. പി. കെ. പ്രവീൺ**

**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണത്തിലൂടെ വൈദ്യുതി പ്രതിസന്ധി ഒഴിവാക്കിയ സ്ഥാനത്ത്, ഇപ്പോൾ കൈമാറ്റ വ്യവസ്ഥയിലൂടെ ലഭിക്കുന്ന അധിക വൈദ്യുതിയെ മാത്രം ആശ്രയിച്ച് മുന്നോട്ടുപോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഉപയോഗത്തിൽ അസാധാരണ വർധനവ് ഉണ്ടായില്ലെങ്കിൽ മാത്രമേ നിയന്ത്രണം ഒഴിവാക്കാൻ സാധിക്കൂ എന്ന കെ.എസ്.ഇ.ബി.യുടെ അറിയിപ്പ് സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയെയാണ് സൂചിപ്പിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ജനങ്ങളെയും വ്യവസായ മേഖലയെയും ആശങ്കയിലാക്കുന്ന തരത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന രീതി മാറ്റാൻ തയ്യാറാകുമോ;

(ഡി) പവർകട്ടും വൈദ്യുതി നിയന്ത്രണവും പൂർണ്ണമായി ഒഴിവാക്കുന്നതിന് ആവശ്യമായ വൈദ്യുതി കണ്ടെത്താൻ സ്വീകരിച്ചിട്ടുള്ള കർമ്മപദ്ധതികൾ വിശദമാക്കുമോ?

**സബ്സ്റ്റേഷനുകൾക്കും വൈദ്യുതി അടിസ്ഥാന സൗകര്യങ്ങൾക്കുമായി ഉപകരണങ്ങൾ വാങ്ങുന്നതിനു കമ്മിറ്റി**

2379 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. സബ്സ്റ്റേഷനുകൾക്കും മറ്റ് വൈദ്യുതി അടിസ്ഥാന സൗകര്യങ്ങൾക്കുമായി ഉപകരണങ്ങൾ വാങ്ങുന്നതിന് ഇപ്പോൾ ഏതെങ്കിലും കമ്മിറ്റികൾ നിലവിലുണ്ടോ;

(ബി) ഭൂമി വാങ്ങാനും മറ്റ് ഓരോ പദ്ധതികൾക്കും പ്രത്യേക സർക്കാർ ഉത്തരവ് ഇറക്കുന്നതിൽ നിന്ന് ഒഴിവാക്കി പൊതു ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

**ഗുരുവായൂർ മണ്ഡലത്തിലെ ട്രാൻസ്ഫോർമറുകളുടെ ക്ഷമത വർദ്ധിപ്പിക്കുന്ന നടപടി**

2380 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ വൈദ്യുതി സെക്ഷനുകളിൽ കപ്പാസിറ്റിക്കുറവുള്ള ട്രാൻസ്ഫോർമറുകളുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വൈദ്യുതി വിതരണ വികസനത്തിനായി ഏതൊക്കെ പ്രധാന പദ്ധതികളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും ആയതിൽ ഏതൊക്കെ പദ്ധതികൾക്ക് അംഗീകാരം നല്കിയെന്നും അവയുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ;

(സി) ഇനിയും അംഗീകാരം ലഭിക്കേണ്ട ഗുരുവായൂർ മണ്ഡലത്തിലെ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

**കാഞ്ഞങ്ങാട് മിനി വൈദ്യുതി ഭവൻ**

2381 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മിനി വൈദ്യുതി ഭവൻ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**കെ.എസ്.ഇ.ബി.-യിലെ പൊതുസ്ഥലംമാറ്റം**

2382 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പൊതുസ്ഥലംമാറ്റം നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചാണ് നടത്തുന്നതെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.-യിൽ ജനറൽ ട്രാൻസ്ഫർ ഓൺലൈൻ മുഖേന മാത്രമാണോ നടത്തുന്നത്; അല്ലെങ്കിൽ, അത് ഏതൊക്കെ സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ഇ.ബി.-യിൽ ജീവനക്കാർക്ക് അഡ്മിനിസ്ട്രേറ്റീവ് പ്രൊട്ടക്ഷൻ അനുവദിക്കുന്നത് എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

**ചേലക്കര മണ്ഡലത്തിൽ കപ്പാസിറ്റി കൂടിയ ട്രാൻസ് ഫോർമർ സ്ഥാപിക്കുവാൻ നടപടി**

2383 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ പരിധിക്കുള്ളിൽ എത്ര ട്രാൻസ്ഫോർമറുകൾ ഉണ്ടെന്ന് സെക്ഷൻ ഓഫീസ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) വീട്ടുകളിൽ സോളാർ വൈദ്യുതി പാനൽ സ്ഥാപിക്കുവാനുള്ള അപേക്ഷകരുടെ വർദ്ധിച്ചുവരുന്ന എണ്ണം കണക്കിലെടുത്ത് മേൽപ്പറഞ്ഞ ട്രാൻസ്ഫോർമറുകളിൽ കപ്പാസിറ്റി കുറഞ്ഞവ മാറ്റി പകരം കപ്പാസിറ്റി കൂടിയത് സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

**സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് സമീപത്തെ വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കൽ**

2384 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് സമീപത്തുകൂടി കടന്നു പോകുന്ന വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് ഒഴിവാക്കി നൽകുന്ന കാര്യം പരിഗണിക്കാമോ;

(ബി) സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് സമീപത്തുകൂടി കടന്നു പോകുന്ന വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായുള്ള എത്ര അപേക്ഷകൾ കെ.എസ്.ഇ.ബി-യുടെ പരിഗണനയിലുണ്ട്; വിശദമാക്കാമോ?

**എളനാട് ആസ്ഥാനമായി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ്**

2385 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ചേലക്കര സെക്ഷൻ, പഴയന്നൂർ സെക്ഷൻ എന്നീ ഓഫീസുകൾക്കുകീഴിൽ എത്ര ഗാർഹിക, കാർഷിക, വ്യവസായ കണക്ഷനുകൾ നിലവിലുണ്ട്; സെക്ഷൻ ഓഫീസ് തിരിച്ച് ഓരോന്നും പ്രത്യേകം വ്യക്തമാക്കാമോ;

(ബി) സേവന മേഖലയുടെ വലിപ്പംകൊണ്ടും കണക്ഷനുകളുടെ എണ്ണക്കൂടുതലുകൊണ്ടും വർദ്ധിച്ച ജോലിഭാരം അനുഭവപ്പെടുന്ന ചേലക്കര സെക്ഷൻ ആഫീസും പഴയന്നൂർ സെക്ഷൻ ഓഫീസും വിഭജിച്ച് എളനാട് ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി കെ.എസ്.ഇ.ബി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എളനാട് ആസ്ഥാനമായി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് മുന്തിയ പരിഗണന നല്കി നടപടി സ്വീകരിക്കുമോ?

**<u>വൈദ്യുതി ബോർഡിനെ ലാഭത്തിലാക്കാൻ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ</u>**

2386 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിനെ ലാഭത്തിലാക്കാൻ നടപ്പിലാക്കിയ പ്രവർത്തനത്തിന്റെ ഫലമായി 2021-22, 2022-23, 2023-24, 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ എത്ര തുകയുടെ ലാഭം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഇല്ലാതാക്കാനായി വൈദ്യുതി മേഖലയിലെ പദ്ധതി നിർവഹണത്തിനായി 2021 മെയ് മുതൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) വൈദ്യുതി മേഖലയിലെ പദ്ധതി നിർവഹണത്തിനായി 2021- മുതൽ 2026 മാർച്ച് വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കാമോ?

**<u>കെ.എസ്.ഇ.ബി. ഇലക്ട്രിസിറ്റി വർക്കർ നിയമനം</u>**

2387 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഇലക്ട്രിസിറ്റി വർക്കർ തസ്തികയുടെ നിശ്ചിത യോഗ്യതയായ രണ്ടു വർഷത്തെ ഇലക്ട്രീഷ്യൻ/വയർമാൻ ട്രേഡ് സർട്ടിഫിക്കറ്റില്ലാത്തവർ മറ്റ് സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് അപേക്ഷിക്കുന്നത് തടയുന്നതിനും അർഹരായ ഐ.ടി.ഐ. ഉദ്യോഗാർത്ഥികളുടെ തൊഴിലവകാശം സംരക്ഷിക്കുന്നതിനുമായി പ്രസ്തുത തസ്തികയുടെ യോഗ്യത സംബന്ധിച്ച സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**വേളാമാനൂർ സബ്ബ് സ്റ്റേഷൻ**

2388 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പരിപ്പള്ളി–വേളമാനൂർ സബ്സ്റ്റേഷനിൽ ദിനംപ്രതി നിരവധി തവണ വൈദ്യുതി തടസ്സപ്പെടുന്നതിനാൽ വ്യവസായികളും പൊതുജനങ്ങളും ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ പ്രവർത്തനശേഷി വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ബേപ്പൂർ നിയോജകമണ്ഡലത്തിൽ നിന്നും ലഭിച്ച വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകൾ**

2389 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെദ്യുതി വകുപ്പിന്റെ മന്ത്രി ജില്ലകൾ തിരിച്ച് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിളിച്ചുചേർത്ത യോഗങ്ങളിൽ ബേപ്പൂർ മണ്ഡലത്തിൽനിന്ന് വീണ്ടും ലഭിച്ച നിർദ്ദേശങ്ങൾ/ ശിപാർശകളിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത**

2390 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ വൈദ്യുതി ആവശ്യകതയിൽ എത്ര മെഗാവാട്ടാണ് ആഭ്യന്തര ഉൽപ്പാദനത്തിലൂടെ ലഭിക്കുന്നത്; പുറത്തുനിന്നും വാങ്ങുന്നത് എത്ര മെഗാവാട്ടാണ്; വിശദമാക്കാമോ;

(ബി) സോളാർ വഴി ഉൽപ്പാദിപ്പിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി. യുടെ ഗ്രിഡിലേയ്ക്ക് നൽകുന്ന ഉപഭോക്താക്കൾക്ക് നിലവിൽ ബാധകമായ

നിരക്ക് എത്രയാണ്; തുക നൽകുന്നതിൽ കുടിശ്ശികയുണ്ടോ; വിശദമാക്കാമോ;

(സി) ഷൊർണ്ണൂർ മണ്ഡലത്തിൽ അനങ്ങടി പഞ്ചായത്തിൽ മുൻ സർക്കാറിന്റെ കാലത്ത് 12 കോടി രൂപ വകയിരുത്തി ആരംഭിച്ച 110 കെ.വി. സബ്സ്റ്റേഷൻ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; എത്ര സമയത്തിനുള്ളിൽ കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കാമോ; ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റിക്കുമാണ് സബ്സ്റ്റേഷൻ പ്രയോജനപ്പെടുക; വിശദമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷൻ

2391 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ, അത് എവിടെയാണെന്നും അതിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

## പവർ കട്ട്

2392 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നു വരുന്ന പവർ കട്ട് എല്ലാ വിഭാഗം ജനങ്ങളെയും ബാധിച്ചിട്ടുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന് പുറത്തു നിന്നും അധിക വൈദ്യുതി വാങ്ങുന്നത് കൂടിയ നിരക്കിലാണോ?

(സി) എങ്കിൽ പ്രസ്തുത അധിക ബാധ്യത ജനങ്ങളെ ബാധിക്കാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി

2393 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്ക് കാരണമായത് ഏതു കരാർ റദ്ദാക്കിയതിനെത്തുടർന്നാണ്; കരാർ റദ്ദാക്കിയത് എന്നാണ്; കാർ റദ്ദാക്കുന്നതിനുള്ള അധികാരം ആർക്കാണ്;

(ബി) രാജ്യത്ത് വൈദ്യുതി വില നിർണ്ണയിക്കുന്നത് ആരാണ്; വ്യക്തമാക്കാമോ;

(സി) റെഗുലേറ്ററി കമ്മീഷനെ നിയമിക്കുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്നും പ്രസ്തുത നിയമം എന്നാണ് നിലവിൽ വന്നതെന്നും വ്യക്തമാക്കാമോ;

(ഡി) വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി സ്വകാര്യ ഉത്പാദകരിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>മഞ്ചേശ്വരം മണ്ഡലത്തിലെ കെ.എസ്.ഇ.ബി. വികസന പ്രവർത്തികൾ</u>

2394 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ കെ.എസ്.ഇ.ബി./വൈദ്യുതി വകുപ്പിന്റെ കീഴിൽ നിലവിൽ നടന്നു വരുന്നതും നിർദ്ദിഷ്ട ഘട്ടങ്ങളിലുള്ളതുമായ പദ്ധതികളുടെയും വികസന പ്രവൃത്തികളുടെയും വിശദവിവരങ്ങളും പുരോഗതിയും സെക്ഷൻ തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കെ.എസ്.ഇ.ബി.യുടെ ഏതെങ്കിലും പ്രവൃത്തികൾ തടസ്സപ്പെട്ടുകയോ മുടങ്ങിപ്പോവുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പ്രവൃത്തികളാണ് മുടങ്ങിയിട്ടുള്ളതെന്നും അതിനുള്ള വ്യക്തമായ കാരണങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്താനും ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കാനും നിലവിൽ നടന്നുകൊണ്ടിരിക്കുന്നതും മുടങ്ങിപ്പോയതുമായ ഓരോ പ്രവൃത്തികളും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികളെല്ലാം തന്നെ സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങൾക്ക് ലഭ്യമാക്കാൻ എന്തെല്ലാം അടിയന്തര നടപടികളാണ്

സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**വൈദ്യുത ലൈനിലേക്ക് ചാഞ്ഞ് കിടക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള നടപടിക്രമം**

2395 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിലേക്ക് ചാഞ്ഞ് കിടക്കുന്ന മരങ്ങൾ മുറിച്ച് മാറ്റാൻ വൈദ്യുത ലൈൻ കമ്പികൾ തടസ്സമായിരിക്കെ അപ്രകാരമുള്ള ലൈൻ അഴിച്ചു മരം മുറിച്ച് മാറ്റുന്നതിന് എന്തൊക്കെയാണ് നടപടി ക്രമങ്ങളെന്ന് വിശദമാക്കാമോ;

(ബി) അപേക്ഷ നൽകുന്നത് എങ്ങനെയാണെന്നും എവിടെയാണെന്നും വ്യക്തമാക്കാമോ;

(സി) അപേക്ഷ ലഭിച്ച് വൈദ്യുതി വകുപ്പ് തുടർനടപടി സ്വീകരിക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മരം മുറിച്ച് മാറ്റുന്നതിന് ഫീസ് ഒടുക്കേണ്ടതുണ്ടോ; ആയതിന്റെ വിശദാംശം നൽകാമോ;

(ഇ) എച്ച് .ടി.ലൈൻ അഴിച്ചു മാറ്റുന്നതിനും ഇതേ നടപടി ക്രമമാണോ അല്ലെങ്കിൽ ആയത് വിശദമാക്കാമോ?

**സ്മാർട്ട് മീറ്ററിങ്**

2396 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ സ്മാർട്ട് മീറ്ററിങ് നടപ്പിലാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, ആകെ എത്ര സർക്കാർ ഓഫീസുകളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്; വ്യക്തമാക്കുമോ;

(ബി) ഇതിൽ നിലവിൽ എത്ര സംസ്ഥാന സർക്കാർ ഓഫീസുകളിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചുകഴിഞ്ഞുവെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിയിൽ കേന്ദ്ര സർക്കാർ ഓഫീസുകളെയോ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയോ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ, അത്തരം എത്ര സ്ഥാപനങ്ങളാണ് പദ്ധതിയുടെ പരിധിയിൽ വരുന്നത്; വിശദാംശം നൽകാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി ക്ഷാമവും സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിൽ സ്വീകരിച്ച നടപടികളും**

2397 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആവശ്യത്തിന് വൈദ്യുതി ലഭ്യമല്ലാത്തതും നിരന്തരമായ വോൾട്ടേജ് തടസ്സങ്ങളും മൂലം ഗാർഹിക-വ്യാപാരി ഉപഭോക്താക്കൾ കടുത്ത പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വീടുകളിലും സ്ഥാപനങ്ങളിലും സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് ഉൽപ്പാദിപ്പിക്കുന്ന അധിക വൈദ്യുതി സൂക്ഷിച്ചു വെക്കുന്നതിനുള്ള ഉചിതമായ സംവിധാനങ്ങളുടെ കുറവുമൂലം തടസ്സങ്ങൾ നേരിടുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സോളാർ ഊർജം സംഭരിക്കുന്നതിനുള്ള സാങ്കേതികവും അടിസ്ഥാനപരവുമായ സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും ഗ്രിഡ് കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കുന്നതിനും എന്തെങ്കിലും മാർഗ്ഗങ്ങൾ ഇതുവരെ നിർദ്ദേശിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ;

(ഡി) മണ്ഡലത്തിലെ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും സോളാർ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിക്കുകയും എന്നാൽ പാതിവഴിയിൽ നിലച്ചുപോയതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ഈ നാല് മാസത്തിനുള്ളിൽ ചങ്ങനാശ്ശേരിയിലെ വൈദ്യുതി ക്ഷാമത്തിന് ശാശ്വത പരിഹാരം കാണുന്നതിനും സോളാർ സ്റ്റോറേജ് പ്രതിസന്ധികൾ

പരിഹരിക്കുന്നതിനുമായി സ്വീകരിച്ച അടിയന്തര നടപടികളുടെയും പദ്ധതികളുടെയും പൂർണ്ണ വിവരങ്ങൾ നൽകാമോ?

**കെ.എസ്.ഇ.ബി.യുടെ ദീർഘകാല വൈദ്യുതി കരാർ**

2398 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകളുമായി ബന്ധപ്പെട്ട ബിഡ്ഡിംഗ് നടപടികളിൽ കേന്ദ്ര മാർഗനിർദ്ദേശങ്ങളിൽ നിന്നുള്ള വ്യതിയാനങ്ങൾ ചൂണ്ടിക്കാട്ടി, OP No.13/2015-ൽ 30.08.2016-ന് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച സമയത്തെ കമ്മീഷൻ ചെയർമാൻ ആരായിരുന്നുവെന്നും അദ്ദേഹത്തെ ചെയർമാനായി നിയമിച്ചത് ഏത് സർക്കാരിന്റെ കാലത്താണെന്നും നിയമന തീയതി സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിൽ, കേന്ദ്രസർക്കാരിന്റെ ബിഡ്ഡിംഗ് മാർഗനിർദ്ദേശങ്ങളിൽ നിന്നുള്ള എന്തെല്ലാം വ്യതിയാനങ്ങളാണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾക്ക് റെഗുലേറ്ററി കമ്മീഷന്റെ അന്തിമ അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ, കെ.എസ്.ഇ.ബി. ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന ഡോ. ബി. അശോക്, ഐ.എ.എസ്. പ്രസ്തുത കരാറുകളുടെ നിയമസാധുതയോ തുടർനടപടികളോ സംബന്ധിച്ച് സർക്കാരിനോ കെ.എസ്.ഇ.ബി. ഡയറക്ടർ ബോർഡിനോ കത്ത്/റിപ്പോർട്ട്/ ഫയൽ സമർപ്പിച്ചിരുന്നോ; എങ്കിൽ അദ്ദേഹം രേഖപ്പെടുത്തിയ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

**വടക്കാഞ്ചേരി മണ്ഡലത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനത്തിനായുള്ള പ്രൊപ്പോസലുകൾ**

2399 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനത്തിനായുള്ള പ്രൊപ്പോസലുകൾ ഉൾപ്പെടുന്ന നിവേദനം പരിഗണനയിലുണ്ടോ;

(ബി) വൈദ്യുതി രംഗത്തിന്റെ നവീകരണത്തിനായി എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്;

(സി) വടക്കാഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി രംഗത്ത് പുരോഗമിക്കുന്ന വിവിധ പ്രവൃത്തികളും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ ബി.ഇ.എസ്.എസ് നിലയങ്ങൾ

2400 **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മയിലാട്ടിയിലും മുള്ളേരിയയിലും സ്ഥാപിക്കുന്ന ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നിലയത്തിന്റെ നിലവിലെ നിർമാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിലയങ്ങൾ എന്ന് പൂർണതോതിൽ കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കാമോ;

(സി) മയിലാട്ടിയിലെ പ്രസ്തുത നിലയത്തിലേക്ക് വിദേശത്തു നിന്ന് എത്തേണ്ട ബാറ്ററി സ്റ്റോറേജ് കണ്ടെയ്നറുകൾ എത്താൻ വൈകുന്നതാണ് പ്രവൃത്തി നീണ്ടുപോകാൻ കാരണമെന്ന റിപ്പോർട്ടുകളിൽ വാസ്തവമുണ്ടോ; എങ്കിൽ എത്ര ബാറ്ററി സ്റ്റോറേജുകളാണ് ഇവിടെ ആവശ്യമുള്ളത്; വിശദമാക്കുമോ;

(ഡി) കാസർകോട് ജില്ലയ്ക്ക് ഈ നിലയങ്ങൾ കമ്മിഷൻ ചെയ്താൽ ഉണ്ടാകുന്ന പ്രയോജനങ്ങൾ വിശദീകരിക്കാമോ; കാസർകോട് ജില്ലയിൽ കൂടുതൽ ബി.ഇ.എസ്.എസ് നിലയങ്ങൾക്ക് പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) മയിലാട്ടിയിൽ ബി.ഇ.എസ്.എസ് സ്ഥാപിക്കാൻ എത്ര സ്ഥലമാണ് കൈമാറിയതെന്നും ഇത് എത്ര കാലത്തേക്കുള്ള കരാറാണെന്നും വ്യക്തമാക്കാമോ;

(എഫ്) മയിലാട്ടി നിലയത്തിൽ ദിവസവും എത്ര മെഗാവാട്ട് വൈദ്യുതി സംഭരിക്കാനാകുമെന്നും കെ.എസ്.ഇ.ബി.എല്ലിന് ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങളും കരാർ കമ്പനിയുമായി ഇതു സംബന്ധിച്ച് ഉണ്ടാക്കിയ പ്രധാന വ്യവസ്ഥകളും വിശദമാക്കാമോ;

(ജി) ഒരു ബി.ഇ.എസ്.എസ് നിലയം എത്ര വർഷം പ്രവർത്തിപ്പിക്കാനാകുമെന്നും ഇതിന്റെ നിർമാണച്ചെലവും അനുബന്ധ സംവിധാനങ്ങളും വിശദീകരിക്കാമോ?

**വലിയകുന്നു 33 കെ.വി.സബ് സ്റ്റേഷൻ നിർമ്മാണം**

2401 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള മലപ്പുറം സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി കോട്ടക്കൽ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ;

(സി) രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി വലിയകുന്നു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

**കുറ്റിപ്പുറം കിൻഫ്രാ പാർക്ക് 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണം**

2402 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം കിൻഫ്ര പാർക്കിൽ വോൾട്ടേജ് ക്ഷാമവും ഇടയ്ക്കിടെ ഉണ്ടാകുന്ന പവർകട്ടും പാർക്കിലെ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കിൻഫ്ര പാർക്കിലെ വ്യവസായ സ്ഥാപനങ്ങൾക്ക് തടസ്സമില്ലാത്ത വൈദ്യുതി ലഭ്യത ഉറപ്പാക്കാൻ കുറ്റിപ്പുറം കിൻഫ്രാ പാർക്ക് കേന്ദ്രികരിച്ച് ഒരു 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നത് പരിഗണയിലുണ്ടോ; ഇത് സംബന്ധിച്ച് നടത്തിയ സാധ്യതാ പഠന റിപ്പോർട്ടിന്മേൽ മലപ്പുറം ട്രാൻസ്മിഷൻ സർക്കിൾ ഓഫീസിൽ സ്വികരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>പുത്തൂർ 33 കെ. വി. യൂണിറ്റൈസ്ഡ് സബ്സ്റ്റേഷൻ</u>

2403 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരത്തിലെ വൈദ്യുതി പ്രസരണ ശ്യംഖല മെച്ചപ്പെടുത്തുന്നതിനായി ആർ.ഡി.എസ്.എസ്. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പുത്തൂർ 33 കെ.വി. യൂണിറ്റൈസ്ഡ് സബ്സ്റ്റേഷൻ എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പുത്തൂർ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കോട്ടക്കൽ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ദ്യുതി 2.0, ആർ.ഡി.എസ്.എസ്. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കുറ്റിപ്പുറം, വളാഞ്ചേരി, കോട്ടക്കൽ സെക്ഷനുകളിലെ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

<u>വൈദ്യുതി ചാർജിലെ ഇളവുകൾ</u>

2404 **ശ്രീ. കെ. വി. സുമേഷ്**

**ശ്രീ. എൻ. കെ. അക്ബർ**

**ശ്രീ. പി. പി. സുമോദ്**

**ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവൻരക്ഷാ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും ക്യാൻസർ രോഗികൾക്കും എൻഡോസൾഫാൻ ദുരന്തബാധിതർക്കും മുൻ സർക്കാർ

അനുവദിച്ചുവന്നിരുന്ന വൈദ്യുതി ചാർജ് ഇളവുകൾ തുടർന്നും നൽകുന്നതിൽ നിലവിൽ കാലതാമസം നേരിടുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) 1,000 വാട്ട് വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക് 250 മീറ്റർ വരെ ഓവർഹെഡ് ലൈൻ വലിച്ച് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്ന മുൻ സർക്കാരിന്റെ പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കഴിഞ്ഞ അഞ്ചുമാസത്തെ ഭരണകാലയളവിൽ നിരാലംബരായ ഇത്തരം ഉപഭോക്താക്കൾക്കായി പുതിയ ആശ്വാസ നടപടികൾ ഏതെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ;

(ഡി) പ്രതിമാസം 30 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് പൂർണമായും സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

## <u>പുതിയ ജലവൈദ്യുത പദ്ധതികൾ</u>

2405 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വർദ്ധിച്ച് വരുന്ന വൈദ്യുതി ആവശ്യം നിറവേറ്റാൻ പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ചെറുകിട വൈദ്യുതി നിലയങ്ങളുടെ നിർമ്മാണം സാദ്ധ്യമായ എല്ലാ സ്ഥലങ്ങളിലും അവ ആരംഭിക്കുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കാമോ?

## <u>ഉഡുപ്പി-കരിന്തളം 400 കെ.വി. വൈദ്യുതി ലൈനും സബ്സ്റ്റേഷൻ നിർമാണവും</u>

2406 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഡുപ്പി-കരിന്തളം 400 കെ.വി. വൈദ്യുതി ലൈനും സബ്സ്റ്റേഷനും സ്ഥാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന്

വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ആകെ ചെലവായ തുക എത്രയാണെന്നും ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

**കല്ലിക്കണ്ടി 110 കെ വി സബ്സ്റ്റേഷൻ**

2407 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കല്ലിക്കണ്ടി 110 കെ.വി.സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലുള്ള പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

**വൈദ്യുതി പ്രതിസന്ധി പരിഹരിയ്ക്കാൻ എൻ.റ്റി.പി.സി.യുമായി ചേർന്ന് പുതിയ പദ്ധതി**

2408 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ നാഷണൽ തെർമൽ പവർ കോർപ്പറേഷനുമായി (എൻ.റ്റി.പി.സി.) ചേർന്ന് പുതിയ പദ്ധതികൾക്ക് രൂപം നല്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എൻ.റ്റി.പി.സി. അധികൃതരുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ചർച്ചയിൽ ഇത് കൂടാതെ എന്തൊക്കെ കാര്യങ്ങളിൽ ധാരണയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുറഞ്ഞ നിരക്കിന് ദീർഘകാലത്തേക്ക് വൈദ്യുതി ലഭ്യമാക്കാനും പുതിയ പദ്ധതികൾ ആരംഭിക്കാനും തീരുമാനമുണ്ടോ; വിശദമാക്കുമോ?

**വൈദ്യുതി പ്രസരണത്തിന് ലോഹ കമ്പികൾക്ക് പകരം കേബിളുകൾ**

2409 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണത്തിന് ലോഹ കമ്പികൾ സമ്പൂർണ്ണമായി നീക്കം ചെയ്ത് കേബിളുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് പദ്ധതിയുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് എത്രകാലം വേണ്ടിവരുമെന്ന് അറിയിക്കാമോ;

(സി) നിലവിൽ എത്രമാത്രം ദൂരം വീതമാണ് ലോഹ കമ്പികളും യു.ജി കേബിളുകളും എ.ബി.കേബിളുകളും ഉപയോഗിച്ച് വൈദ്യുതി വിതരണം നടത്തുന്നതെന്ന് പ്രത്യേകം അറിയിക്കാമോ;

(ഡി) കെ.എസ്.ഇ.ബി വൈദ്യുതി പ്രസരണത്തിന് ഉപയോഗിക്കുന്ന ലോഹ കമ്പികൾ, കേബിൾ ലൈനുകൾ ആക്കി മാറ്റുമ്പോൾ സ്ട്രീറ്റ് ലൈറ്റുകൾക്ക് കണക്ഷൻ ലഭ്യമാക്കുന്നത് എപ്രകാരമാണ് എന്ന് വിശദമാക്കാമോ?

## റൂഫ്ടോപ്പ് സോളാർ വൈദ്യുതി ഉൽപാദനം പ്രോത്സാഹിപ്പിക്കൽ

2410 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾ സ്വന്തം ചെലവിൽ സ്ഥാപിക്കുന്ന റൂഫ്ടോപ്പ് സോളാർ വൈദ്യുതി സംവിധാനങ്ങളിൽ നിന്ന് ഗ്രിഡിലേക്ക് നൽകുന്ന അധിക വൈദ്യുതിക്ക് ലഭിക്കുന്ന നിരക്ക് താരതമ്യേന കുറവാണെന്നത് സോളാർ വൈദ്യുതി ഉൽപ്പാദനത്തിലേക്ക് കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിന് തടസ്സമായി മാറുന്നുണ്ടോ;

(ബി) എങ്കിൽ ഗാർഹിക റൂഫ്ടോപ്പ് സോളാർ പദ്ധതികളിൽ നിക്ഷേപിക്കുന്ന ഉപഭോക്താക്കൾക്ക് ന്യായമായ സാമ്പത്തിക പ്രതിഫലം ഉറപ്പാക്കുന്നതിനും സോളാർ വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുമായി, ഗ്രിഡിലേക്ക് നൽകുന്ന അധിക വൈദ്യുതിയ്ക്ക് നൽകിവരുന്ന നിരക്ക് വർധിപ്പിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഗാർഹിക റൂഫ്ടോപ്പ് സോളാർ വൈദ്യുതി ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി കൂടുതൽ ആകർഷകമായ നെറ്റ് മീറ്ററിംഗ്/

വൈദ്യുതി വാങ്ങൽ സംവിധാനം, സബ്സിഡി, മറ്റ് പ്രോത്സാഹന പദ്ധതികൾ എന്നിവ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

## സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം

2411 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2025 ജൂൺ മാസം ഏറ്റവും കൂടിയ വൈദ്യുതി ഉപഭോഗം ഏത് ദിവസമായിരുന്നു; ഉപഭോഗം എത്രയായിരുന്നു; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് 2026 ജൂൺ മാസം ഏറ്റവും കൂടിയ വൈദ്യുത ഉപഭോഗം ഏത് ദിവസമായിരുന്നു; ഉപഭോഗം എത്രയായിരുന്നു; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് 2025 ജൂൺ മാസം സോളാർ പ്ലാന്റുകളുടെ സഹായത്തോടെ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിച്ചത്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് 2026 ജൂൺ മാസം സോളാർ പ്ലാന്റുകളുടെ സഹായത്തോടെ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിച്ചത്; വ്യക്തമാക്കുമോ?

## പുരപ്പുറ സോളാർ പദ്ധതി

2412 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പുരപ്പുറ സോളാർ പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ നൽകുന്ന സബ്സിഡിക്ക് പുറമെ സംസ്ഥാന സർക്കാരിന്റെ സബ്സിഡി കൂടി ഉപഭോക്താക്കൾക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## നെറ്റ് മീറ്റർ ലഭ്യത കുറവ് പരിഹരിക്കാൻ നടപടി

2413 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ പ്ലാന്റുകളിൽ നിന്നുമുള്ള വൈദ്യുതി ഗ്രിഡിലേക്ക് നൽകാൻ ഉപയുക്തമായ സിംഗിൾ ഫേസ്, ത്രീ ഫേസ് നെറ്റ് മീറ്ററുകൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) കെ.എസ്.ഇ.ബിയിൽ നിന്ന് മീറ്റർ ലഭിക്കാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ, ഉപഭോക്താക്കൾക്ക് അംഗീകൃത കമ്പനികളുടെ ടെസ്റ്റ് ചെയ്ത മീറ്ററുകൾ വിപണിയിൽ നിന്ന് നേരിട്ട് വാങ്ങി സ്ഥാപിക്കാൻ നിലവിൽ അനുമതിയുണ്ടോ?

<u>പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കാൻ സർക്കാർ നടപടി</u>

2414 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പുരപ്പുറ സോളാർ പദ്ധതിക്ക് നൽകുന്നതുപോലെ വ്യവസായ സംരംഭകർക്കും സബ്സിഡിയോടുകൂടി സോളാർ പദ്ധതി നടപ്പാക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>സൗരോർജ്ജ നയം</u>

2415 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ ഉത്പാദകർ ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിയുടെ നിരക്കിലും സെല്ലിംഗ് വ്യവസ്ഥകളിലും ഉപഭോക്താക്കൾക്ക് നഷ്ടം വരാത്ത വിധം സുസ്ഥിരമായ ഒരു സോളാർ നയം നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് സൗരോർജ്ജ ഉത്പാദനം വൻതോതിൽ വർദ്ധിപ്പിക്കുന്നതിനും കെ.എസ്.ഇ.ബി.യുടെ വലിയ നിക്ഷേപ ഭാരം കുറയ്ക്കുന്നതിനുമായി ജനകീയ പങ്കാളിത്തത്തോടെയുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഉയർന്ന ട്രാൻസ്ഫോർമർ ശേഷിയില്ലെന്ന കാരണം പറഞ്ഞ് പല പ്രദേശങ്ങളിലും പുതിയ സോളാർ കണക്ഷനുകൾ ലഭിക്കുന്നതിന് തടസ്സം നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി ഗ്രിഡ് ആധുനികവത്ക്കരിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>സോളാർ കണക്ഷൻ</u>**

2416 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഗാർഹിക സോളാർ കണക്ഷൻ എടുത്തിട്ടുള്ളവരുടെ എണ്ണം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ തിരിച്ച് വിശദമാക്കാമോ;

(ബി) സോളാർ കണക്ഷന് അപേക്ഷിക്കുമ്പോൾ ഉപഭോക്താക്കൾ അടയ്ക്കേണ്ട രജിസ്ട്രേഷൻ ഫീസും ഡെപ്പോസിറ്റ് തുകയും എത്രയാണ്; ഈ തുക ഉപഭോക്താക്കൾക്ക് തിരികെ ലഭിക്കുമോ; ഉണ്ടെങ്കിൽ ഏത് തീയതി വരെയുള്ള തുകയാണ് നൽകിക്കഴിഞ്ഞതെന്ന് കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകൾ തിരിച്ച് വിശദമാക്കാമോ?

**<u>ഗാർഹിക ആവശ്യങ്ങൾക്കായി സോളാർ പാനലുകൾ സ്ഥാപിക്കുന്നത്</u>**

2417 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ആവശ്യങ്ങൾക്കായി സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ൽ അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം സാഹചര്യങ്ങളിലാണ് അപേക്ഷ നിരസിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) Storage full (Transfomer) ആണെന്നും ഇനി അനുവദിക്കാൻ പാടില്ല എന്നും സൂചിപ്പിച്ച് അപേക്ഷ റിജക്റ്റ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) 110 കെ.വി. സബ്സ്റ്റേഷന്റെ പരിധിയിൽ വരുന്ന ട്രാൻസ്ഫോർമറിൽ എത്ര ഗാർഹിക സോളാർ കണക്ഷനുകൾക്കുള്ള അപേക്ഷകളാണ് പരിഗണിക്കാനാകുന്നതെന്ന് വ്യക്തമാക്കുമോ?

**<u>പി.എം സൂര്യഘർ പദ്ധതി</u>**

2418 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എം സൂര്യഘർ പദ്ധതി പ്രകാരം എത്ര സൗരോർജ്ജ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) സൗരോർജ്ജ യൂണിറ്റ് സ്ഥാപിച്ച എത്ര ഉപയോക്താക്കൾക്ക് കെ.എസ്.ഇ.ബി മീറ്റർ നൽകാനുണ്ട്; എത്രകാലമായി മീറ്റർ ക്ഷാമം നിലവിലുണ്ട്; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ട്രാൻസ്ഫോർമർ ശേഷി ഇല്ലാത്തതിന് കാരണം പുതിയ യൂണിറ്റുകൾ സ്ഥാപിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

**<u>പെരുമണ്ണ ക്ലാരിയിൽ ഷോപ്പ് കത്തിനശിച്ചതിനുള്ള നഷ്ടപരിഹാരം</u>**

2419 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പെരുമണ്ണ ക്ലാരി പഞ്ചായത്തിൽ എടരിക്കോട് കെ.എസ് .ഇ .ബി. സെക്ഷന് കീഴിൽ ചോലമാട്ടുപുറം റോഡ് ഭാഗത്ത് വൈദ്യുതി ലൈനിൽ ഓവർലോഡ് വന്നതിനാൽ ഒരു ഷോപ്പ് പൂർണമായും കത്തി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ അപകടത്തിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നൽകിയ അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) കെ.എസ് .ഇ .ബി.യുടെ ഭാഗത്ത് നിന്നും സംഭവിച്ച ഈ അപകടത്തിൽ ഇവരുടെ പരാതി പ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണെന്നും എന്നാണ് ലഭ്യമാക്കിയത് എന്നും വിശദമാക്കാമോ;

(ഡി) നഷ്ടപരിഹാരം നൽകിയിട്ടില്ലെങ്കിൽ, ഇന്നേവരെ നഷ്ടപരിഹാരം ലഭ്യമാക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഇ) ഇവരുടെ നഷ്ടപരിഹാരം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ എന്നും ആയത് എന്നേക്ക് ലഭ്യമാക്കും എന്നും വിശദമാക്കാമോ?

## 110 കെ.വി. സബ്‌സ്റ്റേഷൻ സ്ഥാപിക്കൽ

2420 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റശേഖരമംഗലം കേന്ദ്രമാക്കി 110 കെ.വി. സബ്‌സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെയും കെ.എസ്.ഇ.ബി.-യുടെയും പരിഗണനയിലുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി, ആകെ എസ്റ്റിമേറ്റ് തുക, ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സബ്‌സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, ഭൂമിയുടെ വിസ്തീർണം, ഉടമസ്ഥാവകാശം, ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമാണം ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന സമയക്രമം വ്യക്തമാക്കുമോ?

## സബ്‌സ്റ്റേഷൻ നിർമ്മാണം.

2421 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം പുനലൂർ എന്നീ നിയോജക മണ്ഡലങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കുരിയോട്ടുമല വ്യവസായ പാർക്കിനോട് ചേർന്ന് ഹൈ ടെൻഷൻ ലൈൻ കടന്നുപോകുന്ന പ്രദേശത്തിന് അടുത്ത് സബ്സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ സബ്സ്റ്റേഷനുകളുടെ നിർമാണ പുരോഗതി

2422 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂലിശ്ശേരി സബ്സ്റ്റേഷൻ, മെഡിക്കൽ കോളേജ് സബ്സ്റ്റേഷൻ എന്നിവയുൾപ്പെടെ വടക്കാഞ്ചേരി മണ്ഡലത്തിൽ നിർമാണം പുരോഗമിക്കുന്ന സബ്സ്റ്റേഷനുകളുടെ നിലവിലെ നിർമാണ പുരോഗതി വിശദമാക്കുമോ?

## ഹൈഡൽ ടൂറിസം.

2423 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈഡൽ ടൂറിസം പദ്ധതിക്ക് പത്തനാപുരം നിയോജക മണ്ഡലത്തിൽ ഉള്ള അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## തിരുവനന്തപുരം സോളാർ സിറ്റി പദ്ധതി

2424 **ശ്രീ. സുധീർഷാ പാലോട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ സ്ഥാപനമായ അനർട്ടിന്റെ (എ.എൻ.ഇ.ആർ.ടി ) ഏകോപന/നടപ്പാക്കൽ മേൽനോട്ടത്തിൽ ആരംഭിച്ച തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിയുടെ നിലവിലെ സ്ഥിതിയും ഇതുവരെ കൈവരിച്ച പുരോഗതിയും വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിയുടെ ആകെ അടങ്കൽ തുക എത്രയാണ്; പദ്ധതിക്ക് സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയിൽനിന്ന് ലഭ്യമാക്കിയതോ ലഭ്യമാക്കാൻ തീരുമാനിച്ചതോ ആയ ധനസഹായത്തിന്റെ ഉറവിടവും തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) മേൽപ്പറഞ്ഞ പദ്ധതിക്ക് കേന്ദ്ര സർക്കാർ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഏത് കേന്ദ്രപദ്ധതിയിലൂടെയാണ് ധനസഹായം ലഭിച്ചത്; എത്ര തുകയാണ് ലഭിച്ചത്; എത്ര തുക ഇതുവരെ വിനിയോഗിച്ചു എന്നിവ വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച തുക എത്രയാണ്; വർഷം തിരിച്ചും ധനസ്രോതസ്സ് തിരിച്ചും കണക്ക് ലഭ്യമാക്കാമോ;

(ഇ) തിരുവനന്തപുരം സോളാർ സിറ്റി പദ്ധതിയുടെ ഭാഗമായി പൊതുകെട്ടിടങ്ങളിലെ റൂഫ്ടോപ്പ് സോളാർ പദ്ധതി പ്രകാരം എത്ര സർക്കാർ/പൊതുമേഖലാ കെട്ടിടങ്ങളിലാണ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ വിഭാവനം ചെയ്തിരുന്നത്; ഓരോ കെട്ടിടത്തിനുമുള്ള ആകെ ലക്ഷ്യസ്ഥാപിതശേഷി എത്ര കിലോവാട്ട് -പീക്ക്/മെഗാവാട്ട് പീക്ക് ആയിരുന്നു; ഇതുവരെ എത്ര സർക്കാർ/പൊതുമേഖലാ കെട്ടിടങ്ങളിൽ റൂഫ്ടോപ്പ് സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്; അവയുടെ ആകെ സ്ഥാപിതശേഷി എത്ര കിലോവാട്ട് -പീക്ക്/മെഗാവാട്ട് പീക്ക് ആണ്; ഇതിനായി ചെലവഴിച്ച തുക എത്രയാണ്; വിശദമാക്കാമോ?

## <u>അനെർട്ടിലെ പദ്ധതികളിന്മേലുള്ള വിജിലൻസ് അന്വേഷണം</u>

2425 **ശ്രീ. സുമേഷ് അച്യുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച് ഏതെങ്കിലും വിജിലൻസ് അന്വേഷണങ്ങൾ നിലവിലുണ്ടോ;

(ബി) ഇത്തരത്തിൽ എത്ര വിജിലൻസ് അന്വേഷണങ്ങൾ ഏതെല്ലാം വിഷയങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്നുണ്ട് എന്ന് വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത അന്വേഷണങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഉത്തരവുകളുടേയും നിർദ്ദേശങ്ങളുടേയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത അന്വേഷണങ്ങളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ഇ) പ്രസ്തുത അന്വേഷണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വകുപ്പ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>**അനെർട്ട് വാങ്ങിയ ഇലക്ട്രിക്ക് കാറുകൾ**</u>

2426 **ശ്രീ. വി. ടി. സൂരജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകൾക്ക് ലീസ് വ്യവസ്ഥയിൽ നൽകാനായി അനെർട്ട് എത്ര ഇലക്ട്രിക്ക് കാറുകൾ ആകെ എത്ര വിലക്ക് വാങ്ങുകയുണ്ടായി; ഇതിനായി നൽകിയ പർച്ചേസ് ഓർഡറുകളുടേയും പേയ്മെന്റ് ഓർഡറുകളുടേയും പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ കാറുകൾ ഏതെല്ലാം സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കുമാണ് ലീസിന് നൽകിയിരിക്കുന്നത് എന്നും ലീസ് വ്യവസ്ഥകൾ എന്തെല്ലാമാണെന്നും നിലവിൽ ലീസ് പുതുക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) ഇപ്രകാരം കാറുകൾ വാങ്ങാൻ അനെർട്ടിനും, അനെർട്ട് വാങ്ങിയ കാറുകൾ ലീസ് വ്യവസ്ഥയിൽ സ്വീകരിക്കാൻ സർക്കാർ വകുപ്പുമേധാവികൾക്കും സർക്കാരിന്റെ അനുമതി ഉണ്ടായിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇക്കാര്യത്തിനായി അനെർട്ട് മേധാവി പുറപ്പെടുവിച്ച സർക്കുലറിന് ആധാരമാക്കിയത് പ്രസ്തുത പദ്ധതിയുമായി ബന്ധമില്ലാത്ത സർക്കാർ ഉത്തരവുകളാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ സാമ്പത്തിക ക്രമക്കേട് നടന്നു എന്നും വകുപ്പുമേധാവികളെ തെറ്റിദ്ധരിപ്പിച്ചുവെന്നും കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ ഇക്കാര്യത്തിൽ ഒരു വിജിലൻസ് അന്വേഷണം നടത്താനും കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടി സ്വീകരിക്കാനും സാമ്പത്തിക നഷ്ടം തിരിച്ച് പിടിക്കാനും തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

<u>എം.എൽ.എ.യുടെ പേഴ്സണൽ അസിസ്റ്റന്റ്</u>

2427 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ പേഴ്സണൽ അസിസ്റ്റന്റ് ആയി അന്യത്രസേവന വ്യവസ്ഥയിൽ അനുവദിക്കുന്ന ജീവനക്കാരുടെ എണ്ണം നിലവിലെ ഒന്ന് എന്നതിൽ നിന്നും വർദ്ധിപ്പിക്കാൻ തയ്യാറാകുമോ;

(ബി) എം.എൽ.എ.യുടെ അഡീഷണൽ സ്റ്റാഫ് ആയി അനുവദിക്കുന്ന ജീവനക്കാരുടെ എണ്ണം നിലവിലെ രണ്ട് എന്നതിൽ നിന്നും വർദ്ധിപ്പിക്കാൻ തയ്യാറാകുമോ;

(സി) എം.എൽ.എ.യുടെ പേഴ്സണൽ അസിസ്റ്റന്റിന് നൽകി വരുന്ന സ്പെഷ്യൽ അലവൻസ് വർദ്ധിപ്പിക്കാൻ തയ്യാറാകുമോ;

(ഡി) എം.എൽ.എ.യുടെ അഡീഷണൽ സ്റ്റാഫിന്റെ പ്രതിമാസ ഓണറേറിയം 20,000/- രൂപയെന്നത് വളരെ ചെറിയ തുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് വർദ്ധിപ്പിക്കാൻ തയ്യാറാകുമോ?

<u>നിയമസഭാംഗങ്ങളുടെ അഡീഷണൽ സ്റ്റാഫിന്റെ വേതന പരിഷ്കരണം</u>

2428 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ അംഗങ്ങളുടെ അഡീഷണൽ സ്റ്റാഫുകളായി നിയമിക്കപ്പെടുന്നവർക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങൾക്കാണ് അർഹതയുള്ളത്; ഇവർക്ക് പ്രതിമാസം പരമാവധി ലഭിയ്ക്കുന്ന തുക എത്ര ആണ്; ഏറ്റവും ഒടുവിൽ ഇത് എന്നാണ് പരിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അഡീഷണൽ സ്റ്റാഫുകൾക്ക് ദിവസവേതന ജീവനക്കാർക്ക് ലഭിക്കുന്ന പ്രതിമാസ വരുമാനം പോലും ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനും മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ഇ.എഫ്.എൽ. നിയമപ്രകാരം നിക്ഷിപ്തമാക്കപ്പെട്ട ഭൂമി**

2429 **ശ്രീ. പി. പ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എഫ്.എൽ. നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉത്തരവുകൾ എന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) നാളിതുവരെ സർക്കാരിന് സമർപ്പിച്ച എത്ര ഇ.എഫ്.എൽ. പ്രൊപ്പോസലുകളിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ ബാക്കിയുണ്ട്; ഇ.എഫ്.എൽ. പ്രൊപ്പോസലുകൾ വിജ്ഞാപനം ചെയ്യേണ്ടതില്ല എന്ന് അറിയിച്ച് കസ്റ്റോഡിയന്റെ ഓഫീസിൽ നിന്നോ സർക്കാരിൽ നിന്നോ തിരിച്ചയച്ചിട്ടുണ്ടോ;

(സി) ഇ.എഫ്.എൽ. നിയമപ്രകാരം നിക്ഷിപ്തമാക്കപ്പെട്ട ഭൂമിയിൽ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനു കാലതാമസം വരുത്തുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) വെസ്റ്റഡ് ഫോറസ്റ്റ് (VF) ആയി നിക്ഷിപ്തമാക്കിയ എത്ര ഭൂമി, കേസുകളിലെ അന്തിമ വിധി പ്രകാരവും സർക്കാർ ഉത്തരവ് മൂലവും നാളിതുവരെ തിരിച്ചു നൽകിയിട്ടുണ്ട്; കക്ഷികൾക്കു അനുകൂല വിധിയായ നിക്ഷിപ്തമാക്കിയ എത്ര VF ഭൂമി കേസുകളിലെ സ്ഥലം വിട്ടുകൊടുക്കാൻ ബാക്കിയുണ്ട്;

(ഇ) എത്ര ഇ.എഫ്.എൽ. പ്രൊപ്പോസലുകൾ ഇനിയും വിജ്ഞാപനം ചെയ്യാനുണ്ട്; അവ വിജ്ഞാപനം ചെയ്യുമോ?

(എഫ്) ഇ.എഫ്.എൽ. ആയി നിക്ഷിപ്തമാക്കിയ എത്ര ഭൂമി, കേസുകളിലെ അന്തിമ വിധി പ്രകാരവും സർക്കാർ ഉത്തരവ് മൂലവും ഒഴിവാക്കി എൻ.ഒ.സി. നൽകിയിട്ടുണ്ട്; കക്ഷികൾക്കു അനുകൂല വിധിയായ

നിക്ഷിപ്തമാക്കിയ എത്ര EFL ഭൂമി കേസുകളിലെ സ്ഥലം വിട്ടുകൊടുക്കാൻ ബാക്കിയുണ്ട്; വിശദമാക്കുമോ?

**കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച പഠനം**

2430 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സമീപകാലത്തുണ്ടായ പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ പരിസ്ഥിതി സംരക്ഷണത്തിന് പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത പ്രദേശങ്ങളിൽ എന്തൊക്കെ നിർമ്മാണ, പരിവർത്തന പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകുന്നതെന്ന് വ്യക്തമാക്കാമോ?

**പുനലൂർ മണ്ഡലത്തിലെ പരിസ്ഥിതി ലോല മേഖലകൾ**

2431 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളാണ് നിലവിൽ പരിസ്ഥിതി ലോല മേഖലയിലുൾപ്പെടുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളതെന്ന് അതിർത്തികൾ വ്യക്തമാക്കി അറിയിക്കാമോ;

(ബി) പുനലൂർ മണ്ഡലത്തിലെ ജനവാസ മേഖലകളും കൃഷിയിടങ്ങളും തോട്ടം മേഖലയും പരിസ്ഥിതി ലോല മേഖലയിൽ നിന്നൊഴിവാക്കി സംരക്ഷിത വന പ്രദേശങ്ങൾ മാത്രം പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) നിലവിൽ കേന്ദ്ര സർക്കാർ പരിസ്ഥിതി ലോല മേഖലയായി ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുള്ള പുനലൂർ മണ്ഡലത്തിലുൾപ്പെട്ട വില്ലേജുകളിലെ ജനങ്ങൾക്ക് അവരുടെ വസ്തുവിന്റെ സർവ്വേ നമ്പർ നൽകി തങ്ങളുടെ ഭൂമി ഇ.എസ്.എ യിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോയെന്നും ഉണ്ടെങ്കിൽ എങ്ങനെയെന്നും വിശദമാക്കാമോ?

**പരിസ്ഥിതി ലോല മേഖല കരട് വിജ്ഞാപനം**

2432 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ലോല മേഖല സംബന്ധിച്ച പുതിയ കരട് വിജ്ഞാപനം വന്നതോടെ പശ്ചിമഘട്ട പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെട്ടിരുന്ന വിതുര, മണ്ണൂർക്കര എന്നീ വില്ലേജുകളിലെ ജനവാസ മേഖലകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ; കരട് വിജ്ഞാപനം പ്രസ്തുത വില്ലേജുകളിലെ ജനജീവിതത്തെ എങ്ങനെ ബാധിക്കുമെന്ന് വിശദമാക്കുമോ?

**പരിസ്ഥിതിലോല പ്രദേശങ്ങളുടെ വിസ്തൃതി**

2433 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല പ്രദേശങ്ങളെ സംബന്ധിച്ച് സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള ജി.ഐ.എസ്.(ജീയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം) മാപ്പിൽ വനമേഖലയുടെ വിസ്തൃതി നേരത്തേതിനേക്കാൾ വർദ്ധിച്ചതായി കാണിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം വില്ലേജുകളിലാണെന്നും, എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം വില്ലേജുകളിലെ പ്രദേശങ്ങളാണ് പ്രസ്തുത മാപ്പിലും, പരിസ്ഥിതിലോല പ്രദേശങ്ങളുടെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട പരിസ്ഥിതി ലോല മേഖല**

2434 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട പരിസ്ഥിതി ലോല പ്രദേശങ്ങൾ (ഇ.എസ്.എ) സംബന്ധിച്ച് കേന്ദ്രം പുറപ്പെടുവിച്ച പുതിയ കരട് വിജ്ഞാപനത്തിൽ കേരളത്തിലെ എത്ര വില്ലേജുകളാണ് ഉൾപ്പെട്ടിട്ടുള്ളത്; വില്ലേജുകളുടെ താലൂക്ക്/ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; കരട് വിജ്ഞാപനത്തിന്മേൽ കേരളം സർക്കാർ സമർപ്പിച്ചിട്ടുള്ള അന്തിമ നിർദ്ദേശങ്ങളും ഭേദഗതികളും എന്തൊക്കെയാണ്;

(ബി) ജനവാസ മേഖലകൾ, കൃഷിഭൂമി, തോട്ടം മേഖലകൾ എന്നിവയെ ഇഎസ്എ പരിധിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കണമെന്ന മുൻ സർക്കാരിന്റെ ആവശ്യം കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; മുൻ സർക്കാർ നടത്തിയ റീ-ഗ്രൗണ്ട് ട്രൂത്തിംഗ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ നിർദ്ദേശിച്ച ജനവാസ മേഖലകളുടെ വിസ്തൃതി എത്രയാണ്;

(സി) ഇഎസ്എ വിജ്ഞാപനം അന്തിമമായാൽ മലയോര മേഖലയിലെ കർഷകർ, ചെറുകിട വ്യാപാരികൾ, നിർമ്മാണ മേഖല എന്നിവർക്ക് ഉണ്ടാകാനിടയുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത നിയന്ത്രണങ്ങൾ മലയോര മേഖലയുടെ വികസനത്തെ എങ്ങനെയെല്ലാം ബാധിക്കുമെന്നാണ് വിലയിരുത്തുന്നത്;

(ഡി) ഇഎസ്എ വിജ്ഞാപനവുമായി ബന്ധപ്പെട്ട് മലയോര മേഖലയിലെ ജനങ്ങൾക്കും കർഷക സംഘടനകൾക്കുമുള്ള ആശങ്കകൾ പരിഹരിക്കാൻ തദ്ദേശ സ്വയംഭരണ-ജില്ലാ തലങ്ങളിൽ പ്രത്യേക പരാതി പരിഹാര സെല്ലുകൾ രൂപീകരിച്ചിട്ടുണ്ടോ; നിർദ്ദിഷ്ട മേഖലകളിലെ തദ്ദേശ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായങ്ങൾ ശേഖരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഇ) സംരക്ഷിത വനമേഖലകൾക്ക് ചുറ്റും ഒരു കിലോമീറ്റർ ബഫർ സോൺ (ഇക്കോ സെൻസിറ്റീവ് സോൺ) നിർബന്ധമാക്കിയ വിധിയുമായി ബന്ധപ്പെട്ട് ഇ.എസ്.എ വിജ്ഞാപനം വരുന്നതോടെ ഉണ്ടാകുന്ന

നിയമപരമായ വൈരുദ്ധ്യങ്ങൾ പരിഹരിക്കാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തുന്നത്;

(എഫ്) സംസ്ഥാന സർക്കാർ നൽകിയ മറുപടിയിൽ സി എച്ച് ആർ (കാർഡമം ഹിൽ റിസർവ്) സംബന്ധിച്ച് വിശദീകരണത്തിൽ ടി പ്രദേശം മുൻപ് റിസർവ് വനമാണ് എന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

## പരിസ്ഥിതി ലോല പ്രദേശങ്ങൾ

2435 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനവാസ മേഖലകളും കൃഷിയിടങ്ങളും പരിസ്ഥിതി ലോല പ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി കരട് വിജ്ഞാപനമിറക്കിയ കേന്ദ്ര സർക്കാരിന്റെ നടപടികളെ സംസ്ഥാന സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ ഈ വിജ്ഞാപനത്തിനെതിരെ സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) പരിസ്ഥിതിലോല പ്രദേശങ്ങളുടെ അന്തിമ വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുകയും അതിൽ കേരളത്തിലെ ജനവാസമേഖലകളും കൃഷിയിടങ്ങളും ഉൾപ്പെടുകയും ചെയ്താൽ അത് ജനജീവിതത്തെ ഏതു തരത്തിൽ ബാധിക്കുമെന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രശ്നം എങ്ങനെ പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## കഡസ്ട്രൽ ഭൂപടം

2436 **ശ്രീമതി ഉമ തോമസ്**

**ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ലോല മേഖലയുമായി ബന്ധപ്പെട്ട കഡസ്ട്രൽ ഭൂപടം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇ.എസ്.എ. മേഖലയുടെ വിസ്തീർണ്ണം, അതിരുകൾ എന്നിവ ലളിതമായി മനസ്സിലാക്കാൻ കഴിയുന്ന വിധത്തിലാണോ ഭൂപടം തയ്യാറാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഭൂപടം പൊതുജനങ്ങൾക്ക് പരിശോധിക്കുവാൻ കഴിയുന്ന വിധത്തിൽ പ്രസിദ്ധീകരിക്കുമോ; പ്രസ്തുത ഭൂപടത്തിൽ നിന്നും ഉടമകൾക്ക് അവരുടെ ഭൂമി പരിസ്ഥിതിലോല മേഖലയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് മനസ്സിലാക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ;

(സി) കാർഡമം ഹിൽ റിസർവ്വും ജനവാസ, തോട്ടം മേഖലകളും ഒഴിവാക്കിയുള്ള പുതിയ ഇ.എസ്.എ. നിർദ്ദേശം കേന്ദ്ര സർക്കാർ അംഗീകരിച്ചാൽ ഇതുമായി ബന്ധപ്പെട്ട എല്ലാ ആശങ്കകൾക്കും പരിഹാരമാകുമോ; വിശദമാക്കുമോ?

**പരിസ്ഥിതിലോല മേഖല സംബന്ധിച്ച ഏഴാമത് കരട് വിജ്ഞാപനം**

2437 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ലോല മേഖല സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഏഴാമത് കരട് വിജ്ഞാപനത്തിന്മേൽ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കരട് വിജ്ഞാപനത്തിലെ പട്ടികയിൽ നിന്ന് ഏതെങ്കിലും പ്രദേശങ്ങളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പഠനം നടത്തിയിരുന്നോ; വിശദമാക്കാമോ;

(സി) ഏഴാമത് കരട് വിജ്ഞാപനത്തിന്മേൽ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**പരിസ്ഥിതിലോല മേഖല സംബന്ധിച്ച ഏഴാമത് കരട് വിജ്ഞാപനം**

2438 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല മേഖല സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഏഴാമത് കരട് വിജ്ഞാപനത്തിന്മേൽ കേന്ദ്രസർക്കാരിന് സംസ്ഥാന സർക്കാർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കരട് വിജ്ഞാപനത്തിലെ പട്ടികയിൽ നിന്ന് ഏതെങ്കിലും പ്രദേശങ്ങളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പഠനം നടത്തിയിരുന്നോ; വിശദമാക്കാമോ;

(സി) ഏഴാമത് കരട് വിജ്ഞാപനത്തിന്മേൽ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>**പരിസ്ഥിതി ലോല മേഖല കരട് വിജ്ഞാപനവും നിലവിലെ സ്ഥിതിയും**</u>

2439 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട പ്രദേശങ്ങളിലെ പരിസ്ഥിതി ലോല പ്രദേശങ്ങൾ (ഇ.എസ്.എ) സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഏറ്റവും പുതിയ കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ട ജനവാസ മേഖലകൾ, കൃഷിഭൂമി, തോട്ടം മേഖലകൾ എന്നിവയെ മുൻ സർക്കാർ നടത്തിയ റീ-ഗ്രൗണ്ട് ട്രൂത്തിംഗ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇഎസ്എ (ESA) പരിധിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കണമെന്ന ആവശ്യം സംബന്ധിച്ച് നിർദ്ദിഷ്ട മേഖലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

<u>**ആവാസ വ്യവസ്ഥകളുടെ പദ്ധതിരേഖ**</u>

2440 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ 'ആവാസ വ്യവസ്ഥകളുടെ റെഡ് ലിസ്റ്റ് വിലയിരുത്തലും കേരളത്തിലെ സവിശേഷ ആവാസ

വ്യവസ്ഥകളുടെ ആഗോള വർഗീകരണവും' പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) പശ്ചിമഘട്ടത്തിലെ ഉയർന്ന പ്രദേശങ്ങൾ, നദീതടങ്ങൾ, തീരദേശ മേഖലകൾ, തണ്ണീർത്തടങ്ങൾ എന്നിവ വരെയുള്ള വിവിധ ആവാസ വ്യവസ്ഥകളാണോ പഠനവിധേയമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഗൂഗിൾ എർത്ത് എൻജിൻ, സെന്റിനൽ ഉപഗ്രഹചിത്രങ്ങൾ, സ്ഥിതിവിവര വിശകലനം എന്നിവ ഉപയോഗിച്ചാണോ പഠനം നടത്തുന്നതെന്ന് വിശദമാക്കാമോ?

<u>**തീരദേശ പരിപാലന അതോറിറ്റിയിൽ സമർപ്പിച്ച അപേക്ഷകൾ**</u>

2441 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും വീട്/ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയിൽ തീർപ്പാക്കാൻ ശേഷിക്കുന്നത്; അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>**വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ സി.ആർ.ഇസഡ്. പരിധി കുറയ്ക്കുന്നതിനുള്ള നടപടി**</u>

2442 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ സി.ആർ.ഇസഡ്.(തീരദേശ നിയന്ത്രണ മേഖല)പരിധി ചട്ടം പ്രകാരം വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് ഏത് കാറ്റഗറിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്;

(ബി) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ നഗരസ്വഭാവം പരിഗണിച്ച് തീരദേശ നിയന്ത്രണ മേഖല പരിധി കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കൂടിയ ജനസാന്ദ്രതയുള്ള വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ തീരദേശ നിയന്ത്രണ മേഖല പരിധി കാരണം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(ഡി) കാലാകാലങ്ങളിൽ തീരദേശ നിയന്ത്രണ മേഖല പരിധി കുറക്കുന്നതിന് കേന്ദ്രസർക്കാരിനോട് അഭിപ്രായം അറിയിക്കാൻ കേരള സർക്കാർ വിദഗ്ധ സമിതിയെ നിയോഗിക്കുമോ; വിശദമാക്കാമോ?

## പശ്ചിമഘട്ട പരിസ്ഥിതിലോല പ്രദേശം

2443 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട പരിസ്ഥിതിമേഖല (ESA) സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി, വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം ഒടുവിൽ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ കേരളത്തിലെ ഏതൊക്കെ വില്ലേജുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ജനസാന്ദ്രതയേറിയ ജനവാസ മേഖലകൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ എന്നിവ പൂർണ്ണമായും ഒഴിവാക്കി റിസർവ് വനങ്ങളും സംരക്ഷിത വന മേഖലകളും മാത്രമായി പരിസ്ഥിതിലോല പ്രദേശം (ഇ.എസ്.എ.) നിജപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് നല്കിയ പുതുക്കിയ ശിപാർശയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

## കൊച്ചി നിയോജകമണ്ഡലത്തിലെ സി.ആർ.ഇസഡ്. നിയന്ത്രണങ്ങൾ

2444 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ ചെല്ലാനം, കുമ്പളങ്ങി, ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി തുടങ്ങിയ ഉയർന്ന ജനസാന്ദ്രതയുള്ള തീരദേശ/ കായലോര മേഖലകളിൽ തീരദേശ പരിപാലന നിയമങ്ങളിലെ (സി.ആർ.ഇസഡ്.) കർശന വ്യവസ്ഥകൾ മൂലം സാധാരണക്കാരുടെ

ചെറുകിട ഭവന നിർമ്മാണങ്ങൾക്കും പുനരുദ്ധാരണങ്ങൾക്കും തടസ്സങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് തീരദേശ പരിപാലന പ്ലാൻ നടപ്പിലാക്കുന്നതിലും, കേരള തീരദേശ പരിപാലന അതോറിറ്റി വഴിയുള്ള ക്ലിയറൻസുകൾ തീർപ്പാക്കുന്നതിലും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ വിശദമാക്കാമോ;

(സി) കൊച്ചി പോലുള്ള ഉയർന്ന ജനസാന്ദ്രതയുള്ള മേഖലകളിലെ പരമ്പരാഗത നിവാസികളുടെ പാർപ്പിട ആവശ്യങ്ങൾക്കും ചെറുകിട വ്യവസായങ്ങൾക്കും സി.ആർ.ഇസഡ്. മാനദണ്ഡങ്ങളിൽ ഇളവുകൾ ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും മറുപടിയോ തുടർനടപടികളോ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ലഹരി വിമുക്ത പ്രവർത്തനം**

2445 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ലഹരിവസ്തുക്കളുടെ ഉപയോഗവും വിപണനവും തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണവും പരിശോധനകളും ഊർജ്ജിതമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂൾ-കോളേജ് പരിസരങ്ങളിലും മറ്റ് പൊതുസ്ഥലങ്ങളിലും ലഹരി മാഫിയകളുടെ പ്രവർത്തനങ്ങൾ തടയുന്നതിനായി എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗം എന്തൊക്കെ പ്രത്യേക നിരീക്ഷണങ്ങളാണ് നടത്തിവരുന്നത് എന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ അനധികൃത മദ്യവ്യാപാരം, ലഹരി ഉൽപ്പന്നങ്ങളുടെ കടത്ത് എന്നിവ കണ്ടെത്തുന്നതിനും പൊതുജനങ്ങൾക്ക് വിവരം നൽകുന്നതിനായും ഹെൽപ്പ്ലൈൻ പോലുള്ള എന്തൊക്കെ നൂതന സാങ്കേതിക സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ചങ്ങനാശ്ശേരിയിലെ എക്സൈസ് ഓഫീസുകൾക്കും റെയ്ഞ്ച് പരിധിയിലെ പരിശോധനാ യൂണിറ്റുകൾക്കും ആവശ്യമായ കെട്ടിടങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവും നിലവിലുള്ള ജീവനക്കാരുടെ ക്ഷാമവും വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയതിനുള്ള എന്തൊക്കെ പരിഹാര മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് രേഖാമൂലം അറിയിക്കാമോ;

(ഇ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും, പരിശോധനകൾ കൂടുതൽ ആധുനികവൽക്കരിക്കുന്നതിനുമായി നടപ്പുവർഷം (2026) അനുവദിച്ച ഫണ്ടുകളുടെയും പദ്ധതികളുടെയും പൂർണ്ണ വിവരങ്ങൾ കണക്കുകൾ സഹിതം രേഖാമൂലം ലഭ്യമാക്കാമോ?

## കള്ള് ചെത്തുതൊഴിലാളികൾ ഉൾപ്പെടെ പരമ്പരാഗത തൊഴിലാളികൾക്കുണ്ടാകുന്ന പ്രതിസന്ധി

2446 **ശ്രീ. നാട്ടകം സുരേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായ ബാറുകളുടെ വ്യാപനം നിമിത്തം പരമ്പരാഗത കള്ള് ഷാപ്പുകളിലെ കച്ചവടത്തിൽ വൻ ഇടിവ് സംഭവിച്ചതായും ചെത്തുതൊഴിലാളികൾ ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികൾ കടുത്ത തൊഴിൽ-സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പരമ്പരാഗത കള്ള് വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനും ചെത്തുതൊഴിലാളികളുടെ തൊഴിലും വേതനവും ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും ഇതിനായി എന്തെങ്കിലും പ്രത്യേക സാമ്പത്തിക പാക്കേജോ ആശ്വാസ പദ്ധതികളോ പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ബാറുകൾക്ക് അനുവദിച്ചിട്ടുള്ള ഔദ്യോഗിക പ്രവർത്തന സമയം ഏതാണെന്നും പ്രസ്തുത സമയക്രമം ലംഘിച്ച് പ്രവർത്തിക്കുന്നത് തടയാൻ എന്തെല്ലാം കർശന പരിശോധനകളാണ് നടത്തുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) കള്ള് ഷാപ്പുകളുടെ നിലവിലെ പ്രവർത്തന സമയത്തിൽ മാറ്റം വരുത്തണമെന്നോ അല്ലെങ്കിൽ ബാറുകളുടെ പ്രവർത്തന സമയത്തിൽ പുനഃക്രമീകരണം വരുത്തണമെന്നോ ഉള്ള ആവശ്യങ്ങളോ നിർദ്ദേശങ്ങളോ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**കള്ള് ചെത്ത് വ്യവസായം ശക്തിപ്പെടുത്താൻ നടപടി**

2447 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയായ കള്ള് ചെത്ത് വ്യവസായ തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യവസായം നിലനിർത്തുന്നതിനും പുനരുദ്ധരിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വ്യവസായത്തെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണവും**

2448 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം തടയാൻ എക്സൈസ് വകുപ്പ് സ്വീകരിക്കുന്ന ഏറ്റവും പുതിയ പ്രതിരോധ മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് നടത്തുന്ന ലഹരിമുക്ത ക്യാമ്പസ് പദ്ധതികൾ എത്രത്തോളം വിജയകരമാണെന്ന് വ്യക്തമാക്കാമോ; ആയത് കൂടുതൽ ശക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എം.ഡി.എം.എ. പോലുള്ള സിന്തറ്റിക് മയക്കുമരുന്നുകൾ കണ്ടുപിടിക്കുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ആധുനിക പരിശീലനങ്ങളും സാങ്കേതികവിദ്യകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**മിനിസ്റ്റീരിയൽ ജോലികൾ നിർവ്വഹിക്കുന്നതിന് ക്ലർക്ക് തസ്തികൾ**

2449 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ മിനിസ്റ്റീരിയൽ ജോലികൾ നിർവഹിക്കുന്നതിനു ക്ലർക്ക് തസ്തികകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എക്സൈസ് പ്രിവന്റീവ് ഓഫീസർമാർ നിലവിൽ മിനിസ്റ്റീരിയൽ ജോലികൾ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രിവന്റീവ് ഓഫീസർമാർക്ക് തങ്ങളുടെ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് വകുപ്പിൽ പ്രത്യേക മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കുമോ?

**മദ്യനയത്തിൽ വരുത്തിയ മാറ്റങ്ങൾ**

2450 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ മദ്യനയത്തിൽ മുൻ സർക്കാരിന്റെ കാലയളവിലെ മദ്യനയത്തെ അപേക്ഷിച്ച് വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ചുവർഷത്തിനിടെ (2021-2026) എത്ര മയക്കുമരുന്നു കേസുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എണ്ണം തിരിച്ച് ലഭ്യമാക്കാമോ ; മയക്കുമരുന്നുകളുടെ ഇനവും വിശദമാക്കാമോ;

(സി) ലഹരി മരുന്ന് വിതരണത്തിന്റെ ഉറവിടങ്ങളെയും പ്രധാന വിതരണ ശൃംഖലകളെയും കണ്ടെത്താൻ എക്സൈസ് വകുപ്പ് എത്ര അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്; കണ്ടെത്തിയവ എത്രയാണ്; വിശദമാക്കാമോ?

**ബാറുകൾക്കും മദ്യവിൽപ്പന സ്ഥാപനങ്ങൾക്കും ലൈസൻസ്**

2451 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾക്കും മദ്യവിൽപ്പനശാലകൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) മദ്യവിൽപ്പനശാലകളുടെ പ്രവർത്തനസമയം, ലൈസൻസ് വ്യവസ്ഥകൾ, ഉപഭോക്താക്കളുടെ നിയമപരമായ പ്രായപരിധി എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ മൂന്ന് വർഷകാലയളവിൽ ബാറുകളിലെയും മദ്യവിൽപ്പനശാലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

**2016-26 കാലയളവിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസുകൾ**

2452 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുള്ള സർക്കാരുകളുടെ കാലയളവിൽ എക്സൈസ് വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മയക്കുമരുന്ന് കേസുകളുടെ എണ്ണം എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ ആകെ പിടികൂടിയ മയക്കുമരുന്നുകളുടെയും മറ്റ് സിന്തറ്റിക് ഡ്രഗ്ഗുകളുടെയും അളവുകൾ എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇക്കാലയളവിൽ പ്രസ്തുത കേസുകളുടെ അടിസ്ഥാനത്തിൽ എത്ര കേസുകളിലാണ് പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുള്ളതെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കേസുകളിൽ മയക്കുമരുന്നുകളുടെ ഉറവിടം കണ്ടെത്തിയിട്ടുള്ളത് ഏത്ര കേസുകളിലാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**എക്സൈസ് ക്രൈംബ്രാഞ്ച് ശക്തിപ്പെടുത്തൽ**

2453 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. സുമേഷ് അച്യുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിമരുന്ന് കടത്ത്, വ്യാജമദ്യം, അബ്കാരി കുറ്റകൃത്യങ്ങൾ, അന്തർസംസ്ഥാന ലഹരിക്കടത്ത് എന്നിവ ഫലപ്രദമായി തടയുന്നതിനും ഇത്തരം കേസുകളുടെ അന്വേഷണം കാര്യക്ഷമമാക്കുന്നതിനും എക്സൈസ് വകുപ്പിലെ ക്രൈംബ്രാഞ്ച് സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; എക്സൈസ് വകുപ്പിലെ ക്രൈംബ്രാഞ്ചിന്റെ നിലവിലെ പ്രവർത്തനരീതിയും അന്വേഷണ ചുമതലകളും വിശദമാക്കാമോ;

(ബി) ലഹരിമരുന്ന് കടത്ത്, സംഘടിത ലഹരിക്കുറ്റകൃത്യങ്ങൾ, ആവർത്തിച്ചുള്ള അബ്കാരി കുറ്റകൃത്യങ്ങൾ എന്നിവ കണ്ടെത്തുന്നതിനും അന്വേഷിക്കുന്നതിനും പ്രത്യേക സംവിധാനം നിലവിലുണ്ടോ; സൈബർ സാങ്കേതികവിദ്യയും ആധുനിക അന്വേഷണ രീതികളും ഉപയോഗിച്ച് ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനം നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) വിവിധ ജില്ലകളിലെ എക്സൈസ് ഓഫീസുകളും മറ്റ് അന്വേഷണ ഏജൻസികളും തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## ഓപ്പറേഷൻ ഗ്രീൻ ലീഫ്

2454 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. രാജൻ. ജെ. പല്ലൻ**
**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചാവ് കൃഷിക്കെതിരെ തയ്യാറാക്കിയ ഓപ്പറേഷൻ ഗ്രീൻ ലീഫ് പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

(ബി) കഞ്ചാവ് കൃഷി കണ്ടെത്തി നശിപ്പിക്കാൻ നവംബർ 5 വരെ സംസ്ഥാനമാകെ സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുമോ; വ്യക്തമാക്കാമോ;

(സി) വിവിധ ജില്ലകളിലെ വനമേഖലയിൽ കഞ്ചാവ് കൃഷി വാണിജ്യാടിസ്ഥാനത്തിൽ നടക്കുന്നുണ്ടെന്നുള്ള വിവരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**മദ്യനയം രൂപീകരിക്കാൻ നടപടി**

2455 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ മദ്യനയം മൂലം സംസ്ഥാനത്തെ മദ്യ ഉപഭോഗം ക്രമാതീതമായി വർധിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മദ്യ ഉപഭോഗം കുറയ്ക്കാനുതകുന്ന ഫലപ്രദമായ മദ്യനയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മദ്യം ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപഭോഗത്തിനെതിരായ വ്യാപകമായ പ്രചരണത്തിലൂടെ മദ്യ ഉപഭോഗം കുറയ്ക്കാനായി സർക്കാരിന്റെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകുമോ; വ്യക്തമാക്കുമോ;

(സി) വ്യാജമദ്യ ലഭ്യത ഇല്ലാതാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

**എക്സൈസ് വകുപ്പിന്റെ റിലാക്സ് പദ്ധതി**

2456 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ കീഴിൽ ലഹരി വിമുക്ത പ്രവർത്തനങ്ങൾക്കായി ഈയിടെ ആവിഷ്കരിച്ച് നടപ്പിലാക്കിയ റിലാക്സ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളും വിശദാംശങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഇതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ പുരോഗതി എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ലഹരിയിൽ നിന്ന് മോചിതരാകുന്ന വ്യക്തികൾക്ക് കൗൺസിലിംഗും പുനരധിവാസവും ഉറപ്പാക്കുന്നതിനും പ്രസ്തുത പദ്ധതി കൂടുതൽ

വ്യാപിപ്പിക്കുന്നതിനും വകുപ്പ് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**പീപ്പിൾസ് ഐ മൊബൈൽ ആപ്പ്**

2457 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിവസ്തുക്കളുടെ വിൽപ്പനയും ഉപയോഗവും സംബന്ധിച്ച നിയമവിരുദ്ധ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യുന്നതിനും എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ജനകീയവും കാര്യക്ഷമവുമാക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പീപ്പിൾസ് ഐ മൊബൈൽ ആപ്പിന്റെ പ്രധാന ലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ലഹരിവസ്തുക്കളുടെ വിൽപ്പന, വിതരണം, ഉപയോഗം എന്നിവ സംബന്ധിച്ച പരാതികളും വിവരങ്ങളും പൊതുജനങ്ങൾക്ക് പ്രസ്തുത ആപ്പിലൂടെ അറിയിക്കുന്നതിന് സൗകര്യമുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിൽ സമയബന്ധിതമായി അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പരാതിക്കാരുടെ വ്യക്തിവിവരങ്ങളുടെ രഹസ്യസ്വഭാവം ഉറപ്പാക്കുന്നതിനും പരാതികൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും എന്തെല്ലാം സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആപ്പിനെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വിദ്യാലയങ്ങൾ, കോളേജുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

**ഡ്രഗ് ഫ്രീ ക്യാംപസ്**

2458 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീണ്‍ കുമാര്‍**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന്റെ നൂറ്ദിന കര്‍മ്മപരിപാടിയുടെ ഭാഗമായി എക്സൈസ് വകുപ്പ് നടപ്പാക്കുന്ന 'മയങ്ങില്ല കേരളം' ക്യാംപെയിനിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ചേര്‍ന്ന് സംസ്ഥാനത്തെ 30 കോളേജുകളെ ആദ്യഘട്ടമായി ഡ്രഗ് ഫ്രീ ക്യാംപസുകളായി പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കോളേജുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവര്‍ത്തനം വിലയിരുത്തിയാണോ കോളേജുകളെ ഡ്രഗ്ഫ്രീ ക്യാംപസുകളായി പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കുമോ?

**<u>എസ്.എ.ഐ.എല്‍- എസ്.സി.എല്‍-ലെ തൊഴിലാളികള്‍ക്ക് അന്യത്ര സേവന വ്യവസ്ഥയില്‍ നിയമനം</u>**

2459 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പ്രവര്‍ത്തനം നിലച്ച സ്റ്റീല്‍ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് -സ്റ്റീല്‍ കോംപ്ലക്സ് ലിമിറ്റഡ് -ലെ തൊഴിലാളികള്‍ക്ക് അന്യത്ര സേവന വ്യവസ്ഥയില്‍ ബിവറേജസ് കോര്‍പ്പറേഷനില്‍ നല്‍കിയിരുന്ന നിയമന കാലാവധി ദീര്‍ഘിപ്പിച്ചു നല്‍കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

**<u>പേരാമ്പ്ര ബസ് സ്റ്റാന്‍ഡ് പരിസരത്തെ ബിവറേജ് ഔട്ട്-ലെറ്റിന്റെ പ്രവര്‍ത്തനം</u>**

2460 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പേരാമ്പ്ര ബസ് സ്റ്റാന്റിന് സമീപം പ്രവര്‍ത്തിക്കുന്ന ബിവറേജ് ഔട്ട്-ലെറ്റിന്റെ പരിസരത്ത്, മദ്യപരുടെ അശ്ലീലച്ചുവയുള്ള പെരുമാറ്റം കാരണം ബസ് കാത്തു നില്‍ക്കുന്ന സ്ത്രീകള്‍ക്കും കുട്ടികള്‍ക്കും ബുദ്ധിമുട്ടുകള്‍ നേരിടുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബസ് സ്റ്റാൻഡ് പരിസരത്ത് പ്രവർത്തിക്കുന്ന ബിവറേജ് ഔട്ട്-ലെറ്റുകളുടെ പരിസരത്ത് ഇത്തരം പ്രവർത്തികൾ തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പൊതുജനങ്ങളുടെ സുരക്ഷയും സൗകര്യവും പരിഗണിച്ച് ബസ് സ്റ്റാൻഡ് പരിസരത്ത് നിന്ന് ബിവറേജ് ഔട്ട് ലെറ്റുകൾ മാറ്റുന്നതിന് എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**ജനവാസ മേഖലയിലെ ബീവറേജ് ഔട്ട്‌ലെറ്റുകൾ മാറ്റാൻ നടപടി**

2461 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ബീവറേജ് ഔട്ട്‌ലെറ്റുകൾ ജനവാസ മേഖലയിൽ പ്രവർത്തിക്കുമ്പോൾ പ്രദേശവാസികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഔട്ട്‌ലെറ്റുകൾ ജനസാന്ദ്രതയുള്ള മേഖലയിൽ സ്ഥാപിക്കുമ്പോൾ എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) ബീവറേജസ് കോർപ്പറേഷന്റെ മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കൂട്ടുമുച്ചി ബീവറേജ് ഔട്ട്‌ലെറ്റ് സ്ഥാപിക്കുമ്പോൾ പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഔട്ട്‌ലെറ്റ് മാറ്റിസ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

**കാക്കനാട് സിവിൽ സ്റ്റേഷൻ ആസ്ഥാനമായി തൃക്കാക്കര എക്സൈസ് റേഞ്ച്**

2462 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ ലഹരിവസ്തുക്കളുടെ ഉപയോഗവും വിൽപ്പനയും തടയുന്നതിനും എൻഫോഴ്സ്‌മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കാക്കനാട് ആസ്ഥാനമായി എക്സൈസ് റേഞ്ച് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ജനമൈത്രി എക്സൈസ് സ്റ്റേഷൻ**

2463 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ വനമേഖലകളും നിരവധി ആദിവാസി ഉന്നതികളും ഉൾപ്പെടുന്ന വിസ്തൃതിയേറിയ ആറ് ഗ്രാമപഞ്ചായത്തുകൾ അടങ്ങുന്ന ആര്യനാട് റേഞ്ച് ഓഫീസ് പരിധിയിൽ വർദ്ധിച്ചുവരുന്ന ലഹരി വ്യാപനം തടയുന്നതിന് പര്യാപ്തമായ രീതിയിൽ കുറ്റിച്ചൽ പഞ്ചായത്തിലെ കോട്ടൂർ കേന്ദ്രമാക്കി ഒരു ജനമൈത്രി എക്സൈസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കാമോ?

**എക്സൈസ് സമുച്ചയ നിർമ്മാണത്തിനായി റവന്യൂ ഭൂമി**

2464 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ എക്സൈസ് സമുച്ചയ നിർമ്മാണത്തിനായി കഴിഞ്ഞ സർക്കാർ എത്ര സെന്റ് റവന്യൂ ഭൂമി ലഭ്യമാക്കിയിരുന്നു;

(ബി) പ്രസ്തുത സ്ഥലത്ത് എക്സൈസ് സമുച്ചയ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും എക്സൈസ് വകുപ്പ് അംഗീകരിച്ചു നൽകിയിരുന്നോ;

(സി) എക്സൈസ് സമുച്ചയ നിർമ്മാണത്തിനായി എക്സൈസ് വകുപ്പ് എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**മാവേലിക്കര എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണം**

2465 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2.71 കോടി രൂപ വിനിയോഗിച്ച് മാവേലിക്കര എക്സൈസ് കോംപ്ലക്സിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**കുന്നിക്കോട് എക്സൈസ് ഓഫീസ്**

2466 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ കുന്നിക്കോട് എക്സൈസ് ഓഫീസിന് സ്വന്തമായി കെട്ടിടം എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ; കെട്ടിടനിർമ്മാണം ഉടൻ ആരംഭിക്കുമോ; വ്യക്തമാക്കുമോ?

<u>വിമുക്തി പദ്ധതി</u>

2467 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം വിമുക്തി പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഏതൊക്കെ പ്രവർത്തനങ്ങൾക്ക് എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) മട്ടന്നൂർ മണ്ഡലത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് വിമുക്തി പദ്ധതിയുടെ ഭാഗമായി നടന്നു വരുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ശക്തിപ്പെടുത്താനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

<u>വിമുക്തി പദ്ധതി</u>

2468 **ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. ജ്യോതികുമാർ ചാമക്കാല**
**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി പദ്ധതിയുടെ ഭാഗമായി സ്കൂൾ, കോളേജ് വിദ്യാർഥികൾക്കിടയിൽ നടത്തുന്ന ബോധവത്കരണ പരിപാടികളുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; വിമുക്തി കേന്ദ്രങ്ങളിൽ ചികിത്സ തേടുന്നവർക്ക് വിദഗ്ധ ഡോക്ടർമാരുടെയും മനഃശാസ്ത്ര വിദഗ്ധരുടെയും സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ലഹരിവിമുക്ത ചികിത്സ പൂർത്തിയാക്കിയവർക്ക് തുടർ കൗൺസലിങ്ങും തൊഴിൽ പരിശീലനവും കുടുംബ പിന്തുണയും ലഭ്യമാക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

<u>സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം</u>

2469 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി എക്സൈസ് വകുപ്പിൽ ജോലിയിലിരിക്കെ മരണപ്പെട്ട ജയറാം ബി.ബി.യുടെ മകൻ ജഗൻ ബി.ജയറാം നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷ ലഭിച്ച തീയതി, അപേക്ഷ നിലവിൽ ഏത് ഘട്ടത്തിലാണ് എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അപേക്ഷകന് തൊഴിൽദാനപദ്ധതി പ്രകാരം നിയമനം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>**സഹകരണ ഫണ്ട് ഉപയോഗിച്ചുള്ള തിരഞ്ഞെടുപ്പ് പ്രചാരണം**</u>

2470 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് രാഷ്ട്രീയ പാർട്ടികളുടെ പത്രങ്ങൾക്കും മാധ്യമങ്ങൾക്കും പരസ്യങ്ങൾ നൽകിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടങ്ങൾ നിലവിലിരിക്കെ ചില സഹകരണ സ്ഥാപനങ്ങൾ സ്ഥാനാർത്ഥികളുടെ പ്രചാരണാർത്ഥം പരസ്യങ്ങൾ നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ഇത്തരത്തിൽ പരസ്യം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) തിരഞ്ഞെടുപ്പ് സമയത്ത് രാഷ്ട്രീയ പാർട്ടികളുടെ മുഖപത്രങ്ങൾക്കും മാധ്യമങ്ങൾക്കും സഹകരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും പരസ്യങ്ങൾ നൽകുന്നത് തിരഞ്ഞെടുപ്പ് ചട്ടങ്ങളുടെയും മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെയും നഗ്നമായ ലംഘനമാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് സഹകരണ ഫണ്ട് ഉപയോഗിക്കുന്നത് നിയമപരമായി ശരിയാണോ; അല്ലെങ്കിൽ

ഇത്തരത്തിലുള്ള ഫണ്ട് ദുർവിനിയോഗം തടയുന്നതിന് നിലവിൽ എന്തെങ്കിലും വ്യവസ്ഥകളുണ്ടോ;

(ഇ) തിരഞ്ഞെടുപ്പ് ചട്ടങ്ങൾ ലംഘിച്ച് സഹകരണ സ്ഥാപനങ്ങളെ രാഷ്ട്രീയ പ്രചാരണത്തിന് ഉപയോഗിച്ച സംഭവങ്ങളിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ കർശനമായ എന്ത് നിയമനടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

**<u>ഒല്ലൂർ നിയോജകമണ്ഡലത്തിലെ സഹകരണസംഘങ്ങളിലെ വായ്പ്പാ കുടിശ്ശിക</u>**

2471 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ സഹകരണ ബാങ്കുകളിലും സഹകരണ സംഘങ്ങളിലുമായി നിലവിൽ വായ്പ്പാ കുടിശ്ശികയുള്ള അക്കൗണ്ടുകളുടെ എണ്ണവും കുടിശ്ശിക തുകയും എത്രയാണെന്ന് സ്ഥാപനാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആശ്വാസ് 2026 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക തീർപ്പാക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം എത്രയാണ്; ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്; എത്ര തുക പിരിച്ചെടുത്തിട്ടുണ്ട്; അനുവദിച്ച പലിശ, പിഴപ്പലിശ ഇളവുകൾ എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ആനുകൂല്യം ലഭിക്കാതെ കുടിശ്ശിക തുടരുന്ന വായ്പ്പക്കാരുടെ എണ്ണം എത്രയാണ്; അർഹരായ വായ്പ്പക്കാർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനും സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നവർക്ക് കുടിശ്ശിക തീർപ്പാക്കുന്നതിന് കൂടുതൽ ഇളവുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങളുടെ സുരക്ഷ</u>**

2472 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയിലായ സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ച പണം നിക്ഷേപകർക്ക് തിരികെ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) നിക്ഷേപകരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിലുള്ള സർക്കാർ ഇടപെടലിലൂടെ എത്ര നിക്ഷേപകർക്ക് എത്ര തുക തിരികെ നൽകിയെന്ന് ജില്ല, വർഷം എന്നിവ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) സഹകരണ സംഘങ്ങളിൽ നിലവിലുള്ള ഓഡിറ്റ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ ആശ്വാസ് പദ്ധതി</u>**

2473 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് രോഗം, മരണങ്ങൾ, തൊഴിൽനഷ്ടം തുടങ്ങിയ കാരണങ്ങളാൽ തിരിച്ചടവ് മുടങ്ങിയ സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിനായി നിലവിലുള്ള ആശ്വാസ് 2026 കുടിശ്ശിക നിവാരണ പദ്ധതി പ്രകാരം ലഭ്യമാക്കിയ പലിശയിളവുകളുടെയും പിഴപ്പലിശ ഇളവുകളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ എത്ര വായ്പക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്; അർഹരായ കൂടുതൽ വായ്പക്കാരെ ഉൾപ്പെടുത്തുന്നതിനും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് പ്രത്യേക ഇളവുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കേരളത്തിൽ പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ</u>**

2474 **ശ്രീ. സുമേഷ് അച്യുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ/ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ എത്രയെണ്ണം സാമ്പത്തിക പ്രതിസന്ധിയിലോ ക്രമക്കേടുകളിലോ ഉൾപ്പെട്ടിട്ടുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ കേന്ദ്ര നിയമത്തിലെ പഴുതുകൾ കാരണം നിക്ഷേപകരുടെ പണം നഷ്ടപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാധാരണക്കാരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കാനും നഷ്ടപ്പെട്ട തുക തിരിച്ചുപിടിച്ച് നൽകാനും നിലവിലുള്ള നിയമപരമായ പരിമിതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങൾ കേരളത്തിൽ ശാഖകൾ തുറന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോ രജിസ്ട്രേഷനോ നിർബന്ധമാക്കുന്ന രീതിയിൽ നിയമനിർമ്മാണം നടത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## <u>സഹകരണ സമ്പത്ത് ഉപയോഗിച്ച് സംരംഭങ്ങൾ</u>

2475 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ സ്വരൂപിക്കുന്ന സമ്പത്ത് ഉപയോഗിച്ച് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വലിയ വ്യവസായ സംരംഭങ്ങളും ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

## <u>നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ വ്യവസ്ഥകളുടെ ഭേദഗതി</u>

2476 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ വ്യവസ്ഥകൾ ഭേദഗതി ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തെ സംബന്ധിച്ച വിഷയം പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഭേദഗതി സംസ്ഥാന സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്ന സാഹചര്യം ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത വിഷയം പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ സാമ്പത്തിക ഇടപാടുകൾ</u>

2477 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല**

**ശ്രീ. സുമേഷ് അച്യുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ സാമ്പത്തിക ഇടപാടുകൾ, നിക്ഷേപങ്ങളുടെ സുരക്ഷ, അംഗങ്ങളുടെ അവകാശങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് കേരള സർക്കാരിന് ഫലപ്രദമായ മേൽനോട്ട സംവിധാനമോ പ്രത്യേക നിയമമോ ഇല്ലാത്തത് സാധാരണക്കാരായ നിക്ഷേപകർക്ക് വലിയ തോതിൽ നഷ്ടം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇവയെ നിയന്ത്രിക്കുന്നതിനും കേരള സഹകരണ രജിസ്ട്രാറുടെ പരിധിയിൽ കൊണ്ടുവരുന്നതിനും സമഗ്രമായ നിയമമോ നിയമഭേദഗതിയോ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി കേരള സഹകരണ സംഘം നിയമത്തിൽ (കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്) ആവശ്യമായ ഭേദഗതികൾ വരുത്തിയോ അല്ലെങ്കിൽ ഒരു പ്രത്യേക സംസ്ഥാന നിയമം കൊണ്ടുവന്നോ മൾട്ടി സ്റ്റേറ്റ് സൊസൈറ്റികളുടെ പ്രവർത്തനങ്ങളെ കർശനമായി നിയന്ത്രിക്കാനും ഓഡിറ്റ് ചെയ്യാനും അടിയന്തരമായി തയ്യാറാകുമോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരം സംഘങ്ങളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ചും നിക്ഷേപ തട്ടിപ്പുകളെക്കുറിച്ചും അന്വേഷിക്കുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും സഹകരണ വകുപ്പിന്റെയും പോലീസിന്റെയും നേതൃത്വത്തിൽ പ്രത്യേക വിജിലൻസ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## അംഗ സമാശ്വാസ നിധിയുടെ പ്രവർത്തനം

2478 **ശ്രീമതി ഉമ തോമസ്**

**ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ഗുരുതരമായ രോഗങ്ങൾക്കും മറ്റ് അവശതകൾക്കും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി നടപ്പാക്കിവരുന്ന അംഗ സമാശ്വാസ നിധിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; അർഹരായ എല്ലാ അംഗങ്ങൾക്കും സമയബന്ധിതമായി സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അംഗ സമാശ്വാസ നിധിയിലൂടെ അർബുദം, വൃക്കരോഗം, ഹൃദ്രോഗം തുടങ്ങിയ ഗുരുതര രോഗങ്ങൾ ബാധിച്ച സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള നിലവിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്; സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അംഗങ്ങൾക്ക് മുൻഗണന നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) അംഗ സമാശ്വാസ നിധിയിൽനിന്നുള്ള സഹായത്തിനായി അപേക്ഷിക്കുന്ന സഹകാരികൾ നേരിടുന്ന നടപടിക്രമപരമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും അപേക്ഷകളിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഗുരുതര രോഗങ്ങൾ ബാധിച്ച് ദീർഘകാല ചികിത്സ ആവശ്യമായി വരുന്ന സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കും സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കുടുംബങ്ങൾക്കും അംഗ സമാശ്വാസ നിധിയിലൂടെ കൂടുതൽ ഫലപ്രദമായ സഹായം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഇ) അംഗ സമാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിലും വിതരണം ചെയ്യുന്നതിലും കാലതാമസം ഒഴിവാക്കുന്നതിനായി അപേക്ഷകളുടെ പരിശോധനയും അംഗീകാര നടപടികളും കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; സഹകരണ മേഖലയിലെ കൂടുതൽ അംഗങ്ങൾക്ക് അംഗ സമാശ്വാസ നിധിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനും കാലാനുസൃതമായി സഹായവ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

**സഹകരണ വകുപ്പ് മുഖേനയുള്ള സമാശ്വാസ പദ്ധതികൾ**

2479 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സമാശ്വാസ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വായ്പയെടുത്തതിന് ശേഷം മരണപ്പെട്ടവരുടെയും ഗുരുതര രോഗങ്ങൾ കൊണ്ട് കഷ്ടപ്പെടുന്നവരുടെയും കാര്യത്തിൽ പ്രത്യേക ഇളവ് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

**സഹകരണ മേഖലയിലെ പരിശോധനാ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ നടപടി**

2480 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. റോയി. കെ. പൗലോസ്**
**ശ്രീ. പഴകുളം മധു**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ അഴിമതി, സാമ്പത്തിക ക്രമക്കേട്, പണാപഹരണം എന്നിവ തടയുന്നതിനായി സമഗ്രമായ ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ഇടപാടുകൾ, വായ്പാ വിതരണം, നിക്ഷേപങ്ങളുടെ വിനിയോഗം എന്നിവയിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിന് നിലവിലുള്ള പരിശോധനാ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുന്നതിനും ഉത്തരവാദികളായവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും നിലവിലുള്ള ഓഡിറ്റ്, വിജിലൻസ് പരിശോധനാ സംവിധാനങ്ങളിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**നിക്ഷേപ തുക സമയബന്ധിതമായി തിരികെ നൽകുവാൻ നടപടി**

2481 **ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീമതി കെ. കെ. രമ**

**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ച പണം കാലാവധി പൂർത്തിയായിട്ടും തിരികെ ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സാമ്പത്തിക പ്രതിസന്ധിയിലായ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നിക്ഷേപകർക്ക് പണം തിരികെ ലഭിക്കുന്നതിന് നിലവിലുള്ള നിയമപരമായ പരിരക്ഷകൾ ഫലപ്രദമായി നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കുമോ; നിക്ഷേപകരുടെ വിശ്വാസം കാത്തുസൂക്ഷിച്ച് സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**സഹകരണ മേഖലയിൽ ആരംഭിച്ച വികസന പദ്ധതികൾ**</u>

2482 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ ആരംഭിച്ച വികസന പദ്ധതികളുടെ തുടർച്ച ഉറപ്പാക്കുന്നതിലും പുതിയവ ആവിഷ്കരിക്കുന്നതിലും കഴിഞ്ഞ അഞ്ച് മാസമായി നിലവിലെ സർക്കാർ പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പകരം മുൻ സർക്കാർ പ്രഖ്യാപിച്ച നൂറുദിന കർമ്മപരിപാടികളിൽ ഏതൊക്കെ പദ്ധതികളാണ് നിലവിലെ സർക്കാർ തുടർന്നുവരുന്നതെന്ന് വിശദമാക്കാമോ;

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയുടെ ഉന്നമനത്തിനായി രൂപം നൽകിയ പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി മുൻ സർക്കാർ പൂർത്തീകരണ ഘട്ടത്തിലെത്തിച്ച പദ്ധതികളിൽ നിലവിൽ ഏതെല്ലാം പൂർത്തിയായെന്നും ബാക്കിയുള്ളവയുടെ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ?

**വിശ്വാസ് സമഗ്ര പാക്കേജ്**

2483 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വാസ് സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ സംഘങ്ങളിലെ ഫണ്ട് വകമാറ്റൽ, സാമ്പത്തിക തട്ടിപ്പ്, നിക്ഷേപകരുടെ പണം ദുരുപയോഗം ചെയ്യൽ തുടങ്ങിയ ക്രമക്കേടുകൾ തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നിരീക്ഷണ പരിശോധനാ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ക്രമക്കേടുകൾ നടത്തുന്ന ഭരണസമിതി അംഗങ്ങൾക്കും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും തെറ്റായ ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ഓഡിറ്റർമാർക്കെതിരെ നടപടി ഉറപ്പാക്കുന്നതിനും നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സഹകരണ സംഘങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ നേരത്തേ കണ്ടെത്തുന്നതിനും നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ഓഡിറ്റ് സംവിധാനം കൂടുതൽ സുതാര്യവും ഉത്തരവാദിത്തപൂർണവുമാക്കുന്നതിനും വിശ്വാസ് സമഗ്ര പാക്കേജിലൂടെ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**മലപ്പുറം ജില്ല സഹകരണ ബാങ്ക് ലയനം**

2484 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണം പുനഃപരിശോധിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ല സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിപ്പിച്ചതുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ നിലവിലുള്ള കേസിൽ സർക്കാരിന്റെ നിലവിലെ ഔദ്യോഗിക നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; ഈ കേസിൽ സർക്കാർ സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സഹകരണ മേഖലയുടെ ആധുനികവൽക്കരണത്തിനും ഉയർച്ചയ്ക്കും കേരള ബാങ്ക് നൽകിയ സംഭാവനകൾ എന്തൊക്കെയാണ്?

**<u>കേരളം ബാങ്ക് മുഖേന നൽകുന്ന വായ്പാപദ്ധതികൾ</u>**

2485 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യാപാരികൾക്കും എം.എസ്.എം.ഇ. സംരഭകർക്കും കേരള ബാങ്ക് മുഖേന നൽകുന്ന വായ്പാപദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**<u>കേരളബാങ്കിന്റെ പദ്ധതികൾ</u>**

2486 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളബാങ്കിന്റെ ആഭിമുഖ്യത്തിലുള്ള പുതിയ സ്കീമുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) കാർഷിക രംഗം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികൾ, ലോൺ സഹായങ്ങൾ എന്നിവയാണ് കേരളബാങ്ക് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) സംരംഭകരെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി എന്തൊക്കെ പദ്ധതികൾ, സ്കീമുകൾ എന്നിവയാണ് കേരളബാങ്ക് നൽകുന്നത് എന്ന് വിശദമാക്കാമോ?

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളുടെ പുനരുജ്ജീവനം**

2487 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപ തട്ടിപ്പ് മൂലവും മറ്റു പല കാരണങ്ങൾ കൊണ്ടും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ പുനർജീവിപ്പിക്കുന്നതിനും നിക്ഷേപ തട്ടിപ്പ് മൂലം സാമ്പത്തിക നഷ്ടം അനുഭവിക്കുന്ന സഹകരണ ബാങ്കുകളിലെ നിക്ഷേപകരെ സഹായിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ പണം തിരികെ നൽകുവാൻ നടപടി**

2488 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ അഴിമതികൾ സംബന്ധിച്ച് ഏതൊക്കെ ഏജൻസികളാണ് അന്വേഷണം നടത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) അഴിമതികളിലൂടെ നിക്ഷേപകരുടെ പണം നഷ്ടപ്പെട്ടുവെന്ന പരാതി ലഭിച്ച എത്ര സഹകരണ സംഘങ്ങൾ ഉണ്ടെന്നും സഹകരണ സംഘങ്ങളെ സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ;

(സി) ഈടായി നൽകുന്ന വസ്തുക്കളുടെ വ്യാജ ആധാരങ്ങൾ ചമയ്ക്കൽ, ബിനാമി പേരിൽ വായ്പ നൽകൽ, ഈടായി നൽകുന്ന വസ്തുക്കളുടെ മൂല്യം കൃത്രിമമായി ഉയർത്തി വൻ വായ്പകൾ നൽകുക എന്നിവ തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ അഴിമതി കേസുകളിൽ, പിടിച്ചെടുത്ത സ്വത്തുവകകൾ ലേലം ചെയ്തു നിക്ഷേപകർക്ക് പണം നൽകുവാൻ എന്ത് നിയമ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് വ്യക്തമാക്കാമോ;

(ഇ) പണം നഷ്ടപ്പെട്ട നിക്ഷേപകർക്ക് അവരുടെ നിക്ഷേപം പൂർണമായും എന്ന് തിരിച്ചു നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; ഇതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

**കോഴിക്കോട് തിരുവമ്പാടിയിലെ ആശ്വാസ് പദ്ധതി**

2489 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ് 2026 പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി മേഖലയിലെ എത്ര വായ്പ അക്കൗണ്ടുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

**<u>സഹകരണ ബാങ്കിംഗ് മേഖലയിൽ ത്രിതല സംവിധാനം</u>**

2490 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണം പുനഃപരിശോധിക്കാൻ സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ടോ; എങ്കിൽ, സഹകരണ ബാങ്കിംഗ് സംവിധാനം പഴയ ത്രിതല സംവിധാനത്തിലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ത്രിതല സംവിധാനം വീണ്ടും നിലവിൽ വന്നാൽ നിലവിലുള്ള കേരള ബാങ്ക് ജീവനക്കാരെ ഏത് രീതിയിൽ ക്രമീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിക്ഷേപകരുടെ ആശങ്ക പരിഹരിക്കാൻ ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

**<u>സഹകരണ മേഖലയിൽ ത്രിതല സംവിധാനം</u>**

2491 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയെ നിലവിലുള്ള ദ്വിതല സംവിധാനത്തിൽ നിന്ന് ത്രിതല സംവിധാനം ആക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ജില്ലാ സഹകരണ ബാങ്കുകൾ പുന:സംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**<u>സഹകാരികൾക്ക് മടക്കി നൽകാനുള്ള തുകകൾ</u>**

2492 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണസമിതികളുടെ കെടുകാര്യസ്ഥത മൂലം നഷ്ടത്തിൽ ആയെന്ന് പറയപ്പെടുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും സഹകാരികൾക്ക്

മടക്കി നൽകാനുള്ള തുകകൾ നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

**<u>സഹകരണ ബാങ്കുകൾക്കുള്ള പ്രത്യേക രക്ഷാ പാക്കേജുകൾ</u>**

2493 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സഹകരണ ബാങ്കുകളും സൊസൈറ്റികളും പുനരുജ്ജീവിപ്പിക്കുന്നതിനും ഈ സ്ഥാപനങ്ങൾ അനുഭവിക്കുന്ന കടുത്ത ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിനും പ്രത്യേക രക്ഷാ പാക്കേജുകൾ എന്തെങ്കിലും നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

**<u>ചേലക്കര നിയോജകമണ്ഡലത്തിലെ ജപ്തി റിക്കവറി നടപടികളുടെ വിവരം</u>**

2494 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ വിവിധ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത എത്ര പേർ ജപ്തി, റിക്കവറി നടപടികൾ നേരിടുന്നുണ്ട്; സഹകരണ സംഘം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേർ ആശ്വാസ് പദ്ധതി പ്രകാരമുള്ള വൺ ടൈം സെറ്റിൽമെന്റ് പ്രയോജനപ്പെടുത്തി വായ്പ തിരിച്ചടച്ചിട്ടുണ്ട്; സഹകരണ സംഘം തിരിച്ച് എണ്ണം വ്യക്തമാക്കാമോ?

**<u>സഹകരണ സംഘങ്ങളിലെ ഓഡിറ്റ് ഉദ്യോഗസ്ഥരുടെ യോഗ്യത</u>**

2495 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ നിയമം വകുപ്പ് 68(3) ചട്ടം 64(എ) 1, 2 പ്രകാരം ഡിഗ്രി യോഗ്യതയുള്ളവർക്ക് മാത്രമേ സഹകരണ സംഘങ്ങളിലെ ഓഡിറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നിരിക്കെ ഡിഗ്രി ഇല്ലാത്ത ആളുകൾ നിലവിൽ ഓഡിറ്റ് ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; നിയമപരമല്ലാത്ത ഓഡിറ്റ് റിപ്പോർട്ടുകൾ വകുപ്പ് അംഗീകരിക്കുന്നുണ്ടോയെന്നും ഡിഗ്രി ഇല്ലാത്ത ആളുകളെ ഓഡിറ്റിൽ

നിന്നും മറ്റ് വിഭാഗങ്ങളിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

**പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ**

2496 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**എൻ.സി.ഡി.സി. ധനസഹായം വാങ്ങുന്ന സംഘങ്ങളുടെ സ്ഥിതി വിവരകണക്കുകൾ**

2497 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.ഡി.സി. ധനസഹായം വാങ്ങുന്ന സംഘങ്ങളുടെ സ്ഥിതി വിവരകണക്കുകൾ ശേഖരിക്കുവാൻ കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നു എന്ന് പറയപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**ബേപ്പൂർ മണ്ഡലത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ**

2498 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സൂപ്പർ മാർക്കറ്റുകൾ, മെഡിക്കൽ സ്റ്റോറുകൾ, സപ്ലൈകോ ഔട്ട്ലെറ്റുകൾ, മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുവാൻ നീതി മെഡിക്കൽ സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ ഉൾപ്പെടെ വകുപ്പിന് കീഴിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേപ്പിന്റെ പ്രവർത്തനം**

2499 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേപ്പിന്റെ നേതൃത്വത്തിലുള്ള പ്രൊഫഷണൽ കോളേജ്, ആശുപത്രി എന്നിവയുടെ നല്ലനടത്തിപ്പിന് ഭരണപരമായും സാമ്പത്തികപരമായും ആസൂത്രണപരമായും എന്തെല്ലാം കാര്യങ്ങളാണ് ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കേപ്പിന്റെ ഘടനാപരമായ നേതൃത്വവും അതിന്റെ പ്രവർത്തനങ്ങളും പരിശോധന വിഷയമാക്കാറുണ്ടോ; എങ്കിൽ, അവയിൽ കണ്ടെത്തിയ ന്യൂനതകൾ വ്യക്തമാക്കാമോ;

(സി) കേപ്പിന്റെ നേതൃത്വത്തിലുള്ള പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പ്രൊഫഷണലുകൾ അല്ലാത്ത ഉദ്യോഗസ്ഥരെ നിയമിക്കുന്ന രീതി പ്രോത്സാഹിപ്പിക്കാറുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കേപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും വാർഷിക വരുമാനത്തിലധികരിച്ചുള്ള ചെലവ് പരിഹരിക്കാൻ എന്ത് നയമാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഇ) കേപ്പിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെപ്പറ്റി ഒരു ധവളപത്രം ഇറക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

**<u>കേപ്പിന്റെ പ്രവർത്തനങ്ങൾ</u>**

2500 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിലുള്ള സി.എ.പി.ഇ.യുടെ (കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എജ്യൂക്കേഷൻ) കീഴിൽ എത്ര സ്ഥാപനങ്ങളാണുള്ളതെന്ന് അറിയിക്കാമോ; ഓരോ സ്ഥാപനത്തെക്കുറിച്ചുള്ള ലഘുവിവരണം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെയും റിസർച്ച് സ്കോളേഴ്സിന്റെയും എണ്ണമെത്രയാണെന്ന് അറിയിക്കാമോ;

(സി) സർക്കാർ കൂടുതൽ നിക്ഷേപം നടത്തി സി.എ.പി.ഇ.യെ ഒരു ദേശീയ പ്രൊഫഷണൽ വിദ്യാ കേന്ദ്രമാക്കി മാറ്റാൻ പദ്ധതികൾ

ആവിഷ്കരിക്കുമോ;

(ഡി) കേപ്പിൽ നിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥികളെയും ഗവേഷകരെയും ഓരോ വർഷവും വിളിച്ചുചേർത്ത് ഉന്നത നിലവാരത്തിലുള്ള ഒരു കോൺവെക്കേഷൻ ചടങ്ങ് നടത്താൻ സ്ഥിരം പദ്ധതി തയ്യാറാക്കുമോ; അതിനായി ഗവൺമെന്റും മുഖ്യമന്ത്രിയും സഹകരണമന്ത്രിയും ഭാരവാഹികളായി ഒരു സ്ഥിരം കോൺവെക്കേഷൻ അധികാരസമിതി രൂപീകരിക്കുമോ?

<u>**കേപ്പിന്റെ വരവ് ചെലവ് കണക്കുകൾ**</u>

2501 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പ് സ്ഥാപനങ്ങളിൽ നിന്ന് കഴിഞ്ഞ 20 വർഷത്തെ വാർഷിക വരുമാനമെത്രയാണെന്ന് അറിയിക്കാമോ;

(ബി) കേപ്പ് സ്ഥാപനങ്ങളുടെ വാർഷിക ചെലവെത്രയാണെന്ന് അറിയിക്കാമോ;

(സി) കേപ്പ് സ്ഥാപനങ്ങളുടെ വാർഷിക വരുമാനം-ചെലവുകൾ തമ്മിലുള്ള അന്തരമായ ഡെഫിസിറ്റ്/കമ്മി തുക എങ്ങനെയാണ് നികത്തിവരുന്നത്; അതിനായി ഓരോ വർഷവും നൽകിയ ഗ്രാന്റുകൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(ഡി) കേപ്പിന് കീഴിൽ കൂടുതൽ പ്രൊഫഷണൽ സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>**രോഗബാധിതരായ ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുടെ വായ്പ എഴുതിത്തള്ളാൻ നടപടി**</u>

2502 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തതിനുശേഷം മാരക രോഗങ്ങൾ പിടിപെട്ട് തൊഴിൽ ചെയ്യാൻ സാധിക്കാത്ത ബി.പി.എൽ. കാരുടെ വായ്പ എഴുതിത്തള്ളുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രത്യേകിച്ച് നിർധനരായ വിധവകളുടെ വായ്പകൾ എഴുതിത്തള്ളുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**സഹകരണ സംഘങ്ങളിലെ വായ്പ കുടിശിക തീർപ്പാക്കൽ**

2503 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്നെടുത്ത വായ്പകളുടെ പലിശയിൽ ഇളവ് നൽകാൻ രൂപീകരിച്ചിട്ടുള്ള വിവിധ തലത്തിലുള്ള കമ്മിറ്റികൾ ഏതെല്ലാമാണെന്നും ഓരോ തലത്തിലുമുള്ള കമ്മിറ്റികളുടെ ഘടന എങ്ങനെയാണെന്നും ഓരോ തലത്തിലെ കമ്മിറ്റികൾക്കും എത്ര രൂപ വരെ പലിശയിൽ ഇളവ് നൽകാൻ അധികാരമുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ആശ്വാസ് (ഒറ്റത്തവണ തീർപ്പാക്കൽ) പദ്ധതിയുടെ നടത്തിപ്പിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായതായി പറയപ്പെടുന്ന വീഴ്ച എന്താണെന്നും പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുള്ള നടപടികൾ എന്താണെന്നും വിശദമാക്കാമോ?

**ചേലക്കര നിയോജകമണ്ഡലത്തിലെ റിസ്ക് ഫണ്ട് അപേക്ഷകൾ**

2504 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വിവിധ സഹകരണ സംഘങ്ങളിൽ ആയി എത്ര അപേക്ഷകളാണ് റിസ്ക് ഫണ്ട് ബോർഡിൽ ഇനിയും തീർപ്പുകല്പിക്കാനുള്ളത്; വ്യക്തമാക്കാമോ;

(ബി) ചേലക്കര നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് അപേക്ഷകരുടെ പേരുവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുത്ത് അപേക്ഷകർക്ക് ആശ്വാസം നൽകുന്നതിന് പരിഗണന നൽകുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

**കാസർഗോഡ് ജില്ലയിൽ റിസ്ക് ഫണ്ട് ആനുകൂല്യം**

2505 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനായി എത്ര അപേക്ഷകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) 2016 മുതൽ 2026 വരെ എത്ര പേർക്കാണ് കാസർഗോഡ് ജില്ലയിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭിച്ചിട്ടുള്ളതെന്ന് നിയോജക മണ്ഡലം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

<u>റിസ്ക് ഫണ്ട് മുഖേനയുള്ള ധനസഹായം</u>

2506 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 കാലയളവിൽ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ധനസഹായം സഹകാരികൾക്കും ആശ്രിതർക്കുമായി അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>സഹകരണ മേഖലയിലെ കമ്മീഷൻ ജീവനക്കാരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ</u>

2507 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ ദിനനിക്ഷേപ പിരിവുകാർ, അപ്രൈസർമാർ എന്നിവരടങ്ങുന്ന കമ്മീഷൻ ജീവനക്കാർ അനുഭവിക്കുന്ന വിവിധ വിഷമതകളും ആനുകൂല്യ ലഭ്യതക്കുറവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) 2015-ലെ സർക്കാർ ഉത്തരവ് പ്രകാരം 10 വർഷം സർവീസുള്ള കമ്മീഷൻ ജീവനക്കാർക്ക് നൽകിവരുന്ന 4,000/- രൂപ സ്ഥിരവേതനവും, പി.എഫ്. വിഹിതം കണക്കാക്കുന്നതിനുള്ള 5,000/- രൂപ ശമ്പള പരിധിയും കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) കമ്മീഷൻ ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നതിന് പെൻഷൻ ബോർഡിൽ 4 ലക്ഷം രൂപ അടവുണ്ടായിരിക്കണം എന്ന നിബന്ധന മൂലം ഭൂരിഭാഗം പേർക്കും പെൻഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പെൻഷൻ ഫണ്ടിലെ ഈ തുകയുടെ പരിധി ഒഴിവാക്കാനോ ബാക്കി തുക സ്ഥാപനങ്ങൾ അടയ്ക്കാൻ നിർദ്ദേശം നൽകാനോ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) കമ്മീഷൻ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, ലീവ് ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും പ്യൂൺ/വാച്ച്മാൻ പ്രൊമോഷൻ റേഷ്യോ 4:1 എന്നതിൽ നിന്ന് 2:1 ആയി ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) സാമൂഹ്യസുരക്ഷാ പെൻഷൻ വീടുകളിലെത്തിച്ച് നൽകുന്ന ജീവനക്കാരുടെ ഇൻസെന്റീവ് 25 രൂപയിൽ നിന്ന് 40 രൂപയായി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## സഹകരണ വകുപ്പിലെ സ്ഥലംമാറ്റം

2508 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21/08/2026-ലെ OA/1610/2026 വിധിക്ക് ശേഷം സഹകരണ വകുപ്പിൽ സ്ഥലംമാറ്റം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓൺലൈൻ വഴിയാണോ ഓഫ്‌ലൈൻ വഴിയാണോ സ്ഥലംമാറ്റം നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21/08/2026-ലെ OA/1610/2026 വിധിക്ക് ശേഷം കോടതിവിധി ലംഘിച്ച് സ്ഥലംമാറ്റം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള സംസ്ഥാന സഹകരണ സർവീസ് പരീക്ഷ ബോർഡ്

2509 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ സർവീസ് പരീക്ഷ ബോർഡ് രൂപീകരിച്ചതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ബോർഡ് നിലവിൽ വന്നശേഷം സഹകരണ സംഘങ്ങളിലെയും ബാങ്കുകളിലെയും നിയമനപ്രക്രിയ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ബോർഡ് രൂപീകരിച്ച ശേഷം നാളിതുവരെ ബോർഡ് മുഖേന വിവിധ സഹകരണ സംഘങ്ങളിലേക്കും ബാങ്കുകളിലേക്കും നിയമനത്തിനായി എത്ര ഉദ്യോഗാർത്ഥികളെ ശിപാർശ ചെയ്തിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് യഥാർത്ഥത്തിൽ നിയമനം ലഭിച്ചിട്ടുണ്ടെന്നും ജില്ല, തസ്തിക, വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ബോർഡ് രൂപീകരിച്ച ശേഷം നാളിതുവരെ ഏതെല്ലാം തസ്തികകളിലേക്കാണ് പരീക്ഷകൾ നടത്തിയിട്ടുള്ളതെന്നും ഓരോ തസ്തികയിലേക്കും നടത്തിയ പരീക്ഷകളുടെ എണ്ണം, വിജ്ഞാപനം ചെയ്ത ഒഴിവുകൾ, പരീക്ഷയിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾ, പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകൾ, നിയമനത്തിനായി ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികൾ എന്നിവയുടെ വിശദാംശവും ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ബോർഡ് നിലവിൽ വന്നശേഷം നിയമനപ്രക്രിയയിലെ കാലതാമസം കുറയ്ക്കുന്നതിനും സുതാര്യതയും മെറിറ്റും ഉറപ്പാക്കുന്നതിനും ഉദ്യോഗാർത്ഥികൾക്ക് തുല്യാവസരം ലഭ്യമാക്കുന്നതിനും കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്നും ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള പരിശോധനകളുടെയോ പഠനങ്ങളുടെയോ വിശദാംശവും ലഭ്യമാക്കുമോ;

(ഇ) പരീക്ഷാ ബോർഡ് മുഖേന നടത്തുന്ന നിയമനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനും പരീക്ഷാ നടത്തിപ്പ്, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം, നിയമന ശിപാർശ എന്നിവയിലെ കാലതാമസം ഒഴിവാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഭാവിയിൽ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>**സഹകരണ ജീവനക്കാർക്കും കളക്ഷൻ ഏജന്റുമാർക്കുമുള്ള ഇൻസെന്റീവ് കുടിശ്ശിക**</u>

2510 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷൻ വിതരണം ചെയ്യുന്ന സഹകരണ ജീവനക്കാർക്കും കളക്ഷൻ ഏജന്റുമാർക്കും കഴിഞ്ഞ ഒൻപത് മാസമായി ഇൻസെന്റീവ് ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) 2025 ഡിസംബർ മുതൽ ഇതുവരെയുള്ള കാലയളവിലെ ഇൻസെന്റീവ് കുടിശ്ശിക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ വിതരണം ചെയ്തുതീർക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പല വാർഡുകളിലായി സ്വന്തം ചെലവിൽ വാഹനങ്ങളിലും ഓട്ടോറിക്ഷകളിലും യാത്ര ചെയ്ത് പെൻഷൻ എത്തിക്കുന്ന ജീവനക്കാർക്ക് തുച്ഛമായ കമ്മീഷൻ തുക മാത്രമാണ് ലഭിക്കുന്നതെന്നും ഇൻസെന്റീവ് വൈകുന്നത് അവരുടെ കുടുംബ ബജറ്റിനെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഇൻസെന്റീവ് കുടിശ്ശിക അടിയന്തരമായി അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>കെയർ ഹോം പുനരധിവാസ പദ്ധതി</u>

2511 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. എം. വിജിൻ**
**ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി മുൻ സർക്കാർ ആവിഷ്കരിച്ച കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണം അന്തിമഘട്ടത്തിലായിരുന്ന കണ്ണൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അത് സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ദുർബല വിഭാഗങ്ങൾക്ക് സഹായകരമാകുന്ന കേരള സഹകരണ റിസ്ക് ഫണ്ട്, അംഗ സമാശ്വാസ നിധി എന്നിവയിലേക്കുള്ള ഫണ്ട് വിതരണം നിലവിൽ സുഗമമായി നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ക്ഷേമപദ്ധതികളുടെ നടത്തിപ്പിൽ അടുത്തിടെ ഏതെങ്കിലും തരത്തിലുള്ള തടസ്സമോ കാലതാമസമോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ

ഒഴിവാക്കാൻ സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>സഹകരണ സംഘങ്ങളിൽ പൊതു സോഫ്റ്റ്‌വെയർ</u>**

2512 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ പൊതു സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 34എ ചട്ടം 29(3) പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇത് നടപ്പാക്കാൻ വരുന്ന കാലതാമസം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

**<u>സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി കൺസോർഷ്യം</u>**

2513 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ നിന്ന് സഹകരണമേഖലയെ ഒഴിവാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ:

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി രൂപീകരിച്ച കൺസോർഷ്യത്തിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ കൺസോർഷ്യം രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

**<u>സഹകരണ മേഖലയിലെ ബോർഡുകൾ</u>**

2514 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സഹകരണ പരീക്ഷാ ബോർഡ്, സഹകരണ പെൻഷൻ ബോർഡ്, സഹകരണ വെൽഫെയർ ബോർഡ്, സഹകരണ ഡെപ്പോസിറ്റ് ഗ്യാരണ്ടി ബോർഡ്, റിസ്ക് ഫണ്ട് ബോർഡ് എന്നിവ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബോർഡ് അംഗങ്ങളെ നിയമിക്കാത്തത് കാരണം വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം വിതരണം ചെയ്യുന്നതിൽ

കാലതാമസം നേരിട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) റിസ്ക് ഫണ്ട് ബോർഡ് നിലവിലില്ലാത്തതിനാൽ അകാലമരണം സംഭവിച്ച സഹകാരികളുടെ വായ്പകൾ എഴുതി തള്ളുന്നത് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പോലും നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ?

**പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത ടി.സി.എസ് സോഫ്റ്റ്‌വെയർ**

2515 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനായി മുൻ സർക്കാർ ടി.സി.എസ്. കമ്പനിയുമായി ഉണ്ടാക്കിയ കരാറിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി 18 മാസം കൊണ്ട് പൂർത്തിയാക്കാനായിരുന്നു മുൻ സർക്കാർ ലക്ഷ്യമിട്ടിരുന്നതെങ്കിലും കഴിഞ്ഞ അഞ്ച് മാസമായി ഇതിന്റെ തുടർനടപടികൾ പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ ഏതെല്ലാം ഘട്ടങ്ങൾ പൂർത്തീകരിച്ചുവെന്നും ബാക്കി പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ഡി) സഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്ന ഈ സുപ്രധാന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 19, തിങ്കൾ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].